പഞ്ചായത്ത് രാജ്

പുസ്തകം 50 ◆ ലക്കം 12

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2011

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽവന്നു

ജനന / മരണ രജിസ്ട്രേഷൻ:

നിയമവും നിർദ്ദേശങ്ങളും

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 പഞ്ചായത്ത് ദിനാഘോഷം - 2011
ജി. ഹരികൃഷ്ണൻ

പഞ്ചായത്ത് രാജ് സംവിധാനത്തെ ശക്തിപ്പെടുത്തണം
- പാലോളി മുഹമ്മദ്കുട്ടി

ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം
- ഡോ. റ്റി.എം. തോമസ് ഐസക്

പ്രതിബദ്ധതാ സംവിധാനങ്ങളും അവയുടെ പ്രസക്തിയും
- ജസ്റ്റിസ് എം.ആർ ഹരിഹരൻ നായർ

നടപടിക്രമങ്ങൾ ലളിതവത്കരിക്കണം
- റ്റി. ആർ. രഘുനന്ദനൻ

സ്വരാജിനൊപ്പം സുരാജും കൈവരിക്കണം
- എസ്.എം. വിജയാനന്ദ്

ദാരിദ്ര്യ നിർമ്മാർജ്ജനം പഞ്ചായത്തുകളുടെ അടിസ്ഥാന അജണ്ടയാകണം
- കെ.പി. കണ്ണൻ

18 കേരളത്തിലെ ജനന/മരണ രജിസ്ട്രേഷൻ - നിയമവും നിർദ്ദേശങ്ങളും
കെ. പ്രശാന്ത് കുമാർ

22 നീർത്തട വികസനത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ ഹിവരി ബസാർ ഗ്രാമം
പ്രദീപ് പി.എൻ.

26 നിർമ്മൽ ഗ്രാമപുരസ്ക്കാരം: പഞ്ചായത്തുകളെ ആദരിച്ചു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

28 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

30 പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ്
ഉദയഭാനു കണ്ടേത്ത്

32 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

35 2009-10 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

38 അജം 2011
കെ. വിനോദ്കുമാർ

40 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

42 വാർത്തകൾ വിശേഷങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സമഗ്രചിത്രം

പഞ്ചായത്ത് രാജ് മാസികയുടെ ഫെബ്രുവരി ലക്കം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനത്തിന്റെ ഒരു സമഗ്രചിത്രം നൽകുന്നുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ പ്രൊഫ. എം.എ. ഉമ്മനുമായി നടത്തിയ അഭിമുഖം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നതാണ്. എന്നാലും റിപ്പോർട്ടിനെ കുറിച്ചൊരു പഠനം പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ഥിരം പംക്തികൾ ഒഴിവാക്കുന്ന ലക്കങ്ങളിൽ അത് സംബന്ധിച്ച് ഒരറിയിപ്പ് നൽകിയാൽ നന്നായിരിക്കും.

ഗിരീശൻ
ആറന്നൂർ, തിരുവനന്തപുരം

ഭാരതസെൻസസ് 2011

രാജ്യത്ത് സെൻസസ് നടക്കുന്ന വേളയിൽ അതുസംബന്ധിച്ച് പഞ്ചായത്ത് രാജ് മാസികയുടെ ഫെബ്രുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച ഡോ. വി.എം. ഗോപാലമേനോന്റെ ഭാരതസെൻസസ് 2011 എന്ന ലേഖനം അറിവു പകരുന്നതാണ്. സെൻസസ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ആ പ്രക്രിയയെക്കുറിച്ചുള്ള ഒരു ലേഖനംകൂടി പ്രതീക്ഷിക്കുന്നു.

അജയൻ
മുഖത്തല, കൊല്ലം

തദ്ദേശ സ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ്

02.04.2011 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ. (കൈ) നം. 61/2011/ തസ്വഭവ, തീയതി 26.02.2011)

സ്വരാജ് ഭവൻ ഉദ്ഘാടനം ചെയ്തു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാനതല ആഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനു വേണ്ടി നിർമ്മിച്ചുവരുന്ന "സ്വരാജ്ഭവൻ" കെട്ടിടസമുച്ചയത്തിന്റെ പൂർത്തിയായ നോർത്ത് ബ്ലോക്കിന്റെ ഉദ്ഘാടനം ഫെബ്രുവരി 21ന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിച്ചു. സ്വരാജ്ഭവൻ നിർമ്മിച്ചിരിക്കുന്നത് തിരുവനന്തപുരത്ത് നന്തൻകോടുള്ള പഴയ എൽ.പി. സ്കൂൾ കോമ്പൗണ്ടിലാണ്. ഈ കെട്ടിടത്തിന്റെ രണ്ടാമത്തെ ബ്ലോക്കിന്റെ പണി ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മിഷണറേറ്റ്, ചീഫ് ടൗൺ പ്ലാനർ ഓഫീസ്, ഇൻഫർമേഷൻ കേരള മിഷൻ, ശുചിത്വമിഷൻ, കുടുംബശ്രീ, കില എന്നീ ഓഫീസുകൾക്ക് പ്രവർത്തിക്കാനുള്ള സൗകര്യമാണ് കെട്ടിടത്തിലുള്ളത്. മന്ത്രിമാരായ ഡോ. റ്റി.എം. തോമസ് ഐസക്, എം. വിജയകുമാർ, തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക, തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി രാജേഷ്കുമാർ സിംഗ്, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, ഗ്രാമ വികസന കമ്മീഷണർ എ. ഷാജഹാൻ, ചീഫ് ടൗൺ പ്ലാനർ ഈപ്പൻ വറുഗീസ്, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ പ്രൊഫ. എം.കെ. പ്രസാദ്, ശുചിത്വമിഷൻ ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ, കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കെ. സുന്ദരൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

സ്വരാജ് ഭവന്റെ നോർത്ത് ബ്ലോക്കിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു. മന്ത്രിമാരായ ഡോ. റ്റി.എം. തോമസ് ഐസക്, എം. വിജയകുമാർ, തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക തുടങ്ങിയവർ സമീപം.

പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2011
പുസ്തകം 50
ലക്കം 12
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

ഉപദേശക സമിതി

ചെയർമാൻ
പാലോളി മുഹമ്മദ്കുട്ടി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
എസ്.എം. വിജയാനന്ദ്, ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

എം. നന്ദകുമാർ ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി. ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സി. എസ്. ബിജു
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
കെ. ആർ. മുരളീധരൻ ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്ററുടെ പേജ്

സ്വരാജ് ട്രോഫി: മത്സരരംഗം സജീവമാകണം

ഇന്ത്യക്ക് തന്നെ മാതൃകയായ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പലതും ആരോഗ്യകരമായ മത്സരസ്വഭാവത്തോടെയാണ് ഭരണവികസന ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളെ ആദരിക്കുന്നത് അവയ്ക്ക് കൂടുതൽ കരുത്തു പകരുമെന്നും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ കൂടുതൽ സ്ഥാപനങ്ങൾക്ക് പ്രചോദനമേകുമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ വർഷവും മികച്ച സ്ഥാപനങ്ങൾക്ക് അവാർഡുകൾ നൽകുവാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ മുൻകാലങ്ങളിലുണ്ടായിരുന്ന ആവേശവും മത്സരസ്വഭാവവും കഴിഞ്ഞ കുറച്ചു വർഷങ്ങളായി പ്രകടമാകുന്നില്ല എന്ന ദുഃഖസത്യം വെളിപ്പെടുത്താതിരിക്കാൻ കഴിയുന്നില്ല. ജില്ലാപഞ്ചായത്തിനും മുനിസിപ്പൽ കോർപ്പറേഷനും അവാർഡിന് അർഹത നേടിയ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ ആരെയും പരിഗണിച്ചിരുന്നില്ല.

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭയ്ക്കും പ്രത്യേക പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഒരു അവാർഡുമായി ബന്ധപ്പെടുത്തി സംസ്ഥാന സർക്കാർ നൽകുന്ന ഏറ്റവും വലിയ തുകയാണിത്. എന്നിട്ടുപോലും അവാർഡിന് അപേക്ഷിക്കുന്നവരുടെ എണ്ണം കാലാകാലങ്ങളിലായി കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കർക്കശമായ മാനദണ്ഡങ്ങളാണ് ഇതിനുള്ള കാരണമായി പലരും ചൂണ്ടിക്കാണിക്കുന്നത്. മികച്ച ഗ്രാമപഞ്ചായത്തിന്റെ തിരഞ്ഞെടുപ്പിന് ഗ്രാമസഭകൾ (4 എണ്ണം കൂടിയിരിക്കണം), വികസനഫണ്ട് (75% ചെലവുണ്ടായിരിക്കണം), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് 75% ചെലവഴിച്ചിരിക്കണം), വാർഷിക ധനകാര്യ പത്രിക, നിർമ്മൽ ഗ്രാമപുരസ്കാരം (ലഭിച്ചിരിക്കണം/അപേക്ഷിച്ചിരിക്കണം), നികുതി പിരിവ് (90% പൂർത്തിയാക്കിയിരിക്കണം), ആശ്രയ പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയാണ് അർഹതാ മാനദണ്ഡങ്ങൾ. ഇവ പരിശോധിച്ച് വിവിധ ഘടകങ്ങൾക്ക് മാർക്ക് നൽകിയാണ് മികച്ച സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നത്. മേല്പറഞ്ഞ മാനദണ്ഡങ്ങൾ പരിശോധിച്ചാൽ തദ്ദേശസ്ഥാപനങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണ മേഖലയ്ക്കുപരിയായി പ്രത്യേക യത്നം വേണ്ട കാര്യങ്ങൾ അവയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണാം.

ലഭിക്കുന്ന അപേക്ഷകളേക്കാൾ എണ്ണം മികച്ച മാതൃകാ പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശ സ്ഥാപനങ്ങൾ കേരളത്തിലുണ്ടെന്നുള്ള കാര്യം അവിതർക്കിതമാണ്. എന്നാൽ ചില മേഖലകൾക്ക് കാര്യമായ ഊന്നൽ നൽകാത്തതുകൊണ്ട് മത്സരിക്കാൻ അവയ്ക്ക് കഴിയാതെ വരുന്നു. ഇവയിൽ പ്രധാനപ്പെട്ടതാണ് ഗ്രാമസഭയുടെ യോഗം ചേരൽ. മൂന്നു മാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ നാലുതവണ ഗ്രാമസഭ യോഗം ചേരണമെന്നാണ് നിയമവ്യവസ്ഥ. എന്നാൽ പലയിടത്തും അത് പാലിക്കപ്പെടുന്നില്ല. അതുകൊണ്ട് പലർക്കും അവാർഡിന് അപേക്ഷിക്കാനും കഴിയുന്നില്ല. പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ അവസരം നൽകുന്ന പ്രത്യക്ഷ ജനാധിപത്യത്തിന്റെ വേദിയാണ് ഗ്രാമസഭ. അതു ഫലപ്രദമായി പ്രവർത്തിച്ചാൽ മാത്രമാണ് ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കുന്നതിന് സാധിക്കൂ.

ഈ നടപ്പുവർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണ നിർവ്വഹണം നടത്തുന്നത് പുതുതായി അധികാരമേറിയ ജനപ്രതിനിധികളാണ്. ഇവരിൽ പലരും നവാഗതരുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ കുറഞ്ഞുവരുന്ന മത്സരസ്വഭാവം വളർത്തിയെടുക്കാൻ പുതിയ തലമുറ ഭരണസമിതികൾ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ മത്സരരംഗം സജീവമാവുകയുള്ളൂ.

ജി. ഹരികൃഷ്ണൻ

വികേന്ദ്രീകരണത്തിന് പഞ്ചായത്ത് ദിനാ

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) കേരളം സമുചിതമായി ആഘോഷിച്ചു. സാമൂഹ്യപരിഷ്ക്കർത്താവ്, സ്വാതന്ത്ര്യസമരസേനാനി, പാർലമെന്റേറിയൻ, മുഖ്യമന്ത്രി, അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്ത് അദ്ധ്യക്ഷൻ എന്നീ വിവിധങ്ങളായ കർമ്മമേഖലകളിൽ വ്യക്തമുദ്ര പതിപ്പിച്ച ആ അതുല്യ പ്രതിഭയുടെ 112-ാം ജന്മവാർഷികം ഇപ്രാവശ്യം ആലപ്പുഴ ജില്ലയിലാണ് ഫെബ്രുവരി 18, 19 തീയതികളിലായി കേരളം അനുസ്മരിച്ചത്.

ഫെബ്രുവരി 18ന് രാവിലെ 'ഗ്രാമപഞ്ചായത്ത് - പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ സെമിനാറോടു കൂടിയാണ് ആഘോഷപരിപാടികൾ തുടങ്ങിയത്. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് മോഡറേറ്ററായിരുന്ന സെമിനാറിൽ വിഷയാവതാരകരായി വന്നത് തദ്ദേശഭരണ രംഗത്ത് പ്രവർത്തിക്കുന്ന ഏവർക്കും സുപരിചിതനായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായരും കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിൽ മുൻ ജോയിന്റ് സെക്രട്ടറിയായിരുന്ന റ്റി.ആർ. രഘുനന്ദനനുമായിരുന്നു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രതിഭാഹരിയായിരുന്നു സെമിനാറിന് സ്വാഗതമാശംസിച്ചത് .

അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ദുർഭരണത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും സാക്ഷ്യങ്ങൾ ഓംബുഡ്സ്മാനായുള്ള തന്റെ പരിമിതമായ കാലയളവിലെ അനുഭവങ്ങളിൽ നിന്നും അടർത്തിയെടുത്ത് ജസ്റ്റിസ് ഹരിഹരൻ നായർ സദസ്സിനു മുമ്പാകെ അവതരിപ്പിച്ചപ്പോൾ പഞ്ചായത്തുകളിലെ പുതിയ തലമുറ ജനപ്രതിനിധികൾ അത് ശ്രദ്ധയോടെ കേട്ടിരുന്നു. ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, സംസ്ഥാന ഇലക്ഷൻ കമ്മിഷൻ തുടങ്ങിയ പ്രതിബദ്ധതാ സംവിധാനങ്ങളുടെ പ്രവർത്തന രീതിയും അദ്ദേഹം വിശദീകരിച്ചു. അധികാരവികേന്ദ്രീകരണ രംഗത്ത് കേരളം ക്രിക്കറ്റിലെ സച്ചിൻ ടെൻഡുൾക്കറാണെങ്കിലും ഇനിയും ഈ രംഗത്ത് കേരളം മുന്നോട്ടുപോകുന്നതിന് സാദ്ധ്യതയില്ലെന്ന് തുടർന്ന് വിഷയാവതരണം നടത്തവേ രഘുനന്ദനൻ തുറന്നടിച്ചത് അല്പം അമ്പരപ്പോടെയാണ് സദസ്യർ സ്വീകരിച്ചത്. പഞ്ചായത്തുകളിലെ ജീവനക്കാരെ പഞ്ചായത്തുകൾക്ക് തന്നെ സ്വതന്ത്രമായി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തക്ക അയവുള്ള ഭരണവ്യവസ്ഥ ഉണ്ടായെങ്കിൽ മാത്രമേ അക്കൗണ്ടബിലിറ്റി ഒരു പരിധിക്കപ്പുറം കേരളത്തിൽ ഉയരുകയുള്ളുവെന്നും അദ്ദേഹം വ്യക്തമാക്കി. വിഷയാവതാരകരുടെ അവതരണങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസാരിക്കവെ സ്വരാജിനോടൊപ്പം സുരാജും കൂടി കൈവരിക്കുന്നതിനാണ് കേരളം ലക്ഷ്യമിടുന്നതെന്ന് മോഡറേറ്ററായിരുന്ന വിജയാനന്ദ് വ്യക്തമാക്കി. വിവിധ തലങ്ങളിലെ അക്കൗണ്ടബിലിറ്റിയും അവ ഓരോന്നിലും കേരളത്തിന്റെ അവസ്ഥയും അദ്ദേഹം വിശദീകരിച്ചു. കൂടുതൽ അവകാശങ്ങൾക്കുവേണ്ടിയുള്ള തൃഷ്ണ ജനപ്രതിനിധികളുടെ ഉള്ളിൽ നിന്നും ഉണ്ടാകണമെന്നും പഞ്ചായത്ത് സംഘടനകളാണ് അതിനുവേണ്ടി ശബ്ദമുയർത്തേണ്ടതെന്നും അദ്ദേഹം സദസ്സിനെ ഓർമ്മപ്പെടുത്തി.

അന്നേദിവസം ഉച്ചഭക്ഷണത്തിനു ശേഷം സെമിനാറിലെ അവതരണങ്ങളുടെമേലുള്ള പ്രതികരണങ്ങളായിരുന്നു. തങ്ങളുടെ കർമ്മപഥത്തിൽ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ ജനപ്രതിനിധികളിൽ ചിലർ തുറന്നവതരിപ്പിച്ചത് കേട്ടിരുന്നവർക്കും പ്രചോദനമേകി. ജീവനക്കാരുടെ കുറവ്, നിസ്സഹകരണം, പണത്തിന്റെ ദൗർലഭ്യം, പദ്ധതി നടത്തിപ്പിലെ ചുവപ്പു നാടകൾ, സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ തുടങ്ങി നിരവധി വിഷയങ്ങൾ പ്രതികരണങ്ങളിൽ ഉയർന്നുകേട്ടു. ഇവയിൽ പലതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമെന്ന പ്രത്യാശയും അവർ പുലർത്തി.

ഫെബ്രുവരി 19 ലെ പരിപാടികൾ രാവിലെ 9.30ന് പതാക ഉയർത്തലോടെയാണ് സമാരംഭിച്ചത്. ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് പി.ടി. മാത്യുവാണ് ആ കർമ്മം നിർവ്വഹിച്ചത്. തുടർന്നു നടന്ന പ്രതിനിധി സമ്മേളനത്തിൽ സ്വാഗതമാശംസിച്ച ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി കേരളത്തിലെ പഞ്ചായത്തുകൾ അഭിമുഖീക

ശക്തിപകർന്ന് ഘോഷം 2011

സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം: കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു പതാക ഉയർത്തുന്നു.

രിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കാനും ഈ അവസരം വിനിയോഗിച്ചു. പ്രതിനിധി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചത് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ്. ധനകാര്യവകുപ്പു മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ഭദ്രദീപം കൊളുത്തി പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. തന്റെ ജീവിതത്തിലെ ഏറ്റവും ആഹ്ലാദകരമായ കാലഘട്ടമായിരുന്നു ജനകീയാസൂത്രണകാലമെന്ന മുഖവുരയോടെ പ്രസംഗം ആരംഭിച്ച ധനമന്ത്രി, നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 40 ശതമാനത്തോളം വർദ്ധനവായിരിക്കും തദ്ദേശസ്ഥാപനങ്ങളുടെ വരുമാനത്തിൽ വരുകയെന്ന് പറഞ്ഞു. 2750 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2011-12ൽ വികസന ഫണ്ടായി വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ ധന അധികാരങ്ങളിൽ മാറ്റം വരാതെ ഇതിലുമധികം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയില്ല എന്ന് അദ്ദേഹം പറഞ്ഞു. ജനകീയാസൂത്രണ കാലത്ത് ഉണ്ടായിരുന്ന ജനപങ്കാളിത്തം കാലംചെന്നപ്പോൾ ശുഷ്കമായി. ഗ്രാമസഭകൾ സജീവമല്ലാതായി. ഇതു പരിഹരിക്കണമെന്നും സത്യസന്ധതയോടെയും പ്രതിബദ്ധതയോടെയും ജനസേവനം നടത്താൻ ആഗ്രഹിക്കുന്ന ആർക്കും അതിനുള്ള ഇടം അധികാര വികേന്ദ്രീകരണം പ്രദാനം ചെയ്യുന്നുവെന്നും ജനപ്രതിനിധികളെ ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം ഉപസംഹരിച്ചു.

ആലപ്പുഴയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് നിർവ്വഹിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, എ.എ. ഷുക്കൂർ എം.എൽ.എ., ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രതിഭാ ഹരി തുടങ്ങിയവർ സമീപം.

ജനപങ്കാളിത്തത്തിന് വലിയ പ്രാധാന്യം നൽകിയാൽ മാത്രമേ പഞ്ചായത്തിന്റെ വികസനം ഉദ്ദേശിച്ചതുപോലെ മുന്നോട്ടുപോകൂ എന്ന അഭിപ്രായത്തോടെയാണ് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്. ഓരോ പ്രദേശത്തും നടക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിച്ചുകൊണ്ട് സുതാര്യതയോടെ അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുപോരുന്ന അവസ്ഥ നാട്ടിൽ ഉണ്ടാകണം. എങ്കിൽ മാത്രമേ പഞ്ചായത്തുകൾ സജീവമാകൂ. അഴിമതിക്കെ

പഞ്ചായത്ത് ദിനാഘോഷം 2011 റിപ്പോർട്ട്

തിരെ ഒരു വിട്ടുവീഴ്ചയും കൂടാതെ മുന്നോട്ടുപോകാൻ കഴിയണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തനത്ഫണ്ട് അപര്യാപ്തമായ തദ്ദേശഭരണ സ്ഥാപനങ്ങളിൽ അത് പരിഹരിക്കുന്നതിന് ശാസ്ത്രീയ നടപടികൾ സർക്കാർ കൈക്കൊള്ളണമെന്ന് ചടങ്ങിൽ ആശംസകളർപ്പിക്കവെ എ.എ. ഷുക്കൂർ എം.എൽ.എ പറഞ്ഞു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രതിഭാഹരി, ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ മേഴ്സി ടീച്ചർ, മുനിസിപ്പൽ ചെയർമാൻസ് ചേംബർ ചെയർമാൻ ജമാൽ മണക്കാടൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ കൃതജ്ഞത രേഖപ്പെടുത്തി.

ചടങ്ങിൽ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി മന്ത്രി പാലോളി മുഹമ്മദ്കുട്ടി വിതരണം ചെയ്തു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയ അടിമാലി, തവിഞ്ഞാൽ, അഗളി, കോട്ടുകാൽ, ബദിയഡുക്ക, ചങ്ങരോത്ത്, കരുവാറ്റ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും അവാർഡുകൾ സമ്മാനിച്ചു.

പ്രതിനിധി സമ്മേളനത്തെ തുടർന്ന് ഗ്രാമപഞ്ചായത്തുകളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ മോഡറേറ്ററായിരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ആലപ്പുഴ ജില്ലാ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ കെ. ഷൗക്കത്തലി, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പ്രോഗ്രാം ഓഫീസർ എൽ.പി. ചിത്തർ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തമ്പി മേട്ടുത്തറ, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ സെക്രട്ടറി എ.പി.എം. ഇസഹാക്ക് കുരിക്കൾ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.സി. മുഹമ്മദ് ഹാജി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു, ജനറൽ സെക്രട്ടറി സുപ്പി നരിക്കാട്ടേരി, മുൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ തുടങ്ങിയവരും സെമിനാറിൽ പങ്കെടുത്തു.

വർണ്ണശബളമായ ഘോഷയാത്രയും പ്രദർശനമേളയും ആഘോഷപരിപാടികൾക്കൊപ്പം സംഘടിപ്പിച്ചിരുന്നു. എ.എ. ഷുക്കൂർ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ വൈകുന്നേരം നടന്ന സമാപന സമ്മേളനത്തോടെ യശഃശരീരനായ ബൽവന്ത് റായ് മേത്തയുടെ 112-ാം ജന്മവാർഷിക പരിപാടികൾക്ക് തിരശ്ശീല വീണു. ■

പഞ്ചായത്ത് രാജ്

തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ അധികാരത്തോടുകൂടി നാടിന്റെ വികസനപ്രക്രിയയിൽ ഇടപെടാൻ തുടങ്ങിയിട്ട് 15 വർഷത്തോളമായി. നമ്മൾ ഉദ്ദേശിച്ചതുപോലെ നൂറുശതമാനം വിജയം കൈവരിച്ചില്ലെങ്കിലും നല്ല ഒരളവിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്നതാണ് വസ്തുത. അതുകൊണ്ടുതന്നെയാണ് ദേശീയ തലത്തിൽ പഞ്ചായത്തുകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴൊക്കെ അതിൽ ഉയർന്നുവരാൻ കേരളത്തിന് സാധിക്കുന്നത്. മെച്ചപ്പെട്ട പഞ്ചായത്തീരാജ് സംവിധാനത്തിന് പല അംഗീകാരങ്ങളും ലഭിച്ചു എന്നുള്ളതുകൊണ്ട് കാര്യങ്ങളെല്ലാം കുറ്റമറ്റ രീതിയിൽ നടക്കുന്നുവെന്ന് പറയാനാകില്ല. സർക്കാരിന്റെ മറ്റു വകുപ്പുകളെ പോലെ ഉദ്യോഗസ്ഥരെ മാത്രം ആശ്രയിച്ചു പോകുന്ന ഒരു വകുപ്പല്ല പഞ്ചായത്ത്. വലിയതോതിൽ ജനങ്ങളുടെ പങ്കാളിത്തം വികസനകാര്യങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഉറപ്പാക്കാനായാൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ വികസനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ. എങ്കിൽ മാത്രമേ പഞ്ചായത്തിന് ലഭിക്കുന്ന പണം 100 ശതമാനം ചെലവഴിക്കാനും അർഹതപ്പെട്ട നികുതി 100 ശതമാനം പിരിച്ചെടുക്കാനും കഴിയൂ. ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് ഗ്രാമസഭകളിലും മറ്റും വലിയ തോതിലുള്ള ജനപങ്കാളിത്തമാണ് ദൃശ്യമായത്. പിന്നീട് ആനുകൂല്യങ്ങൾ കിട്ടാനുള്ള സഭയായി അത് മാറി. പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കുന്ന ഈ പോരായ്മ തിരുത്താനാകണം. ഓരോ പ്രദേശത്തും നടത്തുന്ന വികസന കാര്യങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കി, സുതാര്യമായി, അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് നടപ്പാക്കുന്ന അവസ്ഥ ഉണ്ടായാൽ പഞ്ചായത്തുകൾ സജീവമാകും.

പഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സെൻ കമ്മിറ്റി ജീവനക്കാരുടെ പുനർവിന്യാസമാണ് ശുപാർശ ചെയ്തത്. വളരെ ശരിയായ നിലപാടായിരുന്നു അത്. അതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തിയത്.

ജനങ്ങളുടെ

ജീവിതത്തിൽ ഏറ്റവും തിരക്കേറിയതും ആഹ്ലാദകരവുമായിരുന്നു ജനകീയാസൂത്രണ കാലഘട്ടം. നിലവിലുണ്ടായിരുന്ന ഭരണസംവിധാനത്തിൽ നിന്നും അടിസ്ഥാനപരമായി തന്നെ വേറിട്ട, പുതിയ ഒന്നിനെ സൃഷ്ടിക്കുന്ന പരീക്ഷണമായിരുന്നു ജനകീയാസൂത്രണം. സംസ്ഥാന തലത്തിൽ ജനപ്രതിനിധികൾ വഴി മാത്രമേ ഭരണം നടത്തുന്നതിന് കഴിയൂ. എന്നാൽ പ്രാതിനിധ്യ ജനാധിപത്യത്തിന് അപ്പുറമുള്ള ഒരു ഭരണ സംവിധാനം നടപ്പാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകമായി രൂപം നല്കുന്നതിനും എന്തൊക്കെ ചെയ്യാം എന്നു ചിന്തിച്ചു നടന്ന ആയിരക്കണക്കിന് ജനപ്രതിനിധികൾ, വിദഗ്ധർ തുടങ്ങിയവരുടെ കൂട്ടായ്മയായിരുന്നു ജനകീയാസൂത്രണം. പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടപ്പാകാത്തതിൽ ചിലപ്പോഴൊക്കെ സങ്കടം തോന്നാറുണ്ട്. എന്നാൽ ദൂരദർശൻ സംപ്രേഷണം ചെയ്ത ഗ്രീൻ കേരള എക്സ്പ്രസ് (റിയാലിറ്റി ഷോ) കണ്ടപ്പോൾ 200 പഞ്ചായത്തുകളെങ്കിലും സന്തോഷിക്കുന്നതിന് വക നല്കി. ഇത് പോരായ്മകൾ പരിഹരിച്ചു മുന്നോട്ട് പോകുവാൻ കഴിയുമെന്ന് ശുഭപ്രതീക്ഷ നല്കുന്നുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഫണ്ട് കൂടി ചേർത്തുകൊണ്ടായിരുന്നു ജനകീയാസൂത്രണ കാലത്ത് വികസന ഫണ്ട് 35 ശതമാനം നല്കിയത്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ 35 ശതമാനം വിക

സംവിധാനത്തെ ശക്തിപ്പെടുത്തണം

– പാലോളി മുഹമ്മദ്കുട്ടി

പൊതുമരാമത്ത്, ജലസേചനം എന്നീ രണ്ട് വകുപ്പുകളിൽ നിന്നായിരുന്നു എഞ്ചിനീയർമാരെ പുനർവിന്യസിക്കാൻ തീരുമാനിച്ചിരുന്നത്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഏറെക്കുറെ ലഭിച്ചു. കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതിനാൽ ഉള്ള ജീവനക്കാർ തികയുന്നില്ല, അതുകൊണ്ട് വിട്ടുനല്കാൻ കഴിയില്ല എന്ന നിലപാടാണ് ജലസേചന വകുപ്പ് സ്വീകരിച്ചത്. അടിയന്തരമായി അതിനു പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. നാലാം ധനകാര്യ കമ്മിഷൻ വളരെ നല്ല രീതിയിലുള്ള വരുമാനമാണ് പഞ്ചായത്തുകൾക്ക് ശുപാർശ ചെയ്തിട്ടുള്ളത്. അത് പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാവുമെന്ന കാര്യത്തിൽ സംശയമില്ല.

പഞ്ചായത്തുകൾക്കു വേണ്ടി പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ ഉണ്ടായ ഇടവേള ശൂന്യമാകാതിരിക്കാൻ വേണ്ടിയായിരുന്നു കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കിയത്. എന്നാൽ പ്ലാൻ വരച്ചു നൽകുന്നവരും പരിശോധിച്ച് അനുമതി നൽകുന്ന ജീവനക്കാരും കാര്യങ്ങൾ ഗൗരവമായി എടുത്തില്ല. അതിന്റെ ഫലമായി ജനങ്ങളിൽ നിന്നും പ്രതിഷേധവും പരാതിയുമുയർന്നു. ജനങ്ങളുടെ പരാതിയുടെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലാണ് പുതിയ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. 300 ച.മീറ്റർ വിസ്തീർണ്ണത്തിനു താഴെയുള്ള കെട്ടിടങ്ങൾക്ക് പ്ലാൻ വരച്ചു കൊടുക്കേണ്ടതില്ല. ഒരു സമ്മതപത്രം മാത്രം നൽകിയാൽ മതി.

ശുഷ്കിച്ചുവരുന്ന ജനപങ്കാളിത്തം ഗൗരവമായി കാണാനും, ഒറ്റപ്പെട്ടതാണെങ്കിലും പഞ്ചായത്തുകളിൽ നടക്കുന്ന അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടുപോകാനും കഴിയണം. ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ചു ചിത്രീകരിക്കുന്ന ഒരു രീതി നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അതു പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മോശമായ അഭിപ്രായം സൃഷ്ടിക്കുന്നവയാണ്. ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടാകണം. അതോടൊപ്പം നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് കൂടുതൽ ശക്തമായ പഞ്ചായത്ത് രാജ് സംവിധാനം, ഇന്ത്യക്കാകെ മാതൃകയാക്കാൻ സാധിക്കത്തക്ക രീതിയിൽ, കേരളത്തിൽ ഉയർത്തിക്കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.■

(ഫെബ്രുവരി 19ന് ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടന്ന സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നടത്തിയ പ്രസംഗത്തിൽ നിന്ന്.)

പങ്കാളിത്തം വർദ്ധിപ്പിക്കണം

– ഡോ. റ്റി.എം. തോമസ് ഐസക്

സനഫണ്ട് താഴേക്ക് നൽകുകയെന്നത് അപ്രായോഗികമാണ്. സംസ്ഥാന പദ്ധതിയുടെ സ്വഭാവം അതാണ്. 10000 കോടി രൂപയാണ് ഈ വർഷത്തെ സംസ്ഥാന പദ്ധതി. അതിൽ 3500 കോടി രൂപ JNNURM, KSUDP തുടങ്ങിയ പ്രോജക്ടുകൾക്കുള്ളതാണ്. 1500 കോടി വിദ്യുച്ഛക്തി ബോർഡിനും. ഈ പണം മറ്റൊന്നിനും വകമാറ്റാൻ കഴിയുകയില്ല. കേന്ദ്രാവിഷ്കൃത പരിപാടികൾക്കുള്ള സംസ്ഥാനവിഹിതം കൂടി കിഴിക്കുമ്പോൾ 6000 കോടി രൂപ വകമാറി. SCT, TSP എന്നിവ കൂടി കണക്കിലെടുത്താൽ പോലും സ്വതന്ത്രമായി ചിലവഴിക്കാൻ കഴിയുന്ന തുക 4000 കോടി മാത്രമാണ്. 35 ശതമാനം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകണമെങ്കിൽ 3500 കോടി രൂപ വേണ്ടതുണ്ട്. അതു നടക്കുമോ? സംസ്ഥാന സർക്കാരിന്റെ ധന അധികാരത്തിൽ ഗണ്യമായ മാറ്റം വരാതെ, നമ്മുടെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുകയില്ല.

2011–12 ൽ 2750 കോടി രൂപ വികസനഫണ്ടായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകും. അതിൽ 40 ശതമാനം റോഡിന് ഉപയോഗിക്കാം. 50 ശതമാനം തുക മൂലധനചെലവിന് വിനിയോഗിക്കാം. അത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഗ്രാന്റായിട്ടാണ് നൽകുന്നത്. 2049 കോടിയിൽ നിന്നാണ് 2750 കോടി രൂപയായി തുക വർദ്ധിച്ചിരിക്കുന്നത്. അതുപോലെ ജനറൽ പർപ്പസ് ഗ്രാന്റ് 439 കോടിയിൽ നിന്നും 617 കോടി രൂപയായും മെയിന്റനൻസ് ഗ്രാന്റ് 512 കോടിയിൽ നിന്നും 793 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി അടങ്കലിന്റെ 25 ശതമാനമാണ് ആദ്യവർഷം നാലാം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. അടുത്ത ഓരോ വർഷവും ഒരു ശതമാനം വീതം വർദ്ധിപ്പിച്ച് 30 ശതമാനത്തിൽ എത്തിക്കണമെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

ലോകത്ത് സർക്കാരുകളുടെ മൊത്തം ചിലവിന്റെ ഏകദേശം 20 ശതമാനവും നിർവ്വഹിക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ മുഖേനയാണ്. എന്നാൽ ഇന്ത്യയിൽ ഇതു വെറും 6–7 ശതമാനം മാത്രമാണ്. വികസ്വര രാജ്യങ്ങളിൽ ദേശീയ വരുമാനത്തിന്റെ 12 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന ചിലവഴിക്കുമ്പോൾ ഇന്ത്യയിൽ ഇതു വെറും 1.7 ശതമാനം മാത്രമാണ്. 13–ാം കേന്ദ്ര ധനകാര്യ കമ്മീഷനു മുമ്പാകെ ഞാൻ അദ്ധ്യക്ഷനായ വിവിധ സംസ്ഥാനങ്ങളിലെ മന്ത്രിമാർ അടങ്ങുന്ന ഒരു സമിതി ദേശീയ വരുമാനത്തിന്റെ 3.4

ആലപ്പുഴയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ ധനകാര്യ വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് ജനപ്രതിനിധികളെ അഭിസംബോധന ചെയ്യുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, എ.എ. ഷുക്കൂർ എം.എൽ.എ., പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രതിഭാ ഹരി, പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ സമീപം.

ശതമാനം തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രാന്റായി നൽകണം എന്നു ശുപാർശ ചെയ്തിരുന്നു. ഇതിൽ പകുതി വീതം കേന്ദ്രവും സംസ്ഥാനവും വഹിക്കണമെന്നും പറഞ്ഞിരുന്നു. 1.7 ശതമാനം വീതം. പക്ഷെ ഇപ്പോൾ നൽകിയത് വെറും 0.24% മാത്രം.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് പണത്തിന്റെ കാര്യത്തിൽ ഒരുപാട് വേവലാതിപ്പെടേണ്ട കാര്യം ഇന്നില്ല. ലഭിക്കുന്ന പണം എങ്ങനെ കൂടുതൽ ഫലപ്രദമായി ചെലവഴിക്കാമെന്നതിനെക്കുറിച്ചായിരിക്കണം വേവലാതി. തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ഉദ്യോഗസ്ഥന്മാർ വഴി മാത്രം നടപ്പിലാക്കാൻ കഴിയുമെന്ന് കരുതരുത്. സംസ്ഥാനസർക്കാരിന് ഉദ്യോഗസ്ഥന്മാർ വഴി മാത്രമേ പദ്ധതികൾ നടപ്പാക്കാൻ കഴിയൂ. അതൊരു പരിമിതിയാണ്. എന്നാൽ കീഴ്തട്ടിലുള്ള ഭരണസ്ഥാപനങ്ങൾക്ക് പരമാവധി ജനപങ്കാളിത്തം കൊണ്ടുവരാൻ സാധിക്കും. ഇന്ന് ശുഷ്കമായി കൊണ്ടിരിക്കുന്നതും ഈ ജനപങ്കാളിത്തമാണ്. അധികാരവികേന്ദ്രീകരണത്തിലെ ഇന്നത്തെ ഏറ്റവും ദുർബ്ബലമായ കണ്ണിയും ഇതാണ്. ഗ്രാമസഭകളിൽ ചർച്ചകൾ ഔപചാരികമായി മാറിയിരിക്കുന്നു. ഗുണഭോക്താക്കൾ മാത്രം വരും. ഗ്രാമസഭകളിലെ ചർച്ചകൾ എങ്ങനെ ഫലപ്രദമാക്കി മാറ്റാം എന്നതിനെകുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഗ്രാമസഭകളിൽ ചർച്ചചെയ്യുന്ന വിഷയങ്ങൾ മുൻകൂട്ടി അയൽകൂട്ടങ്ങളിലും സ്വയം സഹായസംഘങ്ങളിലും ചർച്ച ചെയ്ത് അവരുടെ പ്രതിനിധി ഗ്രാമസഭയിലെ ചർച്ചകളിൽ പങ്കെടുത്താൽ മാറ്റം ഉണ്ടാകും. അധികാരവികേന്ദ്രീകരണം ലോകം നന്നാക്കുമെന്ന് ഒരുറപ്പും നൽകുന്നില്ല. പക്ഷെ സത്യസന്ധമായി പൊതുപ്രവർത്തനം നടത്തണമെന്നും നാടിനെ മെച്ചപ്പെടുത്തണമെന്നും ആഗ്രഹിക്കുന്നവർക്കും അതിനോട് പ്രതിബദ്ധതയുള്ളവർക്കും പ്രവർത്തിക്കാൻ അധികാരവികേന്ദ്രീകരണം ഇടം നൽകുന്നുണ്ട്. ജനകീയാസൂത്രണം കേവലം ഭരണപരിഷ്കാരം മാത്രമല്ല. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ അണിനിരന്നുവെന്നതാണ് ജനകീയാസൂത്രണത്തിന്റെ മർമ്മം. അധികാരം താഴേക്ക് നൽകരുതെന്ന് പറഞ്ഞാൽ രാഷ്ട്രീയമായി അത് അംഗീകരിക്കാത്ത അവസ്ഥ കേരളത്തിൽ സൃഷ്ടിച്ചത് ജനകീയാസൂത്രണമാണ്. പക്ഷെ ഇന്ന് അത്തരത്തിലുള്ള ഒരു സമ്മർദ്ദം താഴെ തട്ടിൽ നിന്നും ഉണ്ടാവുന്നില്ല എന്നത് നിരാശാജനകമാണ്. ■

(ഫെബ്രുവരി 19ന് ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ ധനകാര്യവകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് നടത്തിയ പ്രസംഗത്തിൽ നിന്ന്.)



പഞ്ചായത്ത് ദിനാഘോഷം 2011 റിപ്പോർട്ട്

പ്രതിബദ്ധതാ സംവിധാനങ്ങളും അവയുടെ പ്രസക്തിയും

– ജസ്റ്റിസ് എം.ആർ ഹരിഹരൻ നായർ

അധികാരം വികേന്ദ്രീകരിച്ച് നൽകിയതോടെ സർക്കാരിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മേലുള്ള നിയന്ത്രണം പരിമിതമായി. പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും തെറ്റായ തീരുമാനങ്ങൾ പഞ്ചായത്തുകൾ എടുത്താൽ അതിൽ ഇടപെട്ട് അതു റദ്ദു ചെയ്യാനും ആവശ്യമെങ്കിൽ പഞ്ചായത്ത് സമിതി പിരിച്ചു വിട്ട് പുതിയ തിരഞ്ഞെടുപ്പു നടത്താനും മറ്റും മാത്രമേ സർക്കാരിന് ഇപ്പോൾ അധികാരമുള്ളൂ. വികേന്ദ്രീകരണം എന്ന സംവിധാനം സാക്ഷാത്ക്കരിക്കാൻ വേറെ മാർഗ്ഗം ഇല്ല എന്നു ബോധ്യപ്പെട്ടതിനാൽ പരിപൂർണ്ണ സ്വയംഭരണ സ്വാതന്ത്ര്യം സർക്കാർ അനുവദിച്ച് നൽകുകയാണ് ഉണ്ടായത്.

സ്വതന്ത്ര ഭാരതം പഞ്ചായത്ത് സംവിധാനത്തിൽ പ്രവർത്തിക്കണമെന്നത് മഹാത്മജിയുടെ ഒരു സ്വപ്നം ആയിരുന്നു. ഇന്നു നാം കാണുന്ന പഞ്ചായത്ത് സംവിധാനത്തിൽ നിന്നും വളരെ വിഭിന്ന രീതിയിലുള്ള ഒരു സംവിധാനം ആയിരുന്നു അദ്ദേഹം സ്വപ്നം കണ്ടിരുന്നത്. പോലീസും കോടതിയും ഒന്നും ആവശ്യം ഇല്ലാത്തതും എല്ലാ പ്രധാന തീരുമാനങ്ങളും പഞ്ചായത്ത് തന്നെ എടുത്ത് നടപ്പാക്കുന്നതുമായ ഒരു സംവിധാനം. കൃഷിയും ചെറുകിട വ്യവസായങ്ങളും മാത്രമുള്ള ഒരു സംവിധാനം. അത്തരം ഒരു സംവിധാനം പ്രവർത്തിക്കണമെങ്കിൽ ജനങ്ങളെല്ലാം മാതൃകാ പൗരന്മാരാകണം. സത്യം മാത്രം പറയുകയും സത്യം മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന, കഴിവിന്റെ മാത്രം അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന സംവിധാനം. നമ്മുടെ ജനപ്രതിനിധികൾ ഗാന്ധിയുടെ സ്വപ്ന സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയും ഭരണഘടനയുടെ നൈയാമിക തത്വങ്ങൾ പാലിച്ചും നിർമ്മിച്ചു നൽകിയ സംവിധാനമാണ് ഇന്നു നമുക്കുള്ളത്. ഇത്തരം സംവിധാനം ശരിയായി പ്രവർത്തിക്കണമെങ്കിൽ ജനപ്രതിനിധികൾ പ്രതിബദ്ധതയുള്ളവർ ആയേ പറ്റൂ. ഇത്

എങ്ങനെ സാധിക്കും എന്നു ചിന്തിച്ചതിന്റെ ഫലമാണ് ഓംബുഡ്സ്മാൻ സംവിധാനവും ട്രൈബ്യൂണലും തെരഞ്ഞെടുപ്പ് കമ്മീഷനും പ്രസക്ത നിയമത്തിൽ വന്നത്. ജനപ്രതിനിധികളും പഞ്ചായത്ത് ഉദ്യോഗസ്ഥരും വഴിതെറ്റി പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള വലിയ ഭാരമാണ് ഓംബുഡ്സ്മാനെ ഏൽപ്പിച്ചിരിക്കുന്നത്.

അധികാരം അഴിമതിയിലേക്ക് നയിക്കുമെന്നും പരിപൂർണ്ണ അധികാരം വ്യാപകമായ അഴിമതിയിലേക്ക് നയിക്കുമെന്നും ചിന്തകർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അധികാരം കയ്യിൽ വരുമ്പോൾ ജനപ്രതിനിധികൾക്ക് തന്നിഷ്ടപ്രകാരം പ്രവർത്തിക്കാനും സ്വജനപക്ഷപാതം കാണിക്കാനും പൊതുഫണ്ട് സ്വന്തമാക്കാനുമുള്ള പ്രവണത ഉണ്ടാകാം. ഇതിനുകൂട്ടുനിൽക്കാൻ ഉദ്യോഗസ്ഥരും കൂടി തയ്യാറായാൽ പൊതുഫണ്ടിന്റെ ധൂർത്ത് ഉറപ്പാണ്. കരാറുകൾ നൽകുന്നതിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും കണക്കെഴുതി തുക അടിച്ചുമാറ്റുന്നതിലുമെല്ലാം അതു ചെന്നെത്തും. ക്ഷേത്രനഗരത്തിലെ മുൻസിപ്പാലിറ്റിക്ക് ആ നിലയിൽ അവിടത്തെ സ്കൂളുകളിൽ ഇംഗ്ലീഷിന് പകരം സംസ്കൃതം പഠിപ്പിച്ചാൽ മതിയെന്ന് തീരുമാനിക്കാമോ? ജില്ലാ പഞ്ചായത്തിലെ അംഗങ്ങൾക്ക് രണ്ടോ മൂന്നോ ബാച്ചായി ഗോവയിലേക്ക് വിമാനത്തിൽ വിനോദയാത്ര പഞ്ചായത്തു ചെലവിൽ നടത്താമോ? സുതാര്യത ഉറപ്പാക്കാൻ അപേക്ഷകർക്ക് മാർക്ക് നൽകി റാങ്ക് നിശ്ചയിക്കണം എന്നിരിക്കേ അപേക്ഷയേ വാങ്ങാതെ പ്രസിഡന്റ് തനിക്ക് ഇഷ്ടപ്പെട്ടവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും സെക്രട്ടറിയെ നിർബന്ധിച്ച് അവർക്കു മാത്രം ആനുകൂല്യം നൽകുകയും ചെയ്താലോ? വനിതാ പഞ്ചായത്ത് പ്രസിഡന്റ് അർഹരായ പാവങ്ങളെ ഒഴിവാക്കി ധനവാനായ സ്വന്തം അമ്മാവന് ഭവന നിർമ്മാണ ആനുകൂല്യം നൽകിയാലോ? കന്നുകുട്ടി പരിപാലനത്തിന് അർഹർക്ക് നൽകേണ്ട തുക അവർക്ക് നൽകാതെ സ്വന്തം ഭാര്യയുടെ പേരിൽ എഴുതി വാങ്ങി കന്നുകുട്ടിയെ വാങ്ങുന്നതിന് പകരം മറ്റ് കാര്യത്തിന് അത് ചെലവാക്കിയാലോ? പട്ടികജാതിക്കാർക്ക് ആനുകൂല്യം നൽകാനുള്ള ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് പ്രസിഡന്റ് സ്വന്തക്കാരന്റെ വീട്ടുപടിക്കൽ വരെ റോഡ് ടാർ ചെയ്ത് കൊടുത്താലോ? ടെൻഡർ പ്രകാരം സഹകരണ സംഘമോ, ചെറുകിട വ്യവസായ സ്ഥാപനമോ കുറഞ്ഞ നിരക്കിൽ സാധനം നൽകാമെന്ന് സമ്മതിച്ചിരിക്കേ അവരെ ഒഴിവാ

അധികാരം അഴിമതിയിലേക്ക് നയിക്കുമെന്നും പരിപൂർണ്ണ അധികാരം വ്യാപകമായ അഴിമതിയിലേക്ക് നയിക്കുമെന്നും ചിന്തകർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അധികാരം കയ്യിൽ വരുമ്പോൾ ജനപ്രതിനിധികൾക്ക് തന്നിഷ്ടപ്രകാരം പ്രവർത്തിക്കാനും സ്വജനപക്ഷപാതം കാണിക്കാനും പൊതുഫണ്ട് സ്വന്തമാക്കാനുമുള്ള പ്രവണത ഉണ്ടാകാം. ഇതിനുകൂട്ടുനിൽക്കാൻ ഉദ്യോഗസ്ഥരും കൂടി തയ്യാറായാൽ പൊതുഫണ്ടിന്റെ ധൂർത്ത് ഉറപ്പാണ്.

ക്കിക്കൊണ്ട് കൂടുതൽ തുകയ്ക്ക് പഞ്ചായത്ത് മെമ്പറുടെ സ്വന്തക്കാരന് കരാർ നൽകിയാലോ? ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക കണക്കിൽ ചേർക്കാതെ വകമാറ്റി ചെലവാക്കിയാലോ? വ്യക്തി വൈരാഗ്യം കാരണം പെൻഷൻ ആനുകൂല്യം അർഹന് നിഷേധിച്ചാലോ? സ്വന്തക്കാർക്കും, കൈക്കൂലി നൽകുന്നവർക്കും അവരുടെ വീടുകൾക്ക് ഒരു നിരക്കിലും അല്ലാത്തവർക്ക് മറ്റൊരു നിരക്കിലും നികുതി നിശ്ചയിച്ചാലോ? ആര് നൽകും ഇതിന് പരിഹാരം? ഇവിടെയാണ് ഓംബുഡ്സ്മാന്റേയും, എൽ.എസ്.ജി.ഐ ട്രൈബ്യൂണലിന്റേയും പ്രസക്തി. ബന്ധപ്പെട്ടവർ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കാൻ ഈ സംവിധാനങ്ങൾ പ്രയോജനപ്രദമാകും. വെറും സാങ്കല്പിക ചോദ്യങ്ങളല്ല ഞാൻ മുൻപ് വിവരിച്ചത്. കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ ഞാൻ ഇടപെട്ട് പരിഹാരം നൽകിയ കേസുകളിൽ പൊന്തിവന്ന പല ചോദ്യങ്ങളിൽ ചിലത് മാത്രമാണ് ഇവ. കുറഞ്ഞ ചെലവിലും കാലതാമസം കൂടാതെയും ഫലവത്തായി പരിഹാരം ലഭിക്കും എന്ന് ഉറപ്പാക്കാനുള്ള സംവിധാനമാണ് പഞ്ചായത്ത് രാജ് നിയമത്തിലെ 271. എഫ് മുതൽ 271. യു വരെ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.

ജനപ്രതിനിധി ദുർഭരണത്തിൽ ഏർപ്പെട്ടതായി ഓംബുഡ്സ്മാൻ കണ്ടെത്തിയാൽ ജനപ്രതിനിധിയെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യാൻ ഇലക്ഷൻ കമ്മീഷൻ ബാദ്ധ്യസ്ഥമാണ്. ജനപ്രതിനിധിയുടെ ഏതെങ്കിലും ഔദ്യോഗിക പ്രവർത്തി യുക്തിരഹിതമോ, അന്യായമോ, ദൂഷ്യമുള്ളതോ, പക്ഷപാതപരമോ, അവിഹിതമായ ലാഭം സ്വയം ഉണ്ടാക്കാനോ, മറ്റാർക്കെങ്കിലും അവിഹിത നഷ്ടം ഉണ്ടാക്കാനോ, അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന പ്രകാരമോ ഉള്ളതാണെന്നോ, നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുന്നത് കാരണം നഷ്ടം, പാഴ്ചെലവ് എന്നിവ ഭവിച്ചാലോ, അത് ദുർഭരണമായി കണക്കാക്കും. അധികാര ദുർവിനിയോഗവും പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗവും ദുർഭരണം തന്നെയാണ്.

ഏതെങ്കിലും സംഗതിയിൽ ഭരണപരമായ ചുമതലകൾ നിറവേറ്റുന്നതിനിടയിൽ എടുത്ത നടപടി യുക്തിരഹിതമോ, അന്യായമോ, ദുസ്സഹമോ, പക്ഷപാതപരമോ ആർക്കെങ്കിലും അവിഹിതമായി നേട്ടമോ നഷ്ടമോ ഉണ്ടാകുന്നതോ അല്ലെങ്കിൽ അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതോ ആണെങ്കിലോ അതല്ലെങ്കിൽ ഉപേക്ഷകാരണം നഷ്ടത്തിൽ കലാശിക്കുന്ന രീതിയിലുള്ള പ്രവർത്തിയോ ആണെങ്കിൽ അത് ദുർഭരണമാണ്. ഭുർഭരണം ഒഴിവാക്കിയാണ് പ്രതിനിധികളുടെയും ജീവനക്കാരുടെയും പ്രതിബദ്ധത നിയമം ഉറപ്പുവരുത്തുന്നത്. ഇത് എങ്ങിനെയെന്ന് നോക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച അപാകതകൾ ഓംബുഡ്സ്മാൻ മുൻപാകെ അവതരിപ്പിക്കാൻ ഏതൊരു പൗരനും അവകാശമുണ്ട്. യുക്തം എന്നു തോന്നുന്ന കേസുകളിൽ പരാതി ഇല്ലാതെ സ്വമേധയാ കേസ് എടുക്കാവുന്നതാണെന്ന് 271 ജെ (1) (i) വകുപ്പ് പറയുന്നു. പരാതി പ്രകാരവും സർക്കാരിൽ നിന്നും ലഭിക്കുന്ന റഫറൻസ് പ്രകാരവും ഓംബുഡ്സ്മാന് ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താം.

271. ആർ, 254 എന്നീ വകുപ്പുകൾ നൽകുന്ന അധികാരം ഉപയോഗിച്ച് സർക്കാർ 1999 -ൽ 'പരാതി അന്വേഷണ വിചാരണയും സേവന വ്യവസ്ഥകളും ചട്ടങ്ങൾ' പുറപ്പെടുവിച്ചിട്ടുണ്ട്. ഫാറം -എ പ്രകാരമാണ് അപേക്ഷ നൽകേണ്ടതെന്ന് 7-ാം ചട്ടംപറയുന്നു. ഓംബുഡ്സ്മാൻ ഓഫീസിലെ സെക്രട്ടറി മുമ്പാകെയാണ് പരാതി സമർപ്പിക്കേണ്ടത്. നേരിട്ടോ രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തരമോ അപേക്ഷ നൽകാം. 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഇതിൽ ഒട്ടിക്കണം. ഇടക്കാല ഉത്തരവിലൂടെ താൽക്കാലിക പരിഹാരം നൽകാൻ 271. ജെ (2) ഉം 17-ാം ചട്ടവും അധികാരം നൽകുന്നു. പരാതിയെപ്പറ്റി ഏതെങ്കിലും അനുയോജ്യനായ ഒരു സർക്കാർ ഉദ്യോഗസ്ഥനെക്കൊണ്ടോ, പോലീസ് ഉദ്യോഗസ്ഥൻ മുഖേനയോ സാങ്കേതിക വിദഗ്ധനെ കൊണ്ടോ അന്വേഷിപ്പിക്കാം എന്ന് 19-ാം ചട്ടം പറയുന്നു. പരാതിക്ക് ആസ്പദമായതോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതു കെട്ടിടവും ഓഫീസ് സ്ഥലവും ഓംബുഡ്സ്മാന് സന്ദർശിക്കാൻ 20-ാം ചട്ടം അധികാരം നൽകുന്നു. കഴിഞ്ഞ മൂന്നു വർഷക്കാലം ഞാൻ ഉപയോഗിക്കാത്ത ഒരു അധികാരമാണിത് എന്ന് സമ്മതിക്കുന്നതോടൊപ്പം അതിനുള്ള കാരണവും വ്യക്തമാക്കുന്നു. വെറുതെ ഒരു ഓഫീസിൽ കയറി ചെന്നിട്ട് ഫലപ്രദമായ പരിശോധന നടത്താതെ മടങ്ങുന്നതിലും നല്ലത് അവിടെ പോകാതിരിക്കുന്നതല്ലേ. പത്തര മണി ആയിട്ടും ഓഫീസിൽ ഉദ്യോഗസ്ഥർ ആരും എത്തിയിട്ടില്ലെന്ന് കണ്ടാൽ കുറഞ്ഞ പക്ഷം ഹാജർ പുസ്തകം കണ്ടെടുത്ത് അക്കാര്യം രേഖപ്പെടുത്തുകയും കേസെടുത്ത് ബന്ധപ്പെട്ടവർക്കെതിരെ നടപടി തുടരുകയും വേണം. അതിന് തടസ്സം ഉണ്ടാവുകയാണെങ്കിൽ അതു മാറ്റി പ്രവർത്തനം തുടരാമെന്ന് ഉറപ്പാക്കിയിട്ടേ അതിന് മുതിരാവൂ. ഇതു സാധ്യമാകണമെങ്കിൽ നിയമത്തിൽ വിവക്ഷിക്കുന്ന പരിശോധനാ സംവിധാനം ഓംബുഡ്സ്മാന് ലഭ്യമായിരിക്കണം. നിർഭാഗ്യവശാൽ നിയമം നടപ്പിൽ വന്നിട്ട് പത്തു വർഷം കഴിഞ്ഞെങ്കിലും ഓംബുഡ്സ്മാന് നിയമം അനുവദിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന അന്വേഷണ സംവിധാനം ഇനിയും അനുവദിച്ചു തന്നിട്ടില്ല.ഇതിനായി ഒരു പൊതുതാൽപര്യ ഹർജി കേരളാ ഹൈക്കോടതിയിൽ നിലവിലുണ്ട് എന്ന കാര്യവും ഓർക്കണം.

ഓംബുഡ്സ്മാന്റെ ചുമതലാ നിർവ്വഹണം വേഗത്തിലും ഫലപ്രദവുമാക്കാനായി സൗകര്യപ്രദമായ ഏതു സ്ഥലത്തും എന്നു വേണമെങ്കിലും സിറ്റിംഗ് നടത്താൻ 271. എൻ (3) വകുപ്പും 20-ാം ചട്ടവും ഓംബുഡ്സ്മാന് അനുവാദം നൽകുന്നു. ആദ്യ അന്വേഷണത്തിൽ കൂടുതൽ അന്വേഷണം വേണമെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്ന പക്ഷം വിശദമായ അന്വേഷണം നടത്താമെന്നും 271 (3) വകുപ്പു പറയുന്നു. ആരോപണം അടിസ്ഥാന രഹിതം ആണെന്നോ, ഉത്തമവിശ്വാസം കൂടാതെ ഫയൽ ചെയ്തതാണെന്നോ, ശല്യപ്പെടുത്താൻ വേണ്ടി മാത്രം നൽകിയതാണെന്നോ മറ്റേതെങ്കിലും സ്ഥലത്ത് നിന്നും കൂടുതൽ ഗുണകരമായ പരിഹാരം ലഭ്യമാകുമെന്നോ തോന്നുന്ന പക്ഷം പരാതി തള്ളിക്കളയാൻ 271. എൻ (1) (സി) വകുപ്പ് പറയുന്നു. പ്രഥമദൃഷ്ട്യാ കൂടുതൽ അന്വേഷണം വേണമെന്ന് ബോധ്യപ്പെടുന്ന പക്ഷം തെളിവെടുപ്പ് ആകാമെന്ന് 271. എൻ (2) വകുപ്പ് പറയുന്നു. ആരോപണത്തിന്റെ സത്യാവ

സ്ഥയെപ്പറ്റി അന്വേഷിക്കാൻ സ്വന്തം അന്വേഷണ സംഘത്തിന്റെ സേവനത്തിന് പുറമേ ഏതു വകുപ്പിലേയും ഏത് ഉദ്യാഗസ്ഥന്റേയും സേവനം ആവശ്യപ്പെടാമെന്നും അപ്രകാരം സേവനം നൽകാൻ ഉദ്യോഗസ്ഥർക്ക് ബാധ്യതയുണ്ടെന്നും 271 (3) വകുപ്പ് പറയുന്നു. ഇതിനുപുറമേ പോലീസ് ഉദ്യോഗസ്ഥരുടേത് ഉൾപ്പെടെ ഏത് വകുപ്പിലേയും ഏത് ഉദ്യോഗസ്ഥന്റെയും സേവനം ഓംബുഡ്സ്മാന് ലഭ്യമാക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ടെന്ന് 271. സി വകുപ്പ് പറയുന്നു. 271. പി വകുപ്പനുസരിച്ച് ആരോപിതർ ക്രിമിനൽ കുറ്റങ്ങൾ ചെയ്തതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്ന പക്ഷം പ്രോസിക്യൂഷൻ നടപടി തുടങ്ങാൻ ആവശ്യപ്പെട്ട് പരാതി അനുയോജ്യമായ അധികാരസ്ഥാനത്തിന് റഫർ ചെയ്യാനും അത്തരം അധികാരിക്ക് കൂടുതൽ അന്വേഷണത്തിന് ശേഷം ആവശ്യമെങ്കിൽ കേസ് ചാർജ് ചെയ്യാമെന്നും 271. പി വകുപ്പ് പറയുന്നു. ക്രിമിനൽ കുറ്റങ്ങൾ ഉൾപ്പെടാത്ത കേസുകളിൽ പൗരന് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അത് നികത്താൻ കുറ്റക്കാർക്ക് നിർദ്ദേശം നൽകാം എന്നും, കുറ്റക്കാരിൽ നിന്നും റവന്യൂ റിക്കവറി നിയമം അനുസരിച്ച് അത്തരം തുക ഈടാക്കി എടുക്കാമെന്നും അനുയോജ്യമായ ഏതു പരിഹാരവും അനുവദിച്ചു നൽകാമെന്നും 271 ക്യൂ വകുപ്പ് പറയുന്നു. അന്വേഷണവും വിചാരണയും നടത്താൻ ഓംബുഡ്സ്മാന് ഒരു സിവിൽ കോടതിയുടെ മിക്ക അധികാരങ്ങളും ഉണ്ടെന്ന് 271. എൽ വകുപ്പ് പറയുന്നു. ഓംബുഡ്സ്മാന്റെ ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട എല്ലാവർക്കും (ഇതിൽ വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കേസിലെ കക്ഷികളായ വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടും) ബാധ്യതയുണ്ടെന്നും വീഴ്ചവരുത്തുന്നവർക്കെതിരെ ഓംബുഡ്സ്മാന് യുക്തമെന്ന് തോന്നുന്ന നടപടികൾ എടുക്കാമെന്നും 25-ാം ചട്ടം പറയുന്നു. ഓംബുഡ്സ്മാൻ പരിഹാരം നൽകുന്ന കേസുകളിൽ ലോകായുക്ത ഇടപെടരുതെന്ന് 271.ഒ(3) എ വകുപ്പിൽ നിരോധനം ഉണ്ട്. ഒരു മുൻ ഹൈക്കോടതി ജഡ്ജിയെ മാത്രമേ ഓംബുഡ്സ്മാൻ ആക്കാൻ പാടുള്ളൂ എന്നും മുഖ്യമന്ത്രിയുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവർണ്ണറാണ് നിയമിക്കേണ്ടത് എന്നും ഹൈക്കോടതി ജഡ്ജിക്ക് നൽകുന്ന ശമ്പളവും അലവൻസുകളും ഓംബുഡ്സ്മാനും നൽകുമെന്നും നിർദ്ദിഷ്ട കാലാവധിയായ 3 വർഷം പൂർത്തിയാകുന്നതിന് മുമ്പായി ഓംബുഡ്സ്മാനെ പിരിച്ചുവിടാൻ സർക്കാരിന് അധികാരമില്ലായെന്നും പെരുമാറ്റദൂഷ്യമോ, ശാരീരികമോ, മാനസികമോ ആയ കഴിവുകേടോ ഉണ്ടായാൽ മാത്രം നിയമസഭയിൽ 2/3 ഭാഗം അംഗങ്ങൾ ഹാജരുള്ള സമ്മേളനം ഭൂരിപക്ഷത്തോടെ അക്കാര്യത്തിൽ പ്രമേയം പാസാക്കി ഗവർണ്ണർക്ക് സമർപ്പിക്കുന്ന മുറയ്ക്കു മാത്രമേ ഓംബുഡ്സ്മാന്റെ സേവനം നിർദ്ദിഷ്ട കാലാവധിക്ക് മുമ്പായി അവസാനിപ്പിക്കാവു എന്നും 271. എച്ച്. വകുപ്പ് പറയുന്നു.

271. എഫ് (ഇ), ഐ വകുപ്പു പ്രകാരമുള്ള വലിയ അധികാരങ്ങൾ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏത് ഉദ്യോഗസ്ഥനെതിരെയും ജനപ്രതിനിധിക്ക് എതിരേയും ശക്തമായ നടപടികൾ എടുക്കാൻ ഓംബുഡ്സ്മാൻ പ്രാപ്തനാണെന്നതിനാൽ ജനപ്രതിനിധികളുടെ പ്രതിബദ്ധത വലിയൊരു അളവ് വരെ ഓംബുഡ്സ്മാന് ഉറപ്പാക്കാൻ കഴിയും. കഴിഞ്ഞ 3 വർഷക്കാലത്ത് പ്രസിഡന്റും വൈസ്പ്രസിഡന്റും തമ്മിലും, സെക്രട്ടറിയും പ്രസിഡന്റും തമ്മിലും പ്രസിഡന്റും ജനപ്രതിനിധികളും തമ്മിലും നഗരസഭയും പഞ്ചായത്തും തമ്മിലും ഒക്കെയുള്ള കേസുകൾ എനിക്ക് കൈകാര്യം ചെയ്യേണ്ടിവന്നിട്ടുണ്ട്. അവ പരിശോധിച്ചാൽ മനസ്സിലാകുന്നത് സാധാരണ വീഴ്ച വരുന്നത് ഇനി പറയുന്ന കാര്യങ്ങളിലാണ് എന്നാണ്.

1) നിയമപ്രകാരം സറണ്ടർ ഫാറം വാങ്ങി പഞ്ചായത്തിന്റെ പേർക്ക് പട്ടയം വാങ്ങാതെയോ, പൊന്നും വില നടപടികൾ കൂടാതെയും സ്വകാര്യ വസ്തുവിൽ പാർട്ടി പ്രവർത്തകരുടെയും മറ്റും സഹായത്തോടെ അതിക്രമിച്ച് കയറി നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും കയ്യേറിയ സ്ഥലം തോടോ, റോഡോ ഒക്കെ ആക്കി മാറ്റുകയും ചെയ്യുക.
2) മാർഗ്ഗനിർദ്ദേശങ്ങൾ വകവയ്ക്കാതെ സ്വജനപക്ഷപാതമോ, രാഷ്ട്രീയ പരിഗണനകളോ അടിസ്ഥാനമാക്കിയോ കാര്യങ്ങൾ ചെയ്യുക.
3) റിസോർട്ട് നിർമ്മാണത്തിനും ഫ്ളാറ്റ് നിർമ്മാതാക്കൾക്കും മൊബൈൽ ടവർ നിർമ്മാതാക്കൾക്കും മലിനീകരണം ഉളവാക്കുന്ന തരം വ്യവസായ സ്ഥാപനങ്ങൾക്കും കച്ചവട സ്ഥാപനങ്ങൾക്കും കയ്യേറ്റക്കാർക്കും അവിഹിതമായി കൂട്ടുനില്ക്കുക.
4) അവിഹിത പാരിതോഷികം ലഭിക്കാത്തത് കാരണം കരാർ പ്രകാരവും മറ്റും അർഹർക്ക് തുക നൽകാതിരിക്കാനായി തടസ്സം ഉണ്ടാക്കുക.
5) കരാർപ്രകാരം ഉള്ള പ്രവർത്തി നിർവ്വഹണത്തിൽ അപാകത ഉണ്ടെന്ന പൂർണ്ണ ബോധ്യത്തോടെ അവർക്ക് തുക നൽകാൻ ഒത്താശ ചെയ്യുക, കള്ള സർട്ടിഫിക്കറ്റ് നൽകി അനർഹർക്ക് ആനുകൂല്യം ലഭ്യമാക്കുക എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

ജനപ്രതിനിധികളുടെ പ്രതിബദ്ധത ഉറപ്പാക്കാൻ എൽ.എസ്.ജി.ഐ ട്രൈബ്യൂണലും ഇലക്ഷൻ കമ്മീഷനും വലിയ പങ്കുവഹിക്കുന്നു. തെറ്റായ ഉത്തരവുകൾ ജനപ്രതിനിധികൾ പാസ്സാക്കിയാൽ അതു നടപ്പാക്കുന്ന സെക്രട്ടറിയെ പ്രതിയാക്കി മിക്ക കാര്യങ്ങൾക്കും അപ്പീൽ, റിവിഷൻ എന്നിവ ഫയൽ ചെയ്യാൻ വ്യവസ്ഥയുണ്ട്. തെറ്റുകൾ ഉള്ളതായി ബോധ്യപ്പെടുന്ന പക്ഷം അതു തിരുത്താൻ വേണ്ട നിർദ്ദേശം നൽകാനും തെറ്റുകാരെ ശാസിക്കാനും ട്രൈബ്യൂണലിന് കഴിയും.

ട്രൈബ്യൂണൽ

ജനപ്രതിനിധികളുടെ പ്രതിബദ്ധത ഉറപ്പാക്കാൻ എൽ.എസ്.ജി.ഐ ട്രൈബ്യൂണലും ഇലക്ഷൻ കമ്മീഷനും വലിയ പങ്കുവഹിക്കുന്നു. തെറ്റായ ഉത്തരവുകൾ ജനപ്രതിനിധികൾ പാസ്സാക്കിയാൽ അതു നടപ്പാക്കുന്ന സെക്രട്ടറിയെ പ്രതിയാക്കി മിക്ക കാര്യങ്ങൾക്കും അപ്പീൽ, റിവിഷൻ എന്നിവ ഫയൽ ചെയ്യാൻ വ്യവസ്ഥയുണ്ട്. തെറ്റുകൾ ഉള്ളതായി ബോധ്യപ്പെടുന്ന പക്ഷം അതു തിരുത്താൻ വേണ്ട നിർദ്ദേശം നൽകാനും തെറ്റുകാരെ ശാസിക്കാനും ട്രൈബ്യൂണലിന് കഴിയും. ഒരു ജില്ലാ ജഡ്ജി ട്രൈബ്യൂണലായി പ്രവർത്തിക്കുന്നതിനാൽ സ്വതന്ത്രകാര്യ നിർവ്വഹണവും നിഷ്പക്ഷതയും വിശ്വാസ്യതയും ഉറപ്പാണ്. അവിടെ അപ്പീൽ നല്കാവുന്ന കാര്യങ്ങൾ പ്രസക്ത ചട്ടങ്ങളോട് അനുബന്ധിച്ചുള്ള പട്ടികയിൽ വ്യക്തമാക്കുന്നു. ലൈസൻസ്, പെർമ്മിറ്റ് എന്നിവ നൽകൽ തുടങ്ങിയ പഞ്ചായത്തിന്റെ മിക്ക നടപടികളും ട്രൈബ്യൂണലിന്റെ തീർപ്പിന് വിധേയമാക്കാവുന്നവയാണെന്ന് ചുരുക്കത്തിൽ പറയാം. ഓംബുഡ്സ്മാന്റെ ഉത്തരവിനെപ്പോലെ ട്രൈബ്യൂണലിന്റെ തീരുമാനവും മറ്റ് അധികാരികൾ മുമ്പാകെയോ, കോടതികളിലോ ചോദ്യം ചെയ്യാവുന്നവയല്ല. ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്ത് മാത്രമേ അതും ചോദ്യം ചെയ്യാനാവൂ.

ശേഷം പേജ് 27

പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്ത് - പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദേശീയ സെമിനാറിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറി റ്റി. ആർ. രഘുനന്ദനൻ വിഷയാവതരണം നടത്തുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ഓംബുഡ്സ്മാൻ ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ തുടങ്ങിയവർ സമീപം.

നടപടി

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് അഞ്ച് അടിസ്ഥാനതത്വങ്ങൾ ഉണ്ടായിരുന്നു. സത്യം, അഹിംസ, സ്വരാജ്, അന്ത്യോദയ, സർവ്വോദയ എന്നിവയാണത്. ഈ അഞ്ചുതത്വങ്ങളാണ് പഞ്ചായത്തീരാജിന്റെയും അടിസ്ഥാനം. ഇവയ്ക്കാണ് അക്കൗണ്ടബിലിറ്റി ഉണ്ടാകേണ്ടത്. വികേന്ദ്രീകൃത ഭരണവ്യവസ്ഥയിൽ ഈ അഞ്ച് തത്വങ്ങളും പാലിക്കപ്പെടേണ്ടതാണ്. ഇവ പാലിക്കപ്പെട്ടാൽ പോലും ഉയർന്ന തലത്തിൽ അക്കൗണ്ടബിലിറ്റി കൈവരിക്കുവാൻ കേരളത്തിനു കഴിയുമോ എന്നുള്ള കാര്യം സംശയമാണ്. വികേന്ദ്രീകൃതാസൂത്രണ രംഗത്ത് കേരളം ക്രിക്കറ്റിലെ സച്ചിൻ ടെൻഡുൽക്കറാണ്. അത് അഭിമാനകരവുമാണ്. എന്നാൽ ഈ രംഗത്ത് കേരളം ഇനി മുന്നോട്ടുപോകുവാൻ ഇടയില്ല എന്നു തന്നെയാണ് ഞാൻ കരുതുന്നത്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ സർക്കാർ ജീവനക്കാരാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 311 പ്രകാരം സർക്കാർ ജീവനക്കാർ ജോലി സ്ഥിരത ഉള്ളവരാണ്. ജോലിസ്ഥിരത ഉള്ളതിനാൽ അക്കൗണ്ടബിലിറ്റി ഒരിക്കലും ഒരു പരിധിയിൽ കവിഞ്ഞ് ഉയരുകയില്ല. കേരളത്തിൽ ഉറച്ച സംഘടനാ പിൻബലം ഉള്ളതിനാൽ ഒരു ജീവനക്കാരനേയും പിരിച്ചുവിടുന്നതും എളുപ്പമല്ല. സർക്കാർ നിയമിച്ച ജീവനക്കാർ നടത്തുന്ന അഴിമതി തടയുന്നതിന് ഭരണസമിതികൾക്ക് കഴിയുന്നില്ല. അതുകൊണ്ട് Hire and Fire സമ്പ്രദായമാണ് ഇവിടെ നടപ്പാക്കേണ്ടത്. കേരളത്തിൽ 3-4 കോടി രൂപ ബഡ്ജറ്റുള്ള ഒരു പഞ്ചായത്തിന് ഒരു ലക്ഷം രൂപ പ്രതിഫലം നൽകി മാനേജ്മെന്റിൽ വൈദഗ്ധ്യമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കാനുള്ള ശക്തി ഉണ്ടാകണം. ആ Flexibility പഞ്ചായത്തുകൾക്കു നൽകണം. പക്ഷെ സൈദ്ധാന്തികമായി ഇവിടെ അതിന് കഴിയില്ല.

കേരളത്തിൽ വളരെ സാവധാനത്തിലാണ് കാര്യങ്ങൾ നടക്കുന്നതെന്ന കാഴ്ചപ്പാടാണ് പുറമേയുള്ളവർക്കുള്ളത്. വികേന്ദ്രീകരണം വന്നാൽ കാര്യങ്ങൾ വേഗത്തിൽ നടക്കണം. കേരളത്തിൽ അഴിമതി ഇല്ലെങ്കിലും കാര്യങ്ങൾ വേഗത്തിൽ നടക്കുന്നില്ല. സംസ്ഥാന സർക്കാരിന്റെ സങ്കീർണ്ണമായ നടപടിക്രമങ്ങളുടെ വികേന്ദ്രീകരണമാണ് തദ്ദേശ

സ്വരാജിനൊപ്പം സുരാജും കൈവരിക്കണം

- എസ്.എം. വിജയാനന്ദ്

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വരാജിൽ മാത്രം നില്ക്കാതെ ഒപ്പം സുരാജ് കൂടി കൈവരിച്ച് മുന്നോട്ടുപോകണം. അക്കൗണ്ടബിലിറ്റി വിവിധ തലങ്ങളിലുണ്ട്. അവയിൽ പലതും കേരളത്തിൽ ശക്തവുമാണ്. വിവിധ തലത്തിലുള്ള അക്കൗണ്ടബിലിറ്റികളെ കുറിച്ച് പരിശോധിക്കാം.

ജനാധിപത്യപരം
(Democratic Accountability)

വോട്ടർമാരുടെ അക്കൗണ്ടബിലിറ്റി. ഇന്ത്യയിൽ ഏറ്റവും ശക്തം കേരളത്തിൽ. 73, 74 ഭരണഘടനാ ഭേദഗതിക്ക് ശേഷം കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടന്ന നാലു തിരഞ്ഞെടുപ്പുകളിലും ശക്തമായ രീതിയിൽ സമ്മതിദായകർ അതു പ്രകടമാക്കിയിട്ടുണ്ട്.

സാമൂഹ്യപരം
(Social Accountability)

അനൗപചാരികമായി ഉണ്ടെങ്കിലും ഔപചാരികമായി കുറവാണ്. സോഷ്യൽ ഓഡിറ്റ്, ഗ്രാമസഭകളിലെ സുതാര്യത, കണക്കുകൾ വെളിപ്പെടുത്തുന്ന വകയിലൊക്കെ ഇനിയും നാം ഒരുപാട് മുന്നോട്ടുപോകാനുണ്ട്.

രാഷ്ട്രീയപരം
(Political Accountability)

ജനപ്രതിനിധികൾക്ക് അവരുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും ഉദ്യോഗസ്ഥർക്ക് ജനപ്രതിനിധികളോടുമുള്ള അക്കൗണ്ടബിലിറ്റിയാണിത്. കേരളത്തിൽ ശക്തമാണെങ്കിലും മുൻപ് ഉണ്ടായിരുന്നതിൽ നിന്നും കുറവാണ് ഇപ്പോൾ.

നിയമപരം
(Legal Accountability)

കേരളത്തിൽ ശക്തമാണ്.

സംഘടനാപരം
(Organisational Accountability)

പഞ്ചായത്തുകൾക്ക് സംഘടനാപരമായ അക്കൗണ്ടബിലിറ്റിയെന്ന സാമാന്യ സങ്കല്പം ഉണ്ട്. ഇന്ത്യയിൽ കേരളം ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമപഞ്ചായത്തുകളുടെ മേൽ ബ്ലോക്ക് പഞ്ചായത്തിനും അവയുടെ മേൽ ജില്ലാ പഞ്ചായത്തിനും നിയന്ത്രണമുണ്ട്. അതുകൊണ്ട് തന്നെ സംഘടനാപരമായ അക്കൗണ്ടബിലിറ്റി കേരളത്തിലെ ജനപ്രതിനിധികൾക്ക് ഇല്ല. എന്നാൽ ഉദ്യോഗസ്ഥന്മാർക്കുണ്ട്. എന്നാൽ വികേന്ദ്രീകരണം വന്നപ്പോൾ അതിന് ക്ഷീണം

ക്രമങ്ങൾ ലളിതവത്കരിക്കണം

- റ്റി. ആർ. രഘുനന്ദനൻ

ഭരണ രംഗത്തും നടത്തിയിട്ടുള്ളത്. അതു ലളിതവത്കരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണത്തിൽ സ്വതന്ത്രമായി കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് കഴിയണം. ഇരുപത് വർഷത്തിനകമെങ്കിലും അതു നടപ്പാകുമെന്ന പ്രതീക്ഷയാണുള്ളത്. ഭരണ നിയന്ത്രണം പൂർണ്ണമായും ഭരണസമിതികൾക്ക് കൈവരുമെന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തണം.

കേരളത്തിൽ പഞ്ചായത്തുകൾക്ക് വളരെയധികം ധനം കൈമാറിയിട്ടുണ്ട്. പക്ഷേ 1994 നുശേഷം നികുതി പരിഷ്ക്കരണം നടന്നിട്ടില്ല. സ്വന്തമായി നികുതി ചുമത്താൻ അധികാരമുള്ളവയാണ് സർക്കാരുകൾ. കൈമാറി ലഭിച്ച പണം ചെലവഴിക്കുമ്പോൾ അവ ഏജൻസി ചുമതല മാത്രമാണ് നിർവ്വഹിക്കുന്നത്. അങ്ങനെയാകുമ്പോൾ അക്കൗണ്ടബിലിറ്റി സംബന്ധിച്ച നിർദ്ദേശങ്ങൾ മുകൾ തട്ടിൽ നിന്നും (പണം നൽകിയവർ)വരും. അതാണ് ഇപ്പോൾ നടക്കുന്നതും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഓംബുഡ്സ്മാനെ ഒരോ ജില്ലയിലും നിയമിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിനുള്ള തുക കേന്ദ്രം നൽകുന്നതു കൊണ്ടാണ് ഇത്തരം നിർദ്ദേശങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ വികേന്ദ്രീകരണം എന്ന ആശയം രാജ്യത്ത് ഒരിടത്തും പൂർണ്ണമായ അർത്ഥത്തിൽ നടപ്പായിട്ടില്ല. അക്കൗണ്ടബിലിറ്റി ഉയർന്ന തലത്തിലേക്ക് കൊണ്ടുവരണമെങ്കിൽ സ്വന്തമായി വിഭവ സമാഹരണം നടത്തുന്നതിനുള്ള അധികാരം കൈവരണം. സർക്കാർ നിയന്ത്രണം ഉണ്ടാകാൻ പാടില്ല. ഈ അവകാശങ്ങൾക്കുവേണ്ടി പഞ്ചായത്ത് അസോസിയേഷനുകൾ ശബ്ദമുയർത്തണം. സ്വരാജിന്റെ അടിസ്ഥാന തത്വങ്ങൾ നടപ്പിൽ വരണമെങ്കിൽ അതു താഴെതട്ടിൽ നിന്നും ഉയർന്നുവരണം. അതിനു പ്രധാനമായും മൂന്നു വഴികളുണ്ട്.

1. *അഴിമതിരഹിത പഞ്ചായത്ത് പ്രഖ്യാപനം:* പഞ്ചായത്തുകൾ അഴിമതി രഹിതമായി പ്രഖ്യാപിക്കുവാനുള്ള ഇച്ഛ താഴെതട്ടിൽ നിന്നും ഉയർന്നുവരണം. ബംഗ്ലാദേശിൽ മൂന്നു മാസത്തിലൊരിക്കൽ ഓരോ താലൂക്കിലേയും 20 പഞ്ചായത്തുകളുടെ മികച്ച മാതൃകകൾ അവതരിപ്പിച്ച് അതിൽ നിന്ന് മികവുറ്റവയെ തിരഞ്ഞെടുത്ത് വ്യാപിപ്പിക്കുന്ന സമാന്തര പഠന പരിപാടി നടപ്പാക്കി വരുന്നു. ഇത് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും മാതൃകയാക്കണം.
2. കേന്ദ്രവിവരാവകാശ നിയമത്തിലെ സെക്ഷൻ (4) പ്രകാരം വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് പഞ്ചായത്തുകൾ തയ്യാറാകണം.
3. ഓരോ പഞ്ചായത്തും ആധുനിക വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി sms വഴി പഞ്ചായത്തിൽ നടക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെ ജനങ്ങളെ അറിയിക്കുവാൻ ഫേസ്ബുക്കിൽ അക്കൗണ്ട് തുറക്കണം.

സ്വരാജിനോടൊപ്പം മാത്രമേ സുരാജ് കൈവരിക്കുന്നതിന് കഴിയൂ. അതിനുള്ള ഇച്ഛാശക്തി ഉള്ളിൽ നിന്നും ഉയർന്നു വരണം. അതുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ■

(ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ ഫെബ്രുവരി 18 ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്ത് - പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദേശീയ സെമിനാറിൽ കേന്ദ്ര പഞ്ചായത്ത്‌രാജ് മന്ത്രാലയം മുൻ ജോയിന്റ് സെക്രട്ടറി റ്റി. ആർ. രഘുനന്ദനൻ നടത്തിയ വിഷയാവതരണത്തിൽ നിന്നും)

പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്ത് - പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദേശീയ സെമിനാറിൽ അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് അവതരണങ്ങളെ ക്രോഡീകരിച്ചുകൊണ്ട് സംസാരിക്കുന്നു.

സംഭവിച്ചു.

ഭരണപരം
(Administrative Accountability)

ഏറെകുറെ ഉണ്ട്. എന്നാൽ പഞ്ചായത്തീരാജിന്റെ വരവോടെ അതു കുറഞ്ഞു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, താലൂക്ക് പഞ്ചായത്ത് ആഫീസർ എന്നിവരുടെ തലങ്ങളിൽ മുൻകാലങ്ങളിൽ പഞ്ചായത്തുകളിൽ നടത്തിയിരുന്ന പരിശോധന ഇന്ന് വളരെയധികം കുറഞ്ഞിട്ടുണ്ട്.

ധനസംബന്ധിയായ
(Fiscal Accountability)

ആഡിറ്റ്, കണക്കുകൾ നല്കുന്നത് എല്ലാം ഇതിൽപെടും. മുൻകാലങ്ങളിൽ നിന്നും കുറഞ്ഞിട്ടുണ്ട്.

തൊഴിൽപരം
(Professional Accountability)

ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട അക്കൗണ്ടബിലിറ്റി (ഉദാ: TAG). അതും വിചാരിച്ചതു പോലെ നടക്കുന്നില്ല.

ദാരിദ്ര്യ നിർമ്മാർജ്ജനം പഞ്ചായത്തു

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് ജന പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവകാശം സിദ്ധിച്ചിട്ട് 60 വർഷമേ ആയിട്ടുള്ളു. ഇന്നുള്ള ചട്ടക്കൂട് പ്രകാരം പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വന്നിട്ടും 15 കൊല്ലമേ ആകുന്നുള്ളു. ജന്മനാ നമുക്ക് ഉണ്ടെന്ന് കരുതുന്ന ഈ സ്വാതന്ത്ര്യം ലഭിച്ചിട്ട് അധികം നാളുക ളായിട്ടില്ല എന്ന് ഓർമ്മപ്പെടുത്തുന്നതി നുവേണ്ടിയാണ് ഇത്രയും പറഞ്ഞത്. നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളെ സമീപിക്കു മ്പോഴും പരിഹാരം കാണുമ്പോഴും ഇത് മനസ്സിലുണ്ടാവണം. അല്ലെങ്കിൽ ഒരു പരിധി കഴിയുമ്പോൾ ജനാധിപത്യമെ ന്നത് ജനങ്ങളുടെ ബഹളമായി മാറും. ജനാധിപത്യക്രമം എന്നത് ബഹളമായി മാറാതിരിക്കുന്നതിന് നമ്മുടെ ചുമതല കളെ കുറിച്ച് ബോധമുൾക്കൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം എന്നത് ഇത്തരത്തി ലുള്ള ഒരു പ്രധാന ചുമതലയാണ്. അത് ഒരു അടിസ്ഥാന അജണ്ടയായി പഞ്ചാ

യത്തുകൾ എടുക്കണം.

സമ്പത്തിന്റെ വളർച്ചയാണ് ആദ്യം വേണ്ടതെന്നും ബാക്കിയുള്ളവ പിന്നെ നോക്കാം എന്നു വാദിക്കുന്ന വലിയ ഒരു വിഭാഗം സാമ്പത്തിക ശാസ്ത്രജ്ഞ രുണ്ട്. തത്വത്തിൽ അതിനോട് എനിക്ക് യോജിപ്പില്ല. കാരണം വളർച്ച ഉണ്ടാക ണമെങ്കിൽ അതിനു സംഭാവന നൽ കാൻ പ്രാപ്തിയുള്ള സമൂഹം ഉണ്ടാ കണം. ഇല്ലെങ്കിൽ സമൂഹത്തിലെ ഒരു ചെറിയ ന്യൂനപക്ഷത്തിനു മാത്രമായി രിക്കും വളർച്ചയുണ്ടാവുക. അതിൽ നിന്നും ലഭിക്കുന്നതെടുത്ത് മറ്റുള്ള വർക്ക് വീതിച്ചു നൽകലല്ല യഥാർത്ഥ സാമ്പത്തിക സ്വാതന്ത്ര്യം.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ത മായി കേരളത്തിൽ എല്ലാ ദാരിദ്ര്യ നിർ മ്മാർജ്ജന പദ്ധതികളും നടപ്പാക്കുന്നത് കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ വഴിയാണ്. പഞ്ചായത്തുകളോടു ചേർന്നു നില്ക്കുന്ന സംവിധാനമാണി ത്. ഈ മാതൃക അവലംബിച്ച് ആന്ധ്രാ പ്രദേശും ഒരു സംവിധാനമുണ്ടാക്കിയി ട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വലിയ പുരോഗതി ഉണ്ടാക്കുവാൻ അവ ർക്ക് കഴിഞ്ഞു. ഈ രണ്ടു മാതൃകകൾ പിന്തുടർന്നാണ് കേന്ദ്രസർക്കാർ ദേശീ യ ഗ്രാമീണ ഉപജീവനമിഷന് (NRLM) രൂപം നൽകിയത്. കേരളത്തിൽ NRLM നടപ്പാക്കുന്നത് കുടുംബശ്രീ മുഖേന യാണ്.

താഴെതട്ടിലെ തിരഞ്ഞെടുക്കപ്പെട്ട

നിയമനിർമ്മാണപരം
(Legislative Accountability)

കേരളത്തിൽ മാത്രമേയുള്ളൂ ഇത്. നിയമസഭാസമിതികളുടെ പ്രവർത്തന മെല്ലാം ഉള്ളതിനാൽ ശക്തമാണ്.

അനൗപചാരിക അക്കൗണ്ടബിലിറ്റി രംഗത്ത് നാം ഒരുപാട് മുന്നോട്ടുപോയി ട്ടുണ്ട്. വികേന്ദ്രീകരണം വന്നതിനുശേഷം അഴിമതിയുടെ അളവ് കുറഞ്ഞിട്ടുണ്ടെ ന്നാണ് അഭിപ്രായം. എന്നാൽ കുറ യേണ്ട രീതിയിൽ കുറഞ്ഞിട്ടില്ല. മാത്രമ ല്ല, ഞെട്ടിപ്പിക്കുന്ന രീതിയിലല്ലെങ്കിലും 1995 മുതലുള്ള കഴിഞ്ഞ 15 വർഷങ്ങളിൽ അഴിമതി കൂടിവരുന്നുവെന്നാണ് റിപ്പോർ ട്ടുകൾ സൂചിപ്പിക്കുന്നത്. ഈ പശ്ചാത്ത ലത്തിൽ അക്കൗണ്ടബിലിറ്റി ശക്തിപ്പെ ടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

(1) സാമൂഹികാടിസ്ഥാനത്തിലുള്ള പരിശോധന
(Community based monitoring)

നയപരമായി കേരളം അംഗീകരിച്ച താണെങ്കിലും പ്രാവർത്തികമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. എത്ര വീട് നൽകി, റോഡ് പണിതു തുടങ്ങിയ വിവ രങ്ങൾ സമൂഹത്തിനെ അറിയിക്കണം. അവർ മോണിറ്റർ ചെയ്യും. ഇത് അടിയ ന്തരമായി നടപ്പാക്കേണ്ടതാണ്.

(2) സിറ്റിസൺ സ്കോർ കാർഡ്
(Citizen score card)

പഞ്ചായത്തിനെ ജനങ്ങൾ വിലയിരു ത്തുന്ന രീതിയാണിത്. ഇത് അവലംബി ച്ചാൽ മാറ്റങ്ങൾ ഉണ്ടാകും.

(3) സോഷ്യൽ ആഡിറ്റ് *(Social audit)*

സോഷ്യൽ ആഡിറ്റ് നടത്തുന്നതി നുള്ള സ്വതന്ത്രസംഘടനാ സംവിധാനം “സോഷ്യൽ ആഡിറ്റ് സെൽ” മൂന്ന് മാസ ങ്ങൾക്ക് മുമ്പ് രൂപീകരിച്ചു കഴിഞ്ഞു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊ ഴിലുറപ്പ് പദ്ധതി മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സകലവിധ പ്രവർത്ത നങ്ങളും സോഷ്യൽ ആഡിറ്റിനു വിധേ യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(4) സ്വയം വിലയിരുത്തൽ
(Self Assessment)

പഞ്ചായത്തുകൾ സ്വയം വിലയിരു ത്തൽ നടത്തി പ്രഖ്യാപിക്കുന്ന രീതി.

(5) വെളിപ്പെടുത്തൽ *(Disclosure)*

വിവരാവകാശ നിയമത്തിലെ സെക്ഷൻ 4 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൊതു ജനങ്ങൾക്കുമുമ്പാകെ സ്വയം വെളിപ്പെ ടുത്തുക.

(6) മൂന്നാമതൊരാളെ കൊണ്ട് ഗുണനിലവാരം ഉറപ്പിക്കുക
(Third party Quality Assurance)

നമ്മുടെ നാട്ടിലെ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരെയും വിദ്യാ ർത്ഥികളെയും ഉപയോഗിച്ച് ഗുണനില വാരം പരിശോധിക്കുന്ന രീതി.

(7) ഇലക്ട്രോണിക് രീതി
(Electronic way of Accountability)

സർക്കാർ ഉത്തരവുകളെക്കാളും പ്രാധാന്യമാണ് പഞ്ചായത്ത് യോഗ ത്തിന്റെ മിനിറ്റ്സ്. ഇലക്ട്രോണിക് മിനിറ്റ്സ് സമ്പ്രദായം നടപ്പാക്കുന്നതിന് സോഫ്റ്റ്‌വെയർ വികസിപ്പിച്ചു വരുന്നു.

(8) പഞ്ചായത്ത് യോഗങ്ങളിൽ ജന ങ്ങൾക്കും പത്രപ്രവർത്തകർക്കും പങ്കെടുക്കാം

ഈ വ്യവസ്ഥ പരസ്യപ്പെടുത്തണം. ഇപ്പോൾ അധികം ആർക്കും അറിയില്ല .

(9) ബാഹ്യമായ പരിശോധന
(External monitoring)

നമ്മുടെ നാട്ടിലെ NCC, NSS തുട ങ്ങിയ സംഘടനകളെ ഉപയോഗിച്ചു കൊണ്ട് ബാഹ്യപരിശോധന നടത്താം.

(10) പൗരബോധവത്ക്കരണം

കളുടെ അടിസ്ഥാന അജണ്ടയാകണം

– കെ.പി. കണ്ണൻ

ജനാധിപത്യ സംവിധാനമാണ് പഞ്ചായത്ത് രാജ് സംവിധാനം. പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ വികസനപരമായ അജണ്ടയിൽ തന്നെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള അജണ്ടയും ഉൾപ്പെടുന്നു. സാമൂഹ്യസുരക്ഷാ പദ്ധതികൾ, ആശ്രയ തുടങ്ങിയ പദ്ധതികളാണ് സാധാണഗതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളായി നടപ്പാക്കുന്നത്. എന്നാൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ഇതുമാത്രമല്ല പെടുത്തേണ്ടത്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. വിശക്കുന്നവന് മീൻ കൊടുക്കുന്നതിനു പകരം അവനെ മീൻ പിടിക്കാൻ പഠിപ്പിച്ചു കൊടുക്കുന്നതാണ് ഏറ്റവും വലിയ സഹായമെന്ന്. സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ദീർഘകാല ദാരിദ്ര്യാവസ്ഥയ്ക്ക് കാരണം. അതു പരിഹരിക്കുന്നതിനുവേണ്ടി ചെയ്യുന്ന ഏതു പ്രവർത്തനവും ദാരിദ്ര്യ നിർമ്മാർജ്ജനം തന്നെയാണ്.

പഞ്ചായത്തുകൾ പദ്ധതികൾ നടപ്പാക്കുമ്പോൾ തൊഴിലെടുക്കുന്നവരിൽ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുതകുന്ന ഘടകം കൂടി ഉൾപ്പെടുത്തണം. ആപേക്ഷിക ദാരിദ്ര്യമാണ് കേരളം നേരിടുന്ന പ്രധാന പ്രശ്നം. കേരളത്തിൽ തൊഴിലില്ലാതെ നിൽക്കുന്നവരിൽ ഭൂരിഭാഗവും കുറച്ചു വിദ്യാഭ്യാസം ലഭിച്ചവരും എന്നാൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യമില്ലാത്തവരും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമാണ്. കേരളത്തിൽ എല്ലാവർക്കും പൊതുവിദ്യാഭ്യാസം നൽകാൻ സാധിച്ചിട്ടുണ്ടെങ്കിലും അടുത്ത പടിയിലേക്ക് കടന്ന് എന്തെങ്കിലും തൊഴിലെടുക്കാനുള്ള വൈദഗ്ദ്ധ്യമോ പരിശീലനമോ നൽകാൻ കഴിഞ്ഞിട്ടില്ല. എല്ലാവർക്കും ബിരുദധാരികളാകാൻ കഴിയില്ല എന്ന തിരിച്ചറിവ് നമ്മുടെ സമൂഹത്തിന് ഉണ്ടാകേണ്ടിയിരിക്കുന്നു. കായികമായി അദ്ധ്വാനിക്കുന്ന പണിക്ക് പോകാൻ പുതിയ തലമുറ തയ്യാറല്ല. അത് അംഗീകരിക്കേണ്ടതുമാണ്. വിദ്യാഭ്യാസപരവും തൊഴിൽപരവുമൊക്കെയായി തന്നെയാണ് ഒരു സമൂഹം പുരോഗതി കൈവരിക്കുന്നത്. നേരത്തെ ഉണ്ടായിരുന്ന തൊഴിൽ ബന്ധത്തിൽ നിന്നും വളരെയധികം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. കൃഷിയിലും മൃഗസംരക്ഷണത്തിലും മത്സ്യബന്ധനത്തിലുമെല്ലാം ആധുനിക സാങ്കേതിക വിജ്ഞാനം ഉപയോഗപ്പെടുത്തുകയാണ് നമ്മുടെ അയൽരാജ്യങ്ങളായ ചൈനയും ജപ്പാനും തായ്‌വാനുമെല്ലാം. വിദ്യാഭ്യാസം കൊണ്ടുതന്നെ തൊഴിൽ രംഗം മാറുന്ന സമയത്ത് ഉല്പാദനം വർദ്ധിക്കും. സാമൂഹ്യസുരക്ഷയുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ തന്നെ ഉല്പാദന പ്രക്രിയയുമായി ബന്ധപ്പെടുത്തി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് കഴിയണം.■

(ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ ഫെബ്രുവരി 19ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്തുകളും ദാരിദ്ര്യ ലഘൂകരണവും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുൻ ഡയറക്ടർ കെ.പി. കണ്ണൻ നടത്തിയ വിഷയാവതരണത്തിൽ നിന്നും.)

പഞ്ചായത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്നും ജനങ്ങൾക്ക് പഞ്ചായത്തിനോട് എന്തൊക്കെ ബാദ്ധ്യതയുണ്ടെന്നും അറിയിക്കുന്ന സംവിധാനം.

(11) ആഡിറ്റ് കമ്മീഷൻ

വിവിധ ആഡിറ്റുകൾ ഒരു കുടയ്ക്കു കീഴിൽ. പ്രാവർത്തികമായിട്ടില്ല.

ലോകമെമ്പാടും വികസിത രാജ്യങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ സംഘടനകളാണ് പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുള്ളത്. സർക്കാരുകൾ അല്ല. അവർക്കു മാത്രമേ അവകാശങ്ങൾ ഉന്നയിക്കാൻ കഴിയൂ. അസോസിയേഷനുകളുടെ ശക്തമായ ഇടപെടൽ ഈ രംഗത്ത് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.■

(ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ ഫെബ്രുവരി 18 ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്ത് – പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദേശീയ സെമിനാറിൽ മോഡറേറ്ററായിരുന്ന തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷ്ണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് നടത്തിയ അവലോകനത്തിൽ നിന്ന്.)

കെ. പ്രശാന്ത് കുമാർ

കേരളത്തിലെ ജനന/മരണ രജിസ്ട്രേഷൻ

നിയമവും നിർദ്ദേശങ്ങളും

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ അതിർത്തിരേഖകളായ ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നത് ആ വ്യക്തിയെയും കുടുംബത്തിനെയും സംബന്ധിച്ചു മാത്രമല്ല രാഷ്ട്രത്തെ സംബന്ധിച്ചും വളരെയേറെ പ്രാധാന്യമുള്ളതാണ്. ജനസംഖ്യാ വ്യത്യാസം വാർഷികാടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനും ജനന നിരക്കിനെയും മരണ നിരക്കിനെയും സംബന്ധിച്ച പഠനം, പദ്ധതികൾ തയ്യാറാക്കൽ എന്നിവയ്ക്കും പ്രാഥമിക ആരോഗ്യ സംരക്ഷണം, സാമൂഹിക സുരക്ഷിതത്വം, കുടുംബാസൂത്രണം, മാതൃശിശു ആരോഗ്യസംരക്ഷണം, പോഷകാഹാരം, വിദ്യാഭ്യാസം, പൊതുജന അധിവാസം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും വിലയിരുത്തുന്നതിനും ജനന മരണ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗിക്കുന്നു. വ്യക്തിയെ സംബന്ധിച്ച് സ്വദേശത്തു മാത്രമല്ല വിദേശങ്ങളിലും ജനന മരണ സർട്ടിഫിക്കറ്റുകൾ സ്വീകാര്യമായ രേഖകളാണ്. അതിനാൽ അതീവ പ്രാധാന്യമുള്ള ജനന മരണ രജിസ്ട്രേഷൻ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി പഞ്ചായത്ത് രാജ് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച ഏകീകൃത വ്യവസ്ഥ ഇന്ത്യയൊട്ടാകെ നിലവിൽ വന്നത് 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് നിലവിൽ വന്നതോടെയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ നിയമം 1.4.1970 മുതലും ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 1970 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ 1.07.1970 മുതലുമാണ് പ്രാബല്യത്തിൽ വന്നത്. 2000 ജനുവരി 1-ാം തീയതി മുതൽ 1970 ലെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിച്ചുകൊണ്ടുള്ള 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളാണ് പ്രാബല്യത്തിലുള്ളത്. രജിസ്ട്രാർതലത്തിലുള്ള എഴുത്തുജോലികൾ പരമാവധി കുറയ്ക്കുന്ന തരത്തിലാണ് ഇപ്രകാരം ചട്ടം പരിഷ്കരിച്ചിട്ടുള്ളത്. റിപ്പോർട്ടു ഫാറങ്ങളിലും സർട്ടിഫിക്കറ്റിലും മേൽവിലാസം ഉൾപ്പെടുത്തിക്കൊണ്ടും സർട്ടിഫിക്കറ്റ് ഫാറം ഇരട്ട ഭാഷയിലും സർക്കാരിന്റെയും സിവിൽ രജിസ്ട്രേഷന്റെയും എംബ്ലം ഉൾക്കൊള്ളിച്ചും 2007 ൽ ചട്ടങ്ങളിൽ സുപ്രധാനമായ ഒരു ഭേദഗതി വരുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	ജനനം/മരണം നടനന സ്ഥലം	റിപ്പോർട്ടു ചെയ്യേണ്ടയാൾ
1	വീട്	ഗൃഹനാഥൻ
2	ആശുപത്രി	മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്
3	ജയിൽ	ജയിലർ
4	ലോഡ്ജ്, സത്രം, ഹോസ്റ്റൽ മുതലായവ	ചുമതലക്കാരൻ
5	പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട നവജാതശിശു, മൃതദേഹം	ഗ്രാമപ്രദേശത്ത് ഗ്രാമത്തലവൻ, മറ്റു സ്ഥലങ്ങളിൽ പോലീസ്
6	പ്ലാന്റേഷൻ	സൂപ്രണ്ട് (മേൽനോട്ട ചുമതലയുള്ള യാൾ)
7	സഞ്ചരിക്കുന്ന വാഹനം	വാഹനത്തിന്റെ ചുമതലക്കാരൻ വാഹനം ആദ്യം നിർത്തുന്ന സ്ഥലത്ത്

ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച ഏകീകൃത വ്യവസ്ഥ ഇന്ത്യയൊട്ടാകെ നിലവിൽ വന്നത് 1969ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് നിലവിൽ വന്നതോടെയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ നിയമം 1.4.1970 മുതലും ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 1970ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ 1.07.1970 മുതലുമാണ് പ്രാബല്യത്തിൽ വന്നത്. 2000 ജനുവരി 1–ാം തീയതി മുതൽ 1970ലെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിച്ചു കൊണ്ടുള്ള 1999ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളാണ് പ്രാബല്യത്തിലുള്ളത്.

രജിസ്ട്രേഷൻ യൂണിറ്റുകൾ

978 ഗ്രാമ പഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ, കണ്ണൂർ കന്റോൺമെന്റ് എന്നിങ്ങനെ ആകെ 1044 രജിസ്ട്രേഷൻ യൂണിറ്റുകളാണ് കേരളത്തിൽ ഉള്ളത്.

സംഘടനാ സംവിധാനം

ദേശീയ തലത്തിൽ കേന്ദ്ര സർക്കാർ നിയമിക്കുന്ന രജിസ്ട്രാർ ജനറൽ, സംസ്ഥാനങ്ങളിൽ സംസ്ഥാന സർക്കാർ നിയമിക്കുന്ന ചീഫ് രജിസ്ട്രാർമാർ, ജില്ലാ രജിസ്ട്രാർമാർ, ജനന മരണ രജിസ്ട്രാർമാർ എന്നിവരും, രജിസ്ട്രാർമാർ ചീഫ് രജിസ്ട്രാറുടെ അനുമതിയോടെ നിയമിക്കുന്ന സബ് രജിസ്ട്രാർമാരും വിവിധ തലങ്ങളിൽ ഇവരെ സഹായിക്കുന്നതിന് നിയമിക്കുന്ന മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതാണ് സിവിൽ രജിസ്ട്രേഷന്റെ സംഘടനാ സംവിധാനം.

കേരളത്തിൽ പഞ്ചായത്ത് ഡയറക്ടറെ ചീഫ് രജിസ്ട്രാറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ജില്ലാ രജിസ്ട്രാർമാരായുംനിയമിച്ചിരിക്കുന്നു. കോർപ്പറേഷനുകളിൽ ഹെൽത്ത് ആഫീസർ, മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രാമ പഞ്ചായത്തുകളിൽ സെക്രട്ടറി, കണ്ണൂർ കന്റോൺമെന്റിൽ സൂപ്രണ്ട് എന്നിവർ രജിസ്ട്രാർമാരായും പ്രവർത്തിക്കുന്നു. നഗരസഭാപ്രദേശത്ത് നഗരസഭാ സെക്രട്ടറിയും കന്റോൺമെന്റിൽ എക്സിക്യൂട്ടിവ് ആഫീസറും ജില്ലാ രജിസ്ട്രാറുടെ ചുമതല നിർവ്വഹിക്കുന്നു. ഇതു കൂടാതെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ അഡീഷണൽ ഡയറക്ടറെ അഡീഷ ണൽ ചീഫ് രജിസ്ട്രാറായും പഞ്ചായത്ത് ഡയറക്ടറേറ്റിലും അഡീഷണൽ ചീഫ് രജിസ്ട്രാറുടെ ഓഫീസിലും ഓരോ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർമാരെയും നിയമിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

ജനന മരണ രജിസ്ട്രേഷന്റെ സംസ്ഥാനത്തെ മുഖ്യ നിർവ്വഹണാധികാരിയായ ചീഫ് രജിസ്ട്രാർക്ക് കാര്യക്ഷമമായ ഒരു രജിസ്ട്രേഷൻ സംവിധാനം നിലനിർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ചുമതലയുണ്ട്. ഇപ്രകാരം ചീഫ് രജിസ്ട്രാർ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുവരുന്നതും നാളിതുവരെ നൽകിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് 8.12.2010 ലെ ബി1–20741/2010–ാം നമ്പരായി സമഗ്രമായ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

രാജ്യമൊട്ടാകെ രജിസ്ട്രേഷൻ നടപടികൾ ഏകോപിപ്പിക്കുന്നതിനായി രജിസ്ട്രാർ ജനറലും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇതു കൂടാതെ, രജിസ്ട്രേഷൻ സംവിധാനത്തിലെ വിഷമതകൾ പരിഹരിക്കുന്നതിനും നിയമവ്യവസ്ഥകൾ സ്പഷ്ടീകരിക്കുന്നതിനും സംസ്ഥാന സർക്കാരും ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കാറുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനും ലഘൂകരിക്കുന്നതിനുമായി സർക്കാർ 21.01.2010 ൽ 68413/ആർ ഡി 3/2009/തസ്വഭവ നമ്പരായി പുറപ്പെടുവിച്ച സർക്കുലർ ഇവയിൽ വളരെ പ്രാധാന്യമേറിയ ഒന്നാണ്.

റിപ്പോർട്ടിംഗ്

ജനന, മരണ, നിർജീവ ജനനങ്ങൾ നടന്ന് 21 ദിവസങ്ങൾക്കകം സംഭവ സ്ഥലം ഉൾപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ റിപ്പോർട്ടു ചെയ്യണം. 1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരമുള്ള 1,2,3 നമ്പർ ഫാറങ്ങളിലാണ് ഇവ റിപ്പോർട്ടു ചെയ്യേണ്ടത്. റിപ്പോർട്ട് രേഖാമൂലം തന്നെ നൽകണമെന്ന് നിർബന്ധമില്ല. വാക്കാൽ നൽകുന്ന വിവരം രജിസ്ട്രാർ ഫാറത്തിൽ രേഖപ്പെടുത്തി വിവരം നൽകുന്നയാളുടെ ഒപ്പ്/ വിരലടയാളം വാങ്ങേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു.

റിപ്പോർട്ട് ഫാറങ്ങൾക്ക് രണ്ട് ഭാഗങ്ങളുണ്ട്. നിയമപരമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഭാഗവും (Legal part) സ്ഥിതി വിവര സംബന്ധമായ ഭാഗവും (Statistical part).

ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും രജിസ്ട്രേഷൻ നടപടിക്രമങ്ങൾ 'സേവന' സോഫ്റ്റ്വെയർ മുഖേനയാണ് നടത്തുന്നത്. കൂടാതെ എഴുപത്തഞ്ചോളം യൂണിറ്റുകളിൽ ഓൺലൈൻ രജിസ്ട്രേഷനു വേണ്ടിയുള്ള ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള സ്ഥലങ്ങളിൽ വിവരങ്ങൾ കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തി രജിസ്ട്രേഷൻ യൂണിറ്റിലേക്ക് ഓൺലൈൻ ആയി നൽകുന്നതോടൊപ്പം അതിന്റെ പ്രിന്റൗട്ട് എടുത്ത് വിവരം നൽകുന്നയാളും മെഡിക്കൽ ഓഫീസറും ഒപ്പുവച്ച് രജിസ്ട്രാർക്ക് നൽകുന്നു.

വിവരം നൽകാനുള്ള ചുമതലക്കാർ

ജനന മരണ രജിസ്ട്രേഷൻ ആക്റ്റിൽ ഓരോ ജനനവും റിപ്പോർട്ടു ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ആർ

ക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ 1 മുതൽ 5 വരെ ഇനങ്ങളിൽപ്പെടാത്ത സ്ഥലത്ത് നടന്ന ഒരു മരണം സംബന്ധിച്ച് ഒരു ഇൻക്വസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഇൻക്വസ്റ്റിംഗ് ആഫീസറാണ് മരണം റിപ്പോർട്ടു ചെയ്യേണ്ടത്. അതായത് മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നടന്ന മരണത്തിൽ ഇൻക്വസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ടു ചെയ്യേണ്ടത് പട്ടികയിൽ കാണിച്ചിട്ടുള്ളവർ തന്നെയാണ്. അതായത്, ഒരു വീട്ടിലോ അതിന്റെ പരിസരത്തോ നടന്ന ആത്മഹത്യ രജിസ്റ്റർ ചെയ്യുന്നതിന് പോലീസിന്റെ റിപ്പോർട്ട് ആവശ്യമില്ലെന്നു ചുരുക്കം.

വിവരങ്ങളുടെ കൃത്യത

റിപ്പോർട്ടിൽ ശ്രദ്ധാപൂർവ്വം വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. എന്നാൽ സമ്പൂർണ്ണ സാക്ഷരരെന്നും വിവേകശാലികളെന്നും അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ രജിസ്ട്രേഷനിൽ വിവരങ്ങൾ വളരെ അശ്രദ്ധമായി ചേർക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ സംവിധാനത്തിന്റെയും സമൂഹത്തിന്റെയും സമ്പത്തും സമയവും അപഹരിക്കപ്പെടുന്നതിനു കാരണമായിത്തീരുന്നു എന്നത് ദൗർഭാഗ്യകരമെന്നേ പറയാൻ കഴിയൂ. പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ വിവിധ രേഖകളിൽ വ്യത്യസ്തമായി രേഖപ്പെടുത്തുകയും പിന്നീട് ജനന രജിസ്ട്രേഷനിൽ മറ്റു രേഖകളിലെപ്പോലെ മാറ്റം വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നത് സാധാരണമാണ്. ഇതിനായി രജിസ്റ്റർ ചെയ്ത സംഭവം തെറ്റായ വിവരം നൽകി വീണ്ടും രജിസ്റ്റർ ചെയ്യുന്നതും അപൂർവ്വമല്ല. പലപ്പോഴും വിദേശരാജ്യങ്ങളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടി വരുമ്പോഴാണ് രജിസ്ട്രേഷനുകളിലെ വിവരങ്ങൾ മറ്റു രേഖകളിലെപ്പോലെയല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുന്നതു തന്നെ.

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാലുടൻ അറിവു നൽകുന്നയാൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് യാതൊരു ചാർജ്ജും കൂടാതെ നൽകേണ്ടതാണെന്ന് 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, അറിവു നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്.

അതിനാൽ സൂക്ഷ്മതയോടെ റിപ്പോർട്ടിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്.

ജനന റിപ്പോർട്ടിൽ കുട്ടിയുടെ ജനന സമയത്തെയും മരണ റിപ്പോർട്ടിൽ മരണ സമയത്തെയും വിവരങ്ങളാണ് ചേർക്കേണ്ടത്.

ലീഗൽ പാർട്ടിലെപ്പോലെ സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടിൽ ചേർക്കുന്ന വിവരങ്ങളും കൃത്യമാകേണ്ടതുണ്ട്. ഈ ഭാഗത്തെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല എന്നതിനാൽ എന്തെങ്കിലും രേഖപ്പെടുത്തുകയോ ഒന്നും എഴുതാതിരിക്കുകയോ ചെയ്യുന്നത് പതിവാണ്. ഇത് സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകളുടെ ഗുണനിലവാരത്തെയും അവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന പരിപാടികളെയും ദോഷകരമായി ബാധിക്കുന്നതാണ്. അഡീഷണൽ ചീഫ് രജിസ്ട്രാർ തയ്യാറാക്കി പ്രസിദ്ധീകരിച്ച 2008 ലെ വാർഷിക റിപ്പോർട്ടു പ്രകാരം ഏതാണ്ട് 15% ജനനങ്ങളിൽ മാതാവിന്റെയും 17% മരണങ്ങളിൽ മരിച്ചയാളുടെയും താമസസ്ഥലം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. താമസസ്ഥലം എന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവരമാണ് നൽകേണ്ടതെങ്കിലും പലപ്പോഴും സ്ഥലപ്പേര് നൽകുന്നത് വിവരങ്ങളുടെ തരം തിരിക്കലും ബുദ്ധിമുട്ടുള്ളതാക്കുന്നു.

കൃത്യമായ വിവരങ്ങൾ രജിസ്ട്രേഷനുകളിൽ രേഖപ്പെടുത്തുന്നുവെന്ന് പൊതുജനങ്ങളും ശരിയായ വിവരങ്ങൾ ലഭിക്കുന്നുവെന്ന് രജിസ്ട്രാർമാരും പരമാവധി ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ സിവിൽ രജിസ്ട്രേഷന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ കഴിയുകയുള്ളു.

രജിസ്ട്രേഷൻ

1.1.2000 മുതൽ നിലവിൽ വന്ന പരിഷ്കരിച്ച രജിസ്ട്രേഷൻ സംവിധാനത്തിൽ റിപ്പോർട്ടിംഗ് ഫാറങ്ങളുടെ നിയമപരമായ ഭാഗമാണ് (Legal part) രജിസ്ട്രാർ ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിക്കേണ്ടത്. അതിനാൽ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും റിപ്പോർട്ട് ഫാറത്തിന്റെ ലീഗൽ പാർട്ട് രജിസ്റ്ററായി സൂക്ഷിക്കുക മാത്രമല്ല പേരു ചേർക്കൽ, തിരുത്തൽ തുടങ്ങിയ എല്ലാ മാറ്റങ്ങളും ഈ രജിസ്റ്ററിൽ വരുത്തേണ്ടതുമുണ്ട്. ഇപ്പോൾ രജിസ്ട്രേഷൻ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട സാഹചര്യത്തിൽ ഒരേ പ്രവർത്തനം രണ്ടു തവണ-കമ്പ്യൂട്ടറിലും നിയമപരമായ രജിസ്റ്ററിലും- നടത്തേണ്ട അവസ്ഥ ഉണ്ടായിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഫലത്തിൽ കമ്പ്യൂട്ടർവൽക്കരണം വേഗത കൂട്ടുന്നതിനു പകരം വേഗത കുറയ്ക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിന് ചട്ടങ്ങൾ പരിഷ്കരിക്കുമെന്നു പ്രതീക്ഷിക്കാം.

വിവരം നൽകുന്നയാൾക്ക് സർട്ടിഫിക്കറ്റ്

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞാലുടൻ അറിവു നൽകുന്നയാൾക്ക് നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് യാതൊരു ചാർജ്ജും കൂടാതെ നൽകേണ്ടതാണെന്ന് 12-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ, റിപ്പോർട്ട് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം, അറിവു നൽകിയ വ്യക്തിയോ ചുമതലപ്പെടുത്തിയ ആളോ കൈപ്പറ്റിയില്ലെങ്കിൽ തുടർന്ന് 15 ദിവസത്തിനകം അവ ബന്ധപ്പെട്ട കുടുംബത്തിന് തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്. യഥാസമയം റിപ്പോർട്ടു ചെയ്യുന്ന ജനന മരണങ്ങൾക്കു മാത്രമേ ഇത്തരത്തിൽ സൗജന്യമായി സർട്ടിഫിക്കറ്റ് നൽകേണ്ടതുള്ളു.

താമസിച്ചുള്ള രജിസ്ട്രേഷൻ

ജനന മരണങ്ങൾ, അവ നടന്ന് 21 ദിവസങ്ങൾക്കകമാണ് റിപ്പോർട്ടു ചെയ്യേണ്ടത്. എന്നാൽ അതിനുശേഷം റിപ്പോർട്ടു ചെയ്യുന്ന സംഭവങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. 21 ദിവസത്തിനു ശേഷം 30 ദിവസം വരെ റിപ്പോർട്ടു ചെയ്യുന്നവ ലേറ്റ് ഫീ ഈടാക്കിക്കൊണ്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

മുപ്പതു ദിവസം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന മരണങ്ങൾ ഒരു വർഷത്തിനകം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതിയോടെ 5 രൂപ ലേറ്റ് ഫീ ഒടുക്കി രജിസ്റ്റർ ചെയ്യാം. സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ളത് ഗ്രാമപ്രദേശങ്ങളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും നഗരസഭകളിൽ സെക്രട്ടറിമാരെയും കന്റോൺമെന്റിൽ എക്സിക്യൂട്ടീവ് ഓഫീസറെയുമാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന് നോട്ടറി പബ്ലിക്ക് അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ മുമ്പാകെ നൽകിയ സത്യവാങ്മൂലവും ഹാജരാക്കണം.

ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ റവന്യൂ ഡിവിഷണൽ ആഫീസറുടെ അനുവാദത്തോടെ 10 രൂപ ലേറ്റ് ഫീ ഈടാക്കി വേണം രജിസ്റ്റർ ചെയ്യാൻ. ആക്റ്റ് നിലവിൽ വന്ന 1.04.1970 നു മുമ്പുള്ള ജനന മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

30 ദിവസത്തിനു ശേഷം റിപ്പോർട്ടു ചെയ്യുന്ന ജനനമരണങ്ങളുടെ രജിസ്ട്രേഷൻ അനുമതിക്ക് ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നത് നിർബ്ബന്ധമാണ്. എന്നാൽ നഗരസഭകളിലും കന്റോൺമെന്റിലും അനുമതി നൽകുന്ന അധികാരി പ്രസ്തുത സ്ഥാപനത്തിൽത്തന്നെയായതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല.

ഇക്കാര്യത്തിൽ 21 ദിവസം എന്നത് ജനന മരണങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സമയപരിധിയാണ് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. 21 ദിവസത്തിനകം റിപ്പോർട്ടു ചെയ്ത സംഭവം ലേറ്റ് ഫീ കൂടാതെ പിന്നീടും രജിസ്റ്റർ ചെയ്യാം. അതുപോലെ 30 ദിവസത്തിനകം റിപ്പോർട്ടു ചെയ്തവ പ്രത്യേക അനുമതിയോ സത്യവാങ്മൂലമോ കൂടാതെ 2 രൂപ ലേറ്റ് ഫീ മാത്രം ഒടുക്കി പിന്നീട് രജിസ്ട്രേഷൻ നടത്താം. എന്നാൽ ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്ത എല്ലാ കേസുകളിലും സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി നിർബ്ബന്ധമാണ്.

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10- ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജനനസ്ഥലം അഥവാ മരണസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ മാത്രമേ രജിസ്ട്രേഷൻ നടത്താൻ പാടുള്ളു എന്നതിനാൽ

റിപ്പോർട്ടിൽ ശ്രദ്ധാപൂർവ്വം വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. എന്നാൽ സമ്പൂർണ്ണ സാക്ഷരരെന്നും വിവേകശാലികളെന്നും അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ രജിസ്ട്രേഷനിൽ വിവരങ്ങൾ വളരെ അശ്രദ്ധമായി ചേർക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാർ സംവിധാനത്തിന്റെയും സമൂഹത്തിന്റെയും സമ്പത്തും സമയവും അപഹരിക്കപ്പെടുന്നതിനു കാരണമായിത്തീരുന്നു എന്നത് ദൗർഭാഗ്യകരമെന്നേ പറയാൻ കഴിയൂ.

മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും സർട്ടിഫിക്കറ്റ് നൽകാൻ പാടില്ലെന്നാണ് വ്യവസ്ഥ. രജിസ്ട്രേഷൻ ആവശ്യത്തിനോ, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നതിനോ മാത്രമേ ഇപ്രകാരം സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളുവെന്നും എന്താവശ്യത്തിനാണെന്ന വിവരം സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം ചീഫ് രജിസ്ട്രാറുടെ 8.12.2010 ലെ സർക്കുലർ പ്രകാരം റദ്ദാക്കിയിട്ടുണ്ട്. അതിനാൽ ഇപ്പോൾ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനനതീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് അപേക്ഷകർ, താമസസ്ഥലം, ജനനസ്ഥലം മുതലായവ തെളിയിക്കുന്നതിനുള്ള രേഖകൾ നിർബ്ബന്ധമായും അപേക്ഷയോടൊപ്പം ഹാജരാക്കാൻ ആവശ്യപ്പെടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. റേഷൻകാർഡ്, സ്കൂൾ രേഖ മുതലായവ തെളിവായി സ്വീകരിക്കാവുന്നതാണ്. ഇതിനു പുറമെ, അപേക്ഷയുടെ നിജസ്ഥിതി രജിസ്ട്രാർ അന്വേഷിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു തെളിവും ഹാജരാക്കാൻ

അപേക്ഷകന് സാധിച്ചില്ലെങ്കിൽ പോലീസ് അന്വേഷണത്തിനു ശേഷം മാത്രമേ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രജിസ്ട്രാർമാർ ആവശ്യപ്പെടുന്നതനുസരിച്ച് അന്വേഷണം നടത്തുന്നതിന് പല സ്ഥലങ്ങളിലും പോലീസ് അധികാരികൾ തയ്യാറാകുന്നില്ലെന്ന് ആക്ഷേപമുണ്ട്.

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു മുമ്പ്, പ്രസ്തുത സംഭവം മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകാമെന്ന് സംശയം തോന്നുന്ന കേസുകളിൽ മാത്രം ബന്ധപ്പെട്ട രജിസ്ട്രാറോട് രേഖാമൂലം വിവരം ആരായാവുന്നതാണെന്ന് ചീഫ് രജിസ്ട്രാർ വ്യക്തമാക്കിയിട്ടുണ്ട്.

രജിസ്റ്ററുകൾ നശിച്ചുപോയ കേസുകൾ

ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കം മൂലവും അല്ലാതെയും നശിച്ചുപോവുകയും തന്നിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതാണെന്നും രജിസ്ട്രേഷൻ സംബന്ധിച്ച തെളിവുകളൊന്നും ലഭ്യമല്ലാത്ത കേസുകളിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാര പരിധിക്കുള്ളിൽ നടന്നതാണെന്ന് ബോദ്ധ്യപ്പെട്ട ശേഷം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വർഷത്തെ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രവും ആർ.ഡി.ഒ.യുടെ അനുമതി ലഭിക്കുന്നതിനായി നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ■

(തുടരും)

ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയാണ്

നീർത്തട വി
തിരിച്ചറി

ഇല്ലായ്മയുടെ ഭൂതകാലത്തിന് വിടപറഞ്ഞ് പ
സമ്പ്രദായം ആ ഗ്രാമത്തിന്റെ സംസ്ക്കാരത്ത
നാൽപതോളം ഗ്രാമങ്ങൾ വികസിപ്പിക്കുവാനു

പ്രദീപ് പി.എൻ.

ആമുഖം

മഹാരാഷ്ട്രയിലെ ഹിവരിബസാർ ഗ്രാമം ഇന്ന് ഗ്രാമ വികസന പ്രവർത്തകരുടെ തീർത്ഥാടനകേന്ദ്രമായിക്കൊണ്ടിരിക്കുകയാണ്. 1970–80 കാലഘട്ടങ്ങളിൽ വളരെ പിന്നോക്ക ഗ്രാമങ്ങളിലൊന്നായിരുന്ന ഹിവരിബസാർ പ്രകൃതി വിഭവ പരിപാലനത്തിലൂന്നിയ നീർത്തട വികസനത്തിന്റെയും, പപ്പറ്റ് റാവു പവാർ എന്ന കഴിവുറ്റ ഗ്രാമത്തലവന്റെ നേതൃത്വഗുണത്തിന്റെയും ഫലമായി വളർച്ചയുടെ, വികസനത്തിന്റെ പുതിയ പാതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുകയാണ്. അനുദിനം നൂറുകണക്കിന് ആളുകൾ ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും ഹിവരി ബസാർ ഗ്രാമത്തിന്റെ വികസന തന്ത്രങ്ങളെക്കുറിച്ച് പഠിക്കാൻ വന്നുപോകുന്നുണ്ട്. ഇല്ലായ്മയുടെ ഭൂതകാലത്തിന് വിടപറഞ്ഞ് ഹിവരി ബസാർ ഗ്രാമം ഇന്ന് സമ്പന്നതയിലേക്ക് കാലൂന്നിക്കൊണ്ടിരിക്കുകയാണ്. പ്രകൃതി വിഭവ പരിപാലനത്തിലൂന്നിയ കൃഷി സമ്പ്രദായം ആ ഗ്രാമത്തിന്റെ സംസ്ക്കാരത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഹിവരി

ബസാർ ഗ്രാമത്തിലെ വികസന മാതൃകയുടെ അടിസ്ഥാനത്തിൽ മഹാരാഷ്ട്രയിലെ നാൽപതോളം ഗ്രാമങ്ങൾ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. പട്ടിണി ഉൻമൂലന പ്രവർത്തനം എന്നതിലുപരി ഹിവരി ബസാർ ഗ്രാമവാസികൾ തങ്ങളുടെ മണ്ണിനെയും ജലത്തിനേയും ജൈവസമ്പത്തിനേയും സ്നേഹിക്കാൻ തുടങ്ങിയതിന്റെ ഫലമാണ് ഇന്നു അവിടെ കാണാൻ കഴിയുന്ന സമൃദ്ധി.

പഠനയാത്രയുടെ ആവശ്യകത

കഴിഞ്ഞ ഇരുപത് വർഷക്കാലമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സർവ്വോന്മുഖമായ വികസനത്തിനുതകുന്ന പരിശീലന പരിപാടികൾ കില സംഘടിപ്പിച്ചു പോരുന്നു. കഴിഞ്ഞ കാലങ്ങളിലെ കഠിന പ്രവർത്തനങ്ങളുടെ ഫലമായി തദ്ദേശഭരണ സംവിധാനം കേരളമൊട്ടാകെ രൂപപ്പെടുത്തിയെടുക്കാൻ കിലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കിലയുടെ തുടർപ്രവർത്തനങ്ങളിലെ പ്രധാന ഊന്നൽ ഇപ്പോൾ സ്ഥാപനവൽക്കരിച്ചിട്ടുള്ള ഈ ഭരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുക എന്നുള്ളതാണ്. അതുകൊണ്ടാണ് ആവശ്യാധിഷ്ഠിത സമീപനത്തിൽ നിന്നും വിഭവാധിഷ്ഠിത സമീപനത്തിലേക്ക് കിലയുടെ പരിശീലനങ്ങൾ പഞ്ചായത്തുകളെ നയിക്കുന്നത്. അതിന്റെ സുപ്രധാന ഘടകം എന്ന നിലയിൽ പഞ്ചായത്ത് തലത്തിലുള്ള പ്രകൃതി വിഭവ പരിപാലനത്തിന് ഒരു പുതിയ കാഴ്ചപ്പാട് കൊണ്ടുവരാൻ ഇതിനോടകം കില ശ്രമം ആരംഭിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇന്നു നടക്കുന്ന പ്രകൃതി വിഭവ പരിപാലനങ്ങളെ ഒരു നീർത്തട വികസന കാഴ്ചപ്പാടിലേക്കും തുടർന്ന് അതിനെ നദീതട വികസനത്തിന്റെ ദിശയിലേക്കും കൊണ്ടുവരിക എന്നതാണ് കില വിഭാവനം ചെയ്യുന്നത്. ഇതിനായുള്ള പരിശീലനങ്ങൾക്ക് വസ്തുതകളുടെ നേർകാഴ്ച നൽകുന്നതിനും അതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൂതന വികസന ആശയങ്ങൾ ലഭ്യമാക്കുന്നതിനുമാണ് കിലയുടെ നേതൃത്വത്തിൽ 20 അംഗങ്ങളടങ്ങുന്ന സംഘം ഹിവരി ബസാർ ഗ്രാമത്തിലേക്ക് പഠനയാത്ര നടത്തിയത്.

ഹിവരി ബസാർ ഗ്രാമത്തിന്റെ സ്ഥാനം

മഹാരാഷ്ട്ര സംസ്ഥാനത്തിന്റെ പടിഞ്ഞാറു ഭാഗത്തായുള്ള അഹമ്മദ് നഗർ ജില്ലയിലെ നഗർ താലൂക്കിലാണ് ഹിവരി ബസാർ ഗ്രാമം സ്ഥിതി ചെയ്യുന്നത്. പൂനെ പട്ടണത്തിൽ നിന്നും വടക്കു കിഴക്ക് ദിശയിൽ സംസ്ഥാന ഹൈവേയിലൂടെ 60 കിലോമീറ്റർ സഞ്ചരിച്ചാൽ ഹിവരി ബസാർ ഗ്രാമത്തിലെത്താം. ഹിവരി ബസാർ ഗ്രാമത്തോട് അടുത്തുകിടക്കുന്ന റെയിൽവെസ്റ്റേഷൻ അഹമ്മദ് നഗറും വിമാനത്താവളം പൂനെയുമാണ്. മൂന്ന് നീർത്തടങ്ങളിലായി സ്ഥിതി ചെയ്യുന്ന ഹിവരി ബസാർ ഗ്രാമത്തിന്റെ ആകെ വിസ്തൃതി 977 ഹെക്ടർ ആണ്. ഗ്രാമത്തിൽ പ്രധാനമായും മറാത്ത വിഭാഗത്തിൽപ്പെട്ടവരാണ് താമസിക്കുന്നത്. അതുകൂടാതെ ഒരു മുസ്ലിം കുടുംബവും ഒരു ക്രിസ്ത്യൻ കുടുംബവും അവിടെയുണ്ട്. ആകെ ജനസംഖ്യ 1400 ആണ്.

ഹിവരി ബസാർ എൺപതുകളിൽ

1912ൽ ഇന്ത്യയിലൊട്ടാകെ ബാധിച്ച വരൾച്ചയുടെ കെടുതിയിൽ അകപ്പെട്ട ഒരു പ്രദേശമായിരുന്നു ഹിവരിബസാർ ഗ്രാമം. അതുകൊണ്ടുതന്നെ വരൾച്ചക്കു

ഹിവരി ബസാർ ഗ്രാമം ഇന്ന് സമ്പന്നതയിലേക്ക് കാലൂന്നിക്കൊണ്ടിരിക്കുകയാണ്. പ്രകൃതി വിഭവ പരിപാലനത്തിലൂന്നിയ കൃഷി ിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഹിവരി ബസാർ ഗ്രാമത്തിലെ വികസന മാതൃകയുടെ അടിസ്ഥാനത്തിൽ മഹാരാഷ്ട്രയിലെ ുള്ള പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു.

കസനത്തിന്റെ സാധ്യത
ഞ്ഞ ഹിവരി ബസാർ ഗ്രാമം

ശേഷം ഗ്രാമം വർദ്ധിച്ച കൃഷി നാശത്തിനും കുടിവെള്ളക്ഷാമത്തിനും കൊടിയ പട്ടിണിക്കും കീഴ്പ്പെട്ടു. മഴ ഗ്രാമത്തിന് അന്യമായതോടെ ജലസ്രോതസ്സുകൾ വറ്റി വരളാൻ തുടങ്ങി. തത്ഫലമായി വനപ്രദേശവും ജൈവസമ്പത്തും കൃഷിയും അനുദിനം നശിച്ചു കൊണ്ടിരുന്നു. പൂർണ്ണമായും കൃഷിയെ ആശ്രയിച്ചിരുന്ന ആ ഗ്രാമം തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും വഴിമാറി. ആ സന്ദർഭത്തിൽ ഗ്രാമത്തിലെ ആകെ കൃഷിയോഗ്യമായ ഭൂമിയുടെ 12 ശതമാനത്തിലേക്ക് കൃഷി ചുരുങ്ങി. അതും വർഷത്തിൽ ഒരു പ്രാവശ്യം മാത്രം. അത് ഗ്രാമവാസികളെ അയൽ നഗരപ്രദേശങ്ങളായ അഹമ്മദ് നഗർ, പൂനെ, ബോംബെ, നാഗ്പൂർ എന്നിവിടങ്ങളിലേക്ക് ചേക്കേറാൻ നിർബന്ധിതരാക്കി. അവശേഷിച്ച പ്രദേശവാസികൾ ജീവിതവൃത്തിക്കായി വ്യാജ മദ്യനിർമ്മാണവും കച്ചവടവും തൊഴിലായി സ്വീകരിച്ചു. തത്ഫലമായി ഗ്രാമത്തിൽ ചെറു സംഘങ്ങൾ രൂപം കൊണ്ടു. ഈ സംഘങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾ ഗ്രാമത്തിൽ ഒരു പതിവ് കാഴ്ചയായി. ഇതു ഹിവരി ബസാർ ഗ്രാമത്തിന് മഹാരാഷ്ട്ര സർക്കാരിന്റെ ഇടയിൽ ക്രിമിനൽ ഗ്രാമം എന്ന വിശേഷണം നേടി കൊടുത്തു. സംസ്ഥാനത്തെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ശിക്ഷാനടപടിയുടെ ഭാഗമായി സ്ഥലം മാറ്റുവാനുള്ള അവസരമായി സർക്കാർ ഹിവരി ബസാർ ഗ്രാമത്തെ കാണാൻ തുടങ്ങി. ശിക്ഷാനടപടിയുടെ ഭാഗമായി ഗ്രാമത്തിലെത്തിയ അദ്ധ്യാപകർ ഗ്രാമത്തിലെ വിദ്യാലയത്തിലെ പഠനാന്തരീക്ഷം താറുമാറാക്കി. അവശേഷിച്ചിരുന്ന ഒരു കൂട്ടം സദ്സ്വഭാവികളായ അദ്ധ്യാപകർ സ്ഥലം മാറ്റം വാങ്ങി മറ്റു ഗ്രാമങ്ങളിലേക്ക് പോയി. ഇതു ഗ്രാമത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആകെ തകിടം മറിച്ചു. കുട്ടികൾക്ക് നാലാം ക്ലാസ്സ് പഠനത്തിനായി 7 കിലോമീറ്റർ നടന്നുപോകേണ്ടി വന്നു. ഗ്രാമത്തിലെ ചെറിയ കുട്ടികൾ പോലും ദുശ്ശീലങ്ങൾക്കും മറ്റും അടിമകളായി മാറി. ഗ്രാമത്തിൽ ആകെ ഉണ്ടായിരുന്ന 257 കുടുംബങ്ങളിൽ 90% വും വരൾച്ചക്കെടുതിയും അനന്തര ഫലങ്ങളും മൂലം ദാരിദ്ര്യ രേഖയ്ക്ക് വളരെ താഴെയായി മാറിക്കഴിഞ്ഞിരുന്നു. ശിശു മരണനിരക്ക് വർദ്ധിച്ചു കൊണ്ടിരുന്നു. പോഷകാഹാര കുറവ് മൂലം ഗ്രാമത്തിലെ കുട്ടികളുടെ വളർച്ച മുരടിച്ചു. ജനങ്ങളുടെ ആളോഹരി പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയിലും വളരെ കുറഞ്ഞ 832 രൂപ എന്ന ദയനീയ അവസ്ഥയിലായി. ഇത് ജനങ്ങളുടെ ആരോഗ്യ വികസന സ്വപ്നങ്ങളെ പുറകോട്ട് വലിച്ചു. ദേശീയ, സംസ്ഥാന സർക്കാരുകൾ ഹിവരി ബസാർ ഗ്രാമത്തെ തീർത്തും അവഗണിച്ചു. ഗ്രാമത്തിലെ സ്ത്രീകൾക്ക് കുടിവെള്ളത്തിനും വിറകിനും വേണ്ടി അയൽ ഗ്രാമങ്ങളിൽ പോകേണ്ട സാഹചര്യം വന്നു. യാത്രയിൽ അവർക്കെതിരെയുള്ള ആക്രമണങ്ങളും ഗ്രാമത്തിലെ പതിവു സംഭവമായി.

ഇന്നത്തെ ഹിവരി ബസാർ ഗ്രാമം

ഹിവരി ബസാർ ഇന്ന് അതിന്റെ ഭൂതകാലത്തിലെ കഷ്ടതയിൽ നിന്നും മാറി സമ്പന്നതയുടെ പ്രതാപത്തിലേക്ക് കുതിക്കുകയാണ്. മുൻകാലത്ത് തങ്ങളുടെ വളർച്ചയുടെ ചവിട്ടുപടിയായിരുന്ന കൃഷിയെ ഗ്രാമത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഗ്രാമവാസികൾക്ക് കഴിഞ്ഞു. അതുമൂലം ഹിവരി ബസാർ ഗ്രാമം ഇന്ന് ജലസംരക്ഷണത്തിലൂടെ കാർഷിക വികസനം യാഥാർത്ഥ്യമായ നിലയിൽ മഹാരാഷ്ട്ര സംസ്ഥാനത്തിനും അതിലുപരി ഇന്ത്യൻ ഗ്രാമങ്ങൾക്കും ഒരു മാതൃകയായി നിലകൊള്ളുകയാണ്. 1980 കളിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ഗ്രാമത്തിൽ ലഭിക്കുന്ന മിതമായ മഴകൊണ്ടുതന്നെ ജലനിരപ്പ് ഉയർത്താൻ അവർക്ക് സാധിച്ചു. 1980 കളിൽ ജലനിരപ്പ് 70–80 അടി ആയിരുന്നത് ഇന്ന് 10–15 അടിയിലേക്ക് ഉയർന്നിട്ടുണ്ട്. 250 –350 മില്ലി മീറ്റർ വരെ ലഭിക്കുന്ന മഴയെ ഒരു തുള്ളിപോലും പാഴായി പോകാതെ ഭൂമിയിൽ സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ അവിടെയുണ്ട്. ഗ്രാമത്തിലെ 60 ഹെക്ടർ വനപ്രദേശത്തായി 9 ലക്ഷത്തോളം മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. തുറസ്സായ സ്ഥലങ്ങളിൽ പുല്ല് വർഗ്ഗങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തു. ഇതുമൂലം മണ്ണൊലിപ്പ് ഗണ്യമായി കുറയുകയുണ്ടായി. ഇത് ഗ്രാമത്തിലെ കിണറുകളിലെ ജല ലഭ്യത വർദ്ധിപ്പിച്ചു. ഇന്ന് ഗ്രാമത്തിലെ 90 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കിണറുണ്ട്. ഇത് കൃഷിയെ നല്ല രീതിയിൽ സ്വാധീനിക്കുന്നു. 1990ൽ 120 ഹെക്ടറിൽ ഒരു തവണ മാത്രം കൃഷി ചെയ്തിരുന്ന ഗ്രാമവാസികൾ ജലത്തിന്റെ ലഭ്യതമൂലം ഇന്ന് 750 ഹെക്ടർ പ്രദേശത്ത് വർഷത്തിൽ മൂന്നു തവണ കൃഷി ചെയ്യുന്നു. കൃഷി സമൃദ്ധമായതോടെ ഗ്രാമീണരുടെ വരുമാനത്തിലും കാതലായ മാറ്റം ഉണ്ടായി. ഇന്ന് ഗ്രാമീണരുടെ ആളോഹരി പ്രതിശീർഷ വരുമാനം 28000 രൂപയാണ്. (1980 ൽ 832 രൂപ) ഇത് ഇന്നത്തെ ദേശീയ ശരാശരിയേക്കാൾ വളരെ മിക

ച്ചതാണ്. 1990 ൽ ഒരു ഇരുചക്രവാഹനം മാത്രമുണ്ടായിരുന്ന ഗ്രാമത്തിൽ ഇന്ന് 270 ഇരുചക്രവാഹനങ്ങളും 25 കാറുകളും 17 ട്രാക്ടറുകളും ഉണ്ട്. ഹിവരിബസാർ ഗ്രാമത്തിലിന്ന് 50 ൽ പരം ദശലക്ഷ പ്രഭുക്കൾ ഉണ്ടെന്നുള്ളതും ഒരു വസ്തുതയാണ്. ഒരു വർഷം ഈ കൊച്ചു ഗ്രാമത്തിൽ നിന്ന് 70 ലക്ഷം രൂപയ്ക്കുള്ള സബോള വിൽക്കുന്നു എന്ന് അറിയുമ്പോൾ അവരുടെ പച്ചക്കറി ഉദ്പാദനത്തിന്റെ അളവ് നമുക്ക് കണക്കാക്കാൻ സാധിക്കും. ഗ്രാമത്തിൽ കൃഷി ജോലിയിൽ ഏർപ്പെടുന്ന ഒരു പുരുഷ തൊഴിലാളിക്ക് 200 രൂപയും സ്ത്രീ തൊഴിലാളിക്ക് 150 രൂപയും ലഭിക്കുന്നു. ഇതു മറ്റു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. അതിന് പുറമെ ഒരു കാലത്ത് ജോലിക്ക് വേണ്ടി മറ്റു പ്രദേശങ്ങളിലേക്ക് ചേക്കേറിയതിൽ നിന്ന് വ്യത്യസ്തമായി ഇന്ന് 500 മുതൽ 600 വരെ തൊഴിലാളികൾ മറ്റു ഗ്രാമങ്ങളിൽ നിന്നു പ്രതിദിനം ഹിവരി ബസാർ ഗ്രാമത്തിൽ എത്തുന്നുണ്ട്. ഇതു ഗ്രാമത്തിലെ തൊഴിൽ ലഭ്യതയെയാണ് സൂചിപ്പിക്കുന്നത്. കൃഷിയിടങ്ങളിലെ തൊഴിലാളി ക്ഷാമം പരിഹരിക്കാനായി കൂട്ടായ കൃഷി രീതികളും കുടുംബങ്ങൾ അവലംബിക്കുന്നുണ്ട്.

കൃഷിയോടൊപ്പം അനുബന്ധ പ്രവർത്തനങ്ങളും ഗ്രാമത്തിൽ നല്ല രീതിയിൽ നടക്കുന്നു. ഒരു വർഷം 100 മെട്രിക് ടൺ തീറ്റ പുല്ല് ഉൽപാദിപ്പിച്ചിരുന്ന ഗ്രാമത്തിൽ ഇന്ന് 3000 മുതൽ 4000 മെട്രിക് ടൺ തീറ്റപുല്ല് ഉൽപാദിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കന്നുകാലി വളർത്തൽ എല്ലാ വീടുകളിലും ഉണ്ട്. 318 അത്യുൽപാദന ശേഷിയുള്ള പശുക്കളും 160 എരുമകളും ഗ്രാമത്തിലുണ്ട്. ഈ വളർച്ച ഗ്രാമത്തിലെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ ആകർഷങ്ങളായ വീടുകൾ ഉണ്ട്. വീടുകളിൽ കക്കൂസും പുകശല്യമില്ലാത്ത അടുപ്പുകളും നിർബന്ധമാക്കി. അതു കൂടാതെ 80 ശതമാനം വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു. വളർത്തു മൃഗങ്ങളുടെ വിസർജ്യങ്ങൾക്കൊപ്പം മനുഷ്യ വിസർജ്യവും കൂടി ബയോഗ്യാസ് നിർമ്മാണത്തിന് ഫലപ്രദമായി ഉപയോഗിക്കുന്നു. അതുകൊണ്ടുതന്നെ ആകെ കൃഷി സ്ഥലത്തിൽ 80 ശതമാനം പ്രദേശത്തും ജൈവകൃഷിയാണ് ചെയ്യുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ മൂലം മാലിന്യ സംസ്കരണമെന്ന പ്രശ്നം ആ ഗ്രാമത്തെ അലട്ടുന്നേയില്ല. ഓരോരുത്തരും താമസിക്കുന്ന പ്രദേശങ്ങൾ അവരവർ തന്നെ വൃത്തിയാക്കുന്നു. പൊതു സ്ഥലങ്ങൾ മാസത്തിൽ ഒരിക്കൽ നിർബന്ധമാക്കിയ ശ്രമദാനത്തിലൂടെ വൃത്തിയാക്കുന്നു. തുറസ്സായ സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപവും മലിന ജലം കെട്ടിക്കിടക്കുന്ന ഓടകൾ, ചാലുകൾ എന്നിവയും ഇല്ലാത്തതു മൂലം കൊതുക് ആ ഗ്രാമത്തിന് കേട്ടുകേൾവിപോലുമില്ലാത്ത കാര്യമാണ്. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതുകൊണ്ട് തുറസ്സായ സ്ഥലങ്ങളിൽ അതു നിരോധിച്ചിരിക്കുകയാണ്.

ഇതെല്ലാം തന്നെ നാട്ടിലെ മറ്റു വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടായി. പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാലയം, നഴ്സറി സ്കൂൾ, സർക്കാർ ആശുപത്രി, കമ്മ്യൂണിറ്റി ഹാൾ, മൃഗാശുപത്രി, പൊതു ശ്മശാനം, ഗതാഗത യോഗ്യമായ ടാർ റോഡുകൾ, ജിംനേഷ്യം, വായനശാലകൾ, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വഴിവിളക്കുകൾ തുടങ്ങിയവ അതിൽ ചിലതു മാത്രമാണ്. വികസനത്തിന്റെ നട്ടെല്ലായി കണക്കാക്കുന്ന വിദ്യാഭ്യാസം ഇന്ന് അവിടെ നല്ല രീതിയിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ശുചിത്വം സ്കൂളുകളിൽ നിന്നുതന്നെ കുട്ടികളെ ശീലിപ്പിക്കുന്നു. ഓരോ ക്ലാസ് മുറിയിലും നഖം വെട്ടി, സോപ്പ്, നാപ്കിൻ തുടങ്ങിയവ ലഭ്യമാണ്. ഗ്രാമത്തിലെ 100% കുട്ടികളും സ്കൂളിൽ ചേർന്ന് പഠിക്കുന്നുണ്ട്. ആ ഗ്രാമത്തിൽ ഇന്ന് ഡോക്ടർമാർ, എഞ്ചിനീയർമാർ, ജവാൻമാർ, സർക്കാർ ജോലിയുള്ളവർ, മാനേജ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നവർ എന്നിങ്ങനെ 100 പരം യുവാക്കളുണ്ട്. ഗ്രാമീണരുടെ സാക്ഷരതാ നിരക്ക് 90%ത്തിന് മുകളിലാണെന്നുള്ളതാണ് വേറൊരു വസ്തുത. 1980 ൽ പരസ്പരം കലഹത്തിന് കുപ്രസിദ്ധമായിരുന്ന ഹിവരി ബസാർ ഗ്രാമത്തിൽ കഴിഞ്ഞ 5 വർഷങ്ങളായി ഒരു ക്രിമിനൽ കേസ് പോലും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല എന്നതിലുപരി അവർ ഏകോദര സഹോദരങ്ങളെപോലെയാണ് ജീവിക്കുന്നത്. അതിനുദാഹരണമാണ് ഗ്രാമത്തിലാകെയുള്ള ഒരു മുസ്ലീം കുടുംബത്തിനും ഒരു ക്രിസ്ത്യൻ കുടുംബത്തിനും ആരാധനാലയം നിർമ്മിക്കുന്നതിനുള്ള തുക ഗ്രാമവാസികൾ സമാഹരിച്ചു നൽകിയത്. അതു കൂടാതെ കഴിഞ്ഞ വർഷത്തെ ഗണപതി ഉത്സവത്തിന് എല്ലാ വീടുകളിലും ഗണപതി മൂർത്തി നിർമ്മിക്കുന്നതിനുപകരം ഗ്രാമം ഒന്നായി ഒരു മൂർത്തിയെയാണ് നിർമ്മിച്ചത്. ഇതുമൂലം ലാഭിച്ച 21000 രൂപ കാർഗിൽ യുദ്ധത്തിൽ മരിച്ച ഗ്രാമത്തിലെ ധീരയോദ്ധാവിന്റെ വിധവയ്ക്ക് സഹായമായി നൽകി. ലാത്തൂർ ഭൂകമ്പം ഉണ്ടായപ്പോഴും ഗ്രാമവാസികൾ അകമഴിഞ്ഞ് സഹായിക്കുകയുണ്ടായി. 1980 കളിൽ പട്ടിണി മൂലം ഗ്രാമം വിട്ടുപോയവർ എല്ലാവരും ഇന്ന് ഗ്രാമത്തിൽ തിരികെ വന്ന് താമസമാക്കി. ഗ്രാമത്തിന് പുറത്തെ വ്യക്തികൾക്ക് സ്ഥലം കൊടുക്കാൻ പാടില്ല എന്ന നിയമം പ്രാബല്യത്തിൽ വരുത്തിയതോടൊപ്പം മുഴുവൻ വീടുകളുടേയും ഉടമസ്ഥത സ്ത്രീകളുടെ പേരിലാക്കിമാറ്റുകയും ചെയ്തു. മദ്യപാനം നിരോധിച്ചതുമൂലം നല്ല കുടുംബ ജീവിതവും അതുമൂലം കാര്യശേഷിയുള്ള ഒരു സമൂഹവും ഇന്ന് ആ ഗ്രാമത്തിൽ ഉണ്ടായിരിക്കുന്നു. ■

(തുടരും)

ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ ട്രെയിനിംഗ് അസോസിയേറ്റാണ്.

നിർമ്മൽ ഗ്രാമപുരസ്ക്കാരം: പഞ്ചായത്തുകളെ ആദരിച്ചു

2010ൽ സംസ്ഥാനത്തെ 103 ഗ്രാമ പഞ്ചായത്തുകൾ നിർമ്മൽ ഗ്രാമപുരസ്ക്കാരം കരസ്ഥമാക്കി

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സമ്പൂർണ്ണ ശുചിത്വ യജ്ഞം. ഈ പദ്ധതി മാതൃകാപരമായി നടപ്പിലാക്കുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണ് നിർമ്മൽ ഗ്രാമ പുരസ്ക്കാർ. 2010ൽ സംസ്ഥാനത്തെ 103 ഗ്രാമ പഞ്ചായത്തുകൾ നിർമ്മൽ ഗ്രാമപുരസ്ക്കാരം നേടുകയുണ്ടായി. ഇതോടുകൂടി കേരളത്തിലെ 972 ഗ്രാമ പഞ്ചായത്തുകൾ ഈ പുരസ്ക്കാരം നേടിക്കഴിഞ്ഞു. നടപ്പുവർഷം പുരസ്ക്കാരത്തിന് അർഹരായ 103 പഞ്ചായത്തുകളെ 2011 ഫെബ്രുവരി 23 ന് തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അവാർഡുകൾ നൽകി ആദരിച്ചു.

ചടങ്ങിൽ തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക, ശുചിത്വമിഷൻ ഡയറക്ടർ ഡോ. ആർ. അജയകുമാർ വർമ്മ, ഗ്രാമവികസന കമ്മിഷണർ എ. ഷാജഹാൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു തുടങ്ങിയവരും പങ്കെടുത്തു.

നിർമ്മൽ ഗ്രാമപുരസ്കാരം നേടിയ പഞ്ചായത്തുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി സാക്ഷ്യപത്രം നൽകുന്നു. തിരുവനന്തപുരം മേയർ അഡ്വ. കെ. ചന്ദ്രിക സമീപം.

അവാർഡു നേടിയ പഞ്ചായത്തുകൾ

എറണാകുളം
1. കുമ്പളങ്ങി

ഇടുക്കി
2. ചിന്നക്കനാൽ
3. ദേവികുളം
4. മാങ്കുളം
5. പീരുമേട്
6. ശാന്തൻപാറ
7. ഉപ്പുതറ

കാസറഗോഡ്
8. ബേഡഡുക്ക
9. ബെള്ളൂർ
10 ചെങ്ങള
11. ദേലംപാടി
12. എന്മകജെ
13. കള്ളാർ
14. കാറഡുക്ക
15. കിനാനൂർകരിന്തളം
16. കുമ്പഡജെ
17. കുട്ടിക്കോൽ
18. മംഗൽപാടി
19. മീഞ്ച
20. മൊഗ്രാൽ പുത്തൂർ
21. പള്ളിക്കര
22. പനത്തടി
23. പുല്ലൂർ പെരിയ
24. പുത്തിഗെ
25. വോർക്കാടി
26. വെസ്റ്റ് എളേരി

കൊല്ലം
27. മൈനാഗപ്പള്ളി
28. പത്തനാപുരം
29. പോരുവഴി
30. വിളക്കുടി

കോട്ടയം
31. ആർപ്പൂക്കര
32. അതിരമ്പുഴ
33. അയർക്കുന്നം
34. അയ്മനം
35. ഭരണങ്ങാനം
36. ചെമ്പ്
37. ചിറക്കടവ്
38. ഈരാറ്റുപേട്ട
39. എരുമേലി
40. കടനാട്
41. കടപ്ലാമറ്റം
42. കല്ലറ
43. കാണക്കാരി
44. കങ്ങഴ
45. കാഞ്ഞിരപ്പള്ളി
46. കരൂർ
47. കറുകച്ചാൽ
48. കിടങ്ങൂർ
49. കോരുത്തോട്
50. കുമരകം
51. കുമാരനല്ലൂർ
52. കുറിച്ചി
53. മണർകാട്
54. മണിമല
55. മാഞ്ഞൂർ
56. മരങ്ങാട്ടുപിള്ളി
57. മറവൻതുരുത്ത്
58. മീനച്ചിൽ
59. മീനടം
60. മേലുകാവ്
61. മൂന്നിലവ്
62. മുണ്ടക്കയം
63. മുത്തോലി
64. നാട്ടകം
65. നെടുംകുന്നം
66. ഞീഴൂർ
67. പായിപ്പാട്
68. പാമ്പാടി
69. പാറത്തോട്
70. പുതുപ്പള്ളി
71. ടി.വി. പുരം
72. തീക്കോയി
73. തലപ്പലം
74. തലയാഴം
75. തലയോലപ്പറമ്പ്
76. തിടനാട്
77. തിരുവാർപ്പ്
78. തൃക്കൊടിത്താനം
79. ഉദയനാപുരം
80. ഉഴവൂർ
81. വാഴപ്പള്ളി
82. വാഴൂർ
83. വെച്ചൂർ
84. വെളിയന്നൂർ
85. വിജയപുരം

മലപ്പുറം
86. ചുങ്കത്തറ
87. മുത്തേടം
88. ഒഴൂർ
89. വഴിക്കടവ്

പാലക്കാട്
90. എലവഞ്ചേരി
91. നല്ലേപ്പിള്ളി
92. പല്ലശന
93. പെരുമാട്ടി
94. പുതൂർ
95. ഷോളയൂർ
96. തെങ്കര

തിരുവനന്തപുരം
97. അഞ്ചുതെങ്ങ്
98. അരുവിക്കര
99. ഇലകമൺ
100. കോട്ടുകാൽ
101. മണമ്പൂർ
102. പുളിമാത്ത്
103. വിതുര ■

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

പ്രതിബദ്ധതാ സംവിധാനങ്ങളും അവയുടെ പ്രസക്തിയും -

പേജ് 13ൽ നിന്നും

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ

ട്രൈബ്യൂണലിനെപോലെ സിവിൽ കോടതിയായി കണക്കാക്കപ്പെടുന്ന മറ്റൊരു സ്വതന്ത്ര അധികാരിയാണ് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ. പ്രതിബദ്ധതയില്ലാത്ത ജനപ്രതിനിധികളെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്ന കാര്യത്തിൽ ഇലക്ഷൻ കമ്മീഷനും വലിയൊരു പങ്കു വഹിക്കാനുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ 34, 35 വകുപ്പുകൾ പ്രകാരം ക്രിമിനൽ കോടതി ചില കാര്യങ്ങൾക്ക് ശിക്ഷിക്കുകയോ, പാപ്പർ ആവുകയോ, സർക്കാർ, പഞ്ചായത്ത് എന്നിവയുടെ കരാർ പ്രവർത്തിയോ, പ്രതിഫലം നേടികൊണ്ട് പഞ്ചായത്തിൻെറ വക്കീലായുള്ള പ്രവർത്തിയോ ഏറ്റെടുക്കുകയോ, ദുർഭരണം നടത്തിയെന്നോ, തന്റെ പ്രവർത്തി കാരണം പഞ്ചായത്തിന് നഷ്ടം വരുത്തിയെന്നോ, കണ്ടെത്തിയ ശേഷം അതിന് വ്യക്തിപരമായി സാമാജികനെ ഓംബുഡ്സ്മാൻ കുറ്റപ്പെടുത്തുകയോ ചെയ്താലും സാമാജികന് തൽസ്ഥാനം നഷ്ടപ്പെടും. അതിനാൽ നിയമാനുസരണം പ്രവർത്തിക്കാൻ ഈ സ്ഥാപനവും സാമാജികനെ പ്രതിബദ്ധനാക്കുന്നു.

പ്രതിബദ്ധത ഉറപ്പാക്കാൻ സർക്കാരിനും ചില കാര്യങ്ങളിൽ ഇടപെടാം. നിയമത്തിലെ 187 മുതൽ 194 വരെ വകുപ്പുകളിൽ ഇതേപ്പറ്റി പ്രതിപാദിക്കുന്നു. പഞ്ചായത്തിന്റെ രേഖകൾ പരിശോധിക്കാനും ചെയ്യാത്ത പ്രവർത്തികളുടെ മൂല്യവും ഗുണനിലവാരവും മറ്റും പരിശോധിക്കാനും പൊതുവായ മാർഗ്ഗനിർദ്ദേങ്ങൾ നൽകാനും അന്വേഷണങ്ങൾ നടത്താനും പ്രതിബദ്ധതയില്ലാതെ നിരുത്തരവാദപരമായോ നിയമവിരുദ്ധമായോ പ്രവർത്തനങ്ങൾ നടത്തിയതുകാരണം വീഴ്ചകൾ സംഭവിച്ചതായോ കാണുന്നപക്ഷം നിർദ്ദേശങ്ങൾ നൽകി തെറ്റുകൾ തിരുത്താനും അന്വേഷണം നടത്താനും നിയമവിരുദ്ധമായോ, പരിധി കടന്നോ, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായോ എടുക്കുന്ന പഞ്ചായത്ത് തിരുമാനങ്ങൾ റദ്ദാക്കാനും സർക്കാരിന് കഴിയും. തീരുമാനം റദ്ദാക്കുന്ന കാര്യത്തിലും മറ്റും എൽ.എസ്.ജി.ഐ ട്രൈബ്യൂണലിന്റേയോ, ഓംബുഡ്സ്മാന്റേയോ ഉപദേശം കൂടി തേടണമെന്ന് മാത്രം. തെറ്റായ കാര്യങ്ങൾ നടക്കുന്നതായി സംശയം ഉണ്ടാകുന്ന പക്ഷം ഓംബുഡ്സ്മാന്റെ അധികാരം ഉപയോഗിച്ച് അന്വേഷണം നടത്താൻ നിർദ്ദേശിക്കാനും സർക്കാരിന് അധികാരം ഉണ്ട്.

മാതൃകാ പ്രസിഡന്റ്

നിയമ വ്യവസ്ഥകളെപ്പറ്റി പറഞ്ഞു കഴിഞ്ഞു. എന്റെ മനസ്സിൽ ഉള്ള മാതൃകാ പ്രസിഡന്റ് എങ്ങനെ പ്രവർത്തിക്കുമെന്ന് കൂടി വ്യക്തമാക്കികൊള്ളട്ടെ. ഒന്നാമതായി അദ്ദേഹം 100 ശതമാനം സത്യസന്ധനും എന്തൊക്കെ പ്രകോപനമുണ്ടായാലും സ്വന്തം മനസാക്ഷിക്കെതിരെ പ്രവർത്തിക്കാത്തയാളും ആകണം. 156-ാം വകുപ്പിൽ പറയുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ ചുമതലകൾ, അധികാരങ്ങൾ, എന്നിവയ്ക്ക് പുറമേ സെക്രട്ടറിയുടെയും സാമാജികരുടെയും അധികാരങ്ങളെ സംബന്ധിച്ച നിയമവ്യവസ്ഥകൾ അദ്ദേഹം ഹൃദിസ്ഥമാക്കണം. നല്ല ഭാഷ മാത്രമേ സംസാരിക്കാൻ ഉപയോഗിക്കാവൂ എന്നതിന് പുറമേ ഒരു പുഞ്ചിരിയോടെ തന്നെ സമീപിക്കുന്നവർക്ക് സേവനം നൽകാനും അദ്ദേഹം തയ്യാറാകണം. പഞ്ചായത്ത് ഓഫീസിൽ കാണിക്കേണ്ട മര്യാദകൾ കൃത്യമായി പാലിക്കണം. സഹപ്രവർത്തകരുടെ ആദരവ് അർഹിക്കുന്ന രീതിയിലേ പെരുമാറാൻ പാടുള്ളൂ. വഴിതെറ്റി ധനം ആർജിക്കാനുള്ള പ്രവണത ഒഴിവാക്കണം. പഞ്ചായത്ത് രാജ് മാസിക മുടക്കം കൂടാതെ വായിക്കണം. മാധ്യമങ്ങൾ നൽകുന്ന സൂചനകൾക്കും അർഹമായ ശ്രദ്ധ നൽകണം. കില, ശുചിത്വമിഷൻ എന്നിവയുടെ സേവനം തേടാൻ മടിക്കരുത്. പുതിയ നിയമങ്ങൾ, നയങ്ങൾ എന്നിവയുടെ കാര്യത്തിൽ കാണുന്ന അപാകതകൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ബഡ്ജറ്റ് തയ്യാറാക്കൽ ഫാറം പൂരിപ്പിക്കുന്ന ഒരു പ്രക്രിയ മാത്രം ആക്കരുത്. എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ള രീതിയിൽ നയരൂപീകരണവും ബഡ്ജറ്റ് തയ്യാറാക്കലും നടക്കണം. സ്ഥലത്തെ റസിഡന്റ്സ് അസോസിയേഷനുകൾക്ക് മാലിന്യ നിർമ്മാർജന കാര്യത്തിലും പ്ലാസ്റ്റിക്ക് എന്ന ഭൂതത്തിനെ നിയന്ത്രിക്കുന്ന കാര്യത്തിലും തെരുവ് പട്ടികളുടെ ശല്യം ഒഴിവാക്കുന്ന കാര്യത്തിലും പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കുന്ന കാര്യത്തിലുമൊക്കെ വലിയ പങ്ക് വഹിക്കാനാകും. അവരുടെ സഹകരണം പരമാവധി ഉപയോഗിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും.

ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പാക്കുന്ന കാര്യത്തിൽ കേരളം മുൻപന്തിയിൽ ആണ്. നാല് മാസം മുൻപ് ഡൽഹിയിൽ വച്ച് എല്ലാ സംസ്ഥാനങ്ങളിലേയും എൽ.എസ്.ജി സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയുണ്ടായി. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകാനായിരുന്നു അത്. കമ്മീഷന്റെ ഒരു നിർദ്ദേശം, വരും വർഷം കൂടുതൽ തുക തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാൻ ആവുമെന്നും എന്നാൽ അതിന് ചില വ്യവസ്ഥകൾ പാലിക്കണമെന്നും ആണ്. ഈ വ്യവസ്ഥകളിൽ പ്രധാനമായ ഒന്ന് ഓംബുഡ്സ്മാൻ സംവിധാനം നടപ്പാക്കണമെന്നതാണ്.നടപ്പാക്കിയാൽ മാത്രമേ ഈ വർദ്ധിച്ച തുക നൽകൂ. അല്ലെങ്കിൽ മുൻ വർഷം നൽകിയ തുകയേ നൽകൂ. കേരളത്തിൽ മാത്രമേ ഈ സംവിധാനം ഉള്ളൂ എന്നതിനാൽ തന്നെ അതിനെ ഒരു മാതൃകയായി മറ്റു സംസ്ഥാനങ്ങളെടുക്കണം എന്ന കാര്യം ഊന്നി പറയാനായി എന്നെയും ആ യോഗത്തിലേക്ക് ക്ഷണിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കാൻ ഇത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഇത്തരം ഒരു വ്യവസ്ഥ 13-ാം ധനകാര്യ കമ്മീഷൻ മുമ്പോട്ട് വച്ചത്.

ട്രൈബ്യൂണലിനെപോലെ സിവിൽ കോടതിയായി കണക്കാക്കപ്പെടുന്ന മറ്റൊരു സ്വതന്ത്ര അധികാരിയാണ് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ. പ്രതിബദ്ധതയില്ലാത്ത ജനപ്രതിനിധികളെ തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യുന്ന കാര്യത്തിൽ ഇലക്ഷൻ കമ്മീഷനും വലിയൊരു പങ്കു വഹിക്കാനുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും പഞ്ചായത്തുദ്യോഗസ്ഥർക്കും ബാധകമായ പെരുമാറ്റച്ചട്ടങ്ങൾ 2007ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഇനി പറയുന്ന പെരുമാറ്റം ഇവരിൽ നിന്നും പ്രതീക്ഷിക്കുന്നു.

1. സൗഹാർദപരമായ സഹവർത്തിത്വം

പാലിക്കണം.

2. നിയമലംഘനം ഒഴിവാക്കണം.
3. സർവീസ് ആനുകൂല്യങ്ങൾ കൃത്യമായി നൽകണം.
4. ചുമതലകൾ കൃത്യമായും നിർഭയമായും നിഷ്പക്ഷമായും നിർവഹിക്കാൻ അനുവദിക്കുക.
5. മാന്യമായ പെരുമാറ്റം മാത്രം. പരുഷഭാഷ, അശ്ലീലച്ചുവയുള്ള ഭാഷ, ആംഗ്യ വിക്ഷേപങ്ങൾ, അക്രമനടപടികൾ എന്നിവ ഒഴിവാക്കുക.
6. ദുരാരോപണങ്ങൾ, അപകീർത്തികരമായ പ്രസ്താവനകൾ, വിവാദങ്ങൾ എന്നിവ ഒഴിവാക്കുക,
7. യോഗങ്ങളിലും മറ്റും ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തുക,
8. അന്തസ്സും പദവിയും അന്യോന്യം മാനിക്കുക.
9. അനർഹമായ സാമ്പത്തിക നേട്ടം ഉറപ്പാക്കാൻ പഞ്ചായത്തിന്റെ സമ്പത്തോ വിഭവങ്ങളോ സൗകര്യങ്ങളോ ഉപയോഗിക്കാതിരിക്കുക,
10. സത്ഭരണം കാഴ്ചവയ്ക്കാൻ നിയമവാഴ്ച, നീതി നടത്തൽ, സുതാര്യത എന്നിവയോട് ആദരം, അച്ചടക്കം.
11. കൃത്യനിഷ്ഠ, മാന്യമായ പെരുമാറ്റം, സത്യസന്ധത, ദേശീയബോധം, ആർജ്ജവം എന്നിവ കാണിക്കുക,

ഇവ ലംഘിച്ചാൽ ഓംബുഡ്സ്മാന് പരാതി നല്കാം. കുറ്റം തെളിഞ്ഞാൽ 1,000 രൂപാ വരെ പിഴ ചുമത്താൻ ഓംബുഡ്സ്മാന് അധികാരം ഉണ്ടെന്നും ഓർക്കുക. അച്ചടക്ക നടപടി എടുക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യാനും ഓംബുഡ്സ്മാന് അധികാരം ഉണ്ട്.

ഇതെല്ലാം സാമാജികരുടെ പ്രതിബദ്ധത ഉറപ്പു വരുത്താൻ സഹായകമായ നടപടികൾ തന്നെ. ഈ അച്ചടക്ക നടപടികളിൽ ഒന്നും പെടാതെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന എത്രയോ പഞ്ചായത്തു പ്രസിഡന്റുമാർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ പ്രവർത്തനം നമുക്ക് മാതൃകയാക്കാം.

(ആലപ്പുഴ മുനിസിപ്പൽ ടൗൺ ഹാളിൽ ഫെബ്രുവരി 18ന് പഞ്ചായത്ത് ദിനാഘോഷ പരിപാടിയോടനുബന്ധിച്ച് 'ഗ്രാമപഞ്ചായത്ത് – പ്രതിബദ്ധതാ സംവിധാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദേശീയ സെമിനാറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ നടത്തിയ വിഷയാവതരണത്തിൽ നിന്നും)

Statement about ownership and other particulars about the Panchayat Raj (monthly) to be published in the first issue every year after the last day of February - Form IV (See Rule 8)

1. Place of Publication : Thiruvananthapuram
2. Periodicity of the Publication : Monthly
3. Printer's Name : K.R. Muraleedharan IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
4. Publisher's Name : K.R. Muraleedharan IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
5. Editor's Name : K.R. Muraleedharan IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
6. Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital : Government of Kerala

I, K.R. Muraleedharan IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
1-3-2011

Sd/-
Director of Panchayats

ഓരോ പ്രദേശത്തിനും ഓരോ സാംസ്ക്കാരികത്തനിമയുണ്ട്. അത് അതിന്റേതായ ജീവിതം സൃഷ്ടിക്കും. ഭക്ഷണത്തിൽ ഉടുപ്പിൽ നടപ്പിൽ എല്ലാം സൂക്ഷ്മമായ തനതംശങ്ങൾ കാത്തുവെയ്ക്കും. ഭാഷയിൽ പ്രത്യേകിച്ചും അതു തിരിച്ചറിയാം. ഓണാട്ടുകര എന്ന സാംസ്കാരിക ഭൂമിക സൃഷ്ടിച്ച് പുലർത്തിപ്പോരുന്ന ചില ചൊല്ലുകളും വാക്കുകളും ശൈലീവിശേഷങ്ങളുമുണ്ട്. ഏതാനും ശൈലീവിശേഷങ്ങളാണ് ഇന്ന് ഇവിടെ ആവിഷ്ക്കരിക്കുന്നത്. ഇതിന് സമാനമായ ശൈലീവിശേഷങ്ങൾ ഓരോ പ്രദേശങ്ങളിലുമുണ്ടാകാം.

പേടും കുരുടും

ഓണാട്ടുകരയ്ക്കാരുടെ വർത്തമാനത്തിൽ കടന്നുവരുന്ന ശൈലിയോ പ്രയോഗമോ ആണ് 'പേടും കുരുടുമെന്നത്'. തഴയപ്പെട്ടത് അഥവാ വേണ്ടത്ര നല്പില്ലാത്തത് എന്ന വാച്യാർത്ഥമാണ് ഇതിനുള്ളത്. "അദ്ദേഹത്തിന്റെ മക്കളിൽ മൂത്തവർ മൂന്നു പേരും മിടുക്കന്മാരാണ് എന്നാൽ ഇളയത് രണ്ടും പേടും കുരുടുമായിപ്പോയി" എന്നു പറയാറുണ്ട്. 'പേടും കുരുടും' എന്നത് നാളീകേരവുമായി ബന്ധപ്പെട്ടാണ് പൊതുവേ പറയപ്പെടുന്നത്. ഉള്ളിൽ കാമ്പില്ലാത്തയാതൊരു പ്രയോജനവുമില്ലാത്ത തേങ്ങയാണ് 'പേട്'. നളീകേരമിട്ട് എണ്ണം തിട്ടപ്പെടുത്തുമ്പോൾ ഏറ്റവും ചെറിയ താരതമ്യേന വലിപ്പം വളരെക്കുറഞ്ഞ തേങ്ങയാണ് 'കുരുട്'.

ഊടുപാട്

"അമ്പലപ്പറമ്പിൽ ഉത്സവത്തിന് വഴക്കുണ്ടാക്കിയതിന് ഗോപാലകൃഷ്ണനെ

മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

പോലീസ്സുകാർ "ഊടുപാട് തല്ലി" എന്ന് പറയാറുണ്ടല്ലോ. പൊതിരെ, ഒരു ദയാദാക്ഷിണ്യവുമില്ലാതെ, തുടങ്ങിയ അർത്ഥമാണ് ഊടുപാട് എന്ന പ്രയോഗത്തിനുള്ളത്. 'അച്ചാലും മുച്ചാലും', 'ഈച്ചും പേച്ചുമില്ലാതെ' എന്നീ പ്രയോഗങ്ങളും ഇതിന് സമാനമായ പ്രയോഗങ്ങളാണ്.

നിന്നാണോം നെറിം

"അയാളുടെ വാക്കും പഴയ ചാക്കും ഒരു പോലെയാ ഒന്നിനും ഒരു നിന്നാണോം നെറിയുമില്ല." പറയുന്ന വാക്കിന് സ്ഥിരതയും ഉറപ്പും സത്യസന്ധതയും ഇല്ലാതെ വരുമ്പോഴാണ് 'നിന്നാണോം നെറിയുമില്ല' എന്ന പ്രയോഗം പ്രസക്തമാകുന്നത്. മനുഷ്യരായാൽ പറയുന്ന വാക്കിന് നിന്നാണോ നെറിയും വേണമെന്ന് സംസാരഭാഷയിൽ പൊതുവേ ഉപയോഗിക്കാറുണ്ട്.

ആപ്പയും ഊപ്പയും

ഏറെക്കുറെ 'പേടും കുരുടും' എന്ന പ്രയോഗത്തിന് സമാനമായ അർത്ഥം തന്നെയാണ് ആപ്പയും ഊപ്പയും എന്നതിന് മത്സ്യവുമായി ചേർത്തുവേണം ഈ പ്രയോഗത്തെ വിശകലനം ചെയ്യേണ്ടത്. മീൻ വില്പനയ്ക്കായി ഒന്നിച്ചു കൂട്ടിയിടുമ്പോൾ അതിൽ ദൃഢവും നല്ല വലിപ്പമുള്ളതുമായ മീനുകളെല്ലാം വില്പന നടത്തിക്കഴിഞ്ഞാൽ ബാക്കി അവശേഷിക്കുന്നത് ഉള്ളതിൽ തരികിടയായ ആപ്പയും ഊപ്പയുമായിരിക്കുമെന്ന് സാരം.

ആഴക്കും ഉഴക്കും

അളവും തൂക്കുമായി ബന്ധപ്പെട്ടുള്ള ഒരു പ്രയോഗമാണിത്. ഇന്നത്തെപ്പോലെ കിലോഗ്രാമും മില്ലിഗ്രാമും ഒക്കെ പ്രചുര പ്രചാരത്തിലാകുന്നതിന് മുമ്പ് ആഴക്ക്, ഉഴക്ക്, നാഴി, കഴഞ്ച്, ഇടങ്ങഴി, പക്ക, തുടം എന്നിങ്ങനെ പലരീതിയിലായിരുന്നു അളവ് മാനദണ്ഡങ്ങൾ. അങ്ങനെയുള്ള മാനദണ്ഡങ്ങൾ കൈത്തിട്ടത്തിന് ധാന്യങ്ങൾ നൽകുമ്പോൾ ആഴക്ക്, ഉഴക്ക്, ഉരിയ എന്നിങ്ങനെ പറയാറുണ്ട്.

തണ്ടിയും തരവും

രണ്ടുപേർ തമ്മിൽ വഴക്കുണ്ടാകുകയും കൈയ്യേറ്റത്തിലേക്ക് അത് വഴിമാറുകയും ചെയ്യുമ്പോൾ ഒരാൾ തടിമിടുക്കുള്ള നല്ല പേശീ ബലമുള്ളയാളും മറ്റേയാൾ, താരതമ്യേന ദുർബ്ബലനുമാണെങ്കിൽ സാധാരണ മറ്റുള്ളവർ പറയും "വെറുതെ വഴക്കുണ്ടാക്കാതെ, നിങ്ങളു തണ്ടിയും തരവുമല്ല". തുല്യമായ ആരോഗ്യസ്ഥിതിയുള്ള രണ്ടുപേർ തമ്മിൽ ഏതെങ്കിലും മത്സരത്തിലേർപ്പെടുമ്പോഴേ അത് തണ്ടിയും തരവുമാകൂ.

വഴക്കും വയ്യാവേലിയും

"എന്റെ പൊന്നു ചങ്ങാതി ഞാൻ വഴക്കിനും വയ്യാവേലിക്കുമൊന്നുമില്ല എനിക്കതിനൊട്ടു നേരവുമില്ല" - ഓണാട്ടുകര പ്രദേശങ്ങളിലെ സാർവ്വത്രികമായ ഒരു സംസാര രീതിയാണ്, എന്തെങ്കിലും പ്രശ്നങ്ങളുടെ പേരിൽ പോരടിക്കുക, വാഗ്വാദമുണ്ടാക്കുക, കായികമായി നേരിടുക തുടങ്ങിയ അർത്ഥമാണ് 'വഴക്ക്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാളെ ശകാരിക്കുന്നതിനും വഴക്കു പറയുക എന്നു പറയും. എന്നാൽ അരുതാത്തതും ഭാവിയിൽ സ്വസ്ഥത നഷ്ടപ്പെടുത്തുന്നതുമായ ഏതെങ്കിലും കാര്യത്തിൽ പോയ് തലയിടുന്നതിനാണ് 'വയ്യാവേലി' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 'പുലിവാലുപിടിക്കുക' എന്നതും ഇതിന് സമാനമായ പ്രയോഗമാണ്.

അല്ലറചില്ലറ

'അവര് തമ്മിൽ എന്തോ ചില അല്ലറചില്ലറ പ്രശ്നങ്ങളുണ്ട്'. വളരെ പ്രകടമായി പുറത്ത് അറിയുന്നില്ലെങ്കിലും ഉള്ളിൽ കിടന്നു പുകയുന്ന സാരമല്ലാത്ത കൊച്ചുകൊച്ചു പ്രശ്നങ്ങളെയോ, കാര്യങ്ങളെയോ സൂചിപ്പിക്കുന്ന പ്രയോഗമാണ് 'അല്ലറചില്ലറ'.

പിച്ചും പേയും പറയുക

പരസ്പര ബന്ധമില്ലാതെ അന്തസ്സാരശൂന്യമായി സംസാരിക്കുന്നതിനാണ് 'പിച്ചും പേയും പറയുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രായാധിക്യത്തെക്കാൾ ഓർമ്മശക്തി നഷ്ടമായവരും സ്ഥിരബുദ്ധിയില്ലാത്തവരും ഇപ്രകാരം സംസാരിക്കാറുണ്ട്. എന്നാൽ പരസ്പരം സംസാരിക്കുമ്പോൾ സന്ദർഭോചിതമല്ലാത്ത ഒട്ടും പ്രസക്തമല്ലാത്ത കാര്യങ്ങൾ സംസാരമധ്യേ പറയുകയാണെങ്കിൽ 'നിങ്ങളെന്താണ് പിച്ചും പേയും പറയുന്നതെന്ന്' കേൾക്കുന്നയാൾ ചോദിച്ചെന്നിരിക്കും. ■

ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്

പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 12

പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ

ഓരോ ധനകാര്യ ഇടപാടും പഞ്ചായത്തിന്റെ അക്കൗണ്ടിൽ രേഖപ്പെടുത്തുന്ന രീതി നിർദ്ദേശിക്കുന്നവയാണ് 'പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ' (Significant Accounting Policies). ഇവ ഓരോന്നായി പരിശോധിക്കാം.

നികുതികൾ

വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, പ്രദർശന നികുതി എന്നിവ സംബന്ധിച്ച വരുമാനം അക്കൗണ്ടിൽ രേഖപ്പെടുത്തുന്നത് ഒരേ രീതിയിലല്ല.

1. വസ്തു നികുതി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഓരോ കെട്ടിടത്തിനും അതുമായി ബന്ധപ്പെട്ട ഭൂമിക്കും ചേർന്നുള്ള വസ്തു നികുതി (Property tax on every building (including the land appurtenant thereto) നിർണ്ണയിക്കേണ്ടതെങ്ങനെയെന്ന് 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203–ാം വകുപ്പ് നിർദ്ദേശിക്കുന്നു. നിലവിലുള്ള 203–ാം വകുപ്പ്, 2009–ലെ 31–ാം ആക്ട് പ്രകാരം 7.10.2009 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുള്ളതാണ്.

വസ്തു നികുതി സംബന്ധിച്ച പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ താഴെ പറയുന്നവയാണ്.:

(എ) വർഷാരംഭത്തിൽ തന്നെ ഡിമാൻഡ് പ്രകാരമുള്ള വസ്തുനികുതി വരുമാനം അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തണം.

(ബി) വസ്തു നികുതി നിർണ്ണയത്തിൽ മാറ്റമുണ്ടാവുകയോ, പുതിയ നിർണ്ണയങ്ങളുണ്ടാകുകയോ ചെയ്യുമ്പോൾ അതേസമയത്ത് അക്കൗണ്ടിൽ രേഖപ്പെടുത്തണം.

(സി) ലൈബ്രറി സെസ്, പുവർ ഹോം സെസ് തുടങ്ങി വസ്തു നികുതിയോടൊപ്പം പിരിക്കേണ്ട തുകകളും ഒരു പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് രേഖപ്പെടുത്തണം.

(ഡി) ലൈബ്രറി സെസ് തുടങ്ങിയവയുടെ കാര്യത്തിൽ ബാദ്ധ്യത രേഖപ്പെടുത്തുന്നത് പിരിച്ചെടുക്കുന്ന ക്രമത്തിലായിരിക്കും.

2. തൊഴിൽ നികുതി

തൊഴിൽ നികുതിക്ക് രണ്ട് വിഭാഗങ്ങളുണ്ട്; ഇവ നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും വ്യത്യസ്ത രീതിയിലാണ്. അതിനാൽ തന്നെ അവയ്ക്ക് വ്യത്യസ്ത അക്കൗണ്ട് കോഡുകൾ നൽകിയിരിക്കുന്നു. (i) തൊഴിൽ നികുതി - സ്ഥാപനങ്ങൾ/പ്രൊഫഷനലുകൾ/ട്രേഡർമാർ; (ii) തൊഴിൽ നികുതി - ജീവനക്കാർ എന്നിവയാണ് അവ. സ്വയം ശമ്പളം വാങ്ങിയെടുക്കുന്നവർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും രണ്ടാമത്തെ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. രണ്ടു വിഭാഗം തൊഴിൽ നികുതി വരുമാനം വ്യത്യസ്ത രീതിയിലാണ് അക്കൗണ്ടിൽ രേഖപ്പെടുത്തുക.

(i) *തൊഴിൽ നികുതി - സ്ഥാപനങ്ങൾ/പ്രൊഫഷനലുകൾ/ട്രേഡർമാർ:* നികുതി നൽകേണ്ടതായിത്തീരുന്ന വർഷം, ഡിമാൻഡ് തയ്യാറാകുമ്പോൾ വരുമാനം പഞ്ചായത്തിന്റെ അക്കൗണ്ടിൽ അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്നു.

(ii) *തൊഴിൽ നികുതി - ജീവനക്കാർ:* ജീവനക്കാരുടെ തൊഴിൽ സംബന്ധിച്ച വരുമാനമാകട്ടെ, ലഭിക്കുന്ന ക്രമത്തിൽ, കാഷ് അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തുക.

3. പരസ്യ നികുതി

(i) *ലേലം ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ:* തൊഴിൽ പിരിക്കാനുള്ള കുത്തക ലേലം ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ, കരാറിൽ നിശ്ചയിച്ചിരിക്കുന്ന രീതിയിൽ, അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തണം.

(ii) *നേരിട്ടു പിരിക്കുകയാണെങ്കിൽ:* ലേലം ചെയ്തുകൊടുക്കാതെ പഞ്ചായത്ത് നേരിട്ടു പിരിക്കുകയാണെങ്കിൽ നികുതി സ്വീകരിച്ച്

അനുവാദം നൽകുന്ന സമയം മുതൽ, അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തണം. ആദ്യവർഷം കഴിഞ്ഞാൽ, പുതുക്കാനുള്ള തീയതിക്ക് അക്രൂവൽ വരുമാനം രേഖപ്പെടുത്തണം.

4. വിനോദ നികുതി, പ്രദർശന നികുതി

ലഭിക്കുന്ന മുറയ്ക്ക്, കാഷ് അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തണം.

നികുതി അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതുസംബന്ധിച്ച പൊതുതത്വങ്ങൾ

അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്തുന്ന നികുതികൾക്ക്, താഴെപറയുന്ന നിബന്ധനകൾ ബാധകമായിരിക്കും.

(1) പിഴപ്പലിശ, പെനാൽറ്റികൾ തുടങ്ങിയവ ലഭിക്കുന്ന മുറയ്ക്ക് വരുമാനമായി രേഖപ്പെടുത്തും.

(2) നോട്ടീസ് ഫീ, വാറന്റ് ഫീ തുടങ്ങിയവ, ഡിമാൻഡ് ചെയ്യുന്ന ക്രമത്തിൽ അക്രൂവൽ ആയി രേഖപ്പെടുത്തണം.

(3) രണ്ടുവർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡിമാൻഡുകളുടെ കാര്യത്തിൽ താഴെപ്പറയുന്ന രീതിയിലുള്ള പ്രൊവിഷൻ അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. പഴയ ഡിമാൻഡുകൾ പിരിച്ചെടുക്കാനുള്ള സാദ്ധ്യത സംശയാസ്പദമാകയാൽ ഇവയെ 'കിട്ടാനുള്ളവയിൽ സംശയാസ്പദമായവ' യായി കണക്കാക്കിയാണ് പ്രൊവിഷൻ ഉൾപ്പെടുത്തുന്നത്. പ്രൊവിഷൻ തന്നാണ്ടിലെ ചെലവായും, ആസ്തി അക്കൗണ്ടിൽ ക്രെഡിറ്റായും രേഖപ്പെടുത്തുന്നു.

2 വർഷത്തിലധികം, പക്ഷെ 3 വർഷത്തിൽ താഴെ പഴക്കം : 25%

3 വർഷത്തിലധികം, പക്ഷെ 4 വർഷത്തിൽ താഴെപഴക്കം : 50%

4 വർഷത്തിലധികം, എന്നാൽ 5 വർഷത്തിൽ താഴെ പഴക്കം : 75%

5 വർഷത്തിലധികം പഴക്കം : 100%

(4) മുൻവർഷങ്ങളിലെ ഡിമാൻഡ് പുനർനിർണയിക്കുകയാണെങ്കിൽ വർദ്ധനവോ കുറവോ സംഭവിക്കാം. വർദ്ധനവാണെങ്കിൽ, 'മുൻകാല വരുമാനം ആയി (Prior Period Income) അക്കൗണ്ടിൽ രേഖപ്പെടുത്തണം. നേരെമറിച്ച് വരുമാനത്തിന്റെ കുറവ് സംഭവിക്കുകയാണെങ്കിൽ 'മുൻകാല ചെലവ് (Prior Period Expenditure) ആയി രേഖപ്പെടുത്തണം.

(5) തന്നാണ്ടിലെ ഡിമാൻഡ് സംബന്ധിച്ചുള്ള റെമിഷൻ, റീഫണ്ട് തുടങ്ങിയവ തന്നാണ്ടിലെ വരുമാനത്തിനെതിരെ ക്രമീകരിക്കുന്നതായിരിക്കണം.

(6) പൂർണമായി അടയ്ക്കാതെ, നികുതിദായകൻ ഭാഗികമായി മാത്രമാണ് നികുതി അടയ്ക്കുന്നതെങ്കിൽ അതു സ്വീകരിച്ചു രസീത് നൽകണം. പിഴപ്പലിശ, കുടിശ്ശിക നികുതി, തന്നാണ്ടിലെ നികുതി എന്ന ക്രമത്തിൽ, നൽകിയ തുക ക്രമീകരിക്കണം. ഓരോ അർദ്ധവാർഷിക നികുതിയുടേയും മേലുള്ള ലൈബ്രറിസെസ്സും ഇതേ രീതിയിൽ ക്രമീകരിക്കണം. ഇപ്രകാരം ക്രമീകരിക്കാനാവാതെ ബാക്കി വരുന്ന തുക "മുൻകൂർ ആയി ലഭിച്ച............. നികുതി"യായി രേഖപ്പെടുത്തണം. ഇതു ബാദ്ധ്യതാക്കണക്കിലായിരിക്കും ഉൾപ്പെടുക.

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203-ാം വകുപ്പ് 24.03.1999 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്യുന്നതുവരെ 'കെട്ടിടനികുതി' എന്നായിരുന്നു വസ്തു നികുതിയുടെ പേര്. അത് സ്മരണയിൽ നിന്നും മാഞ്ഞു പോകാത്തതുകൊണ്ടാകാം പലരും ഇപ്പോഴും 'വസ്തു നികുതി'യെ 'കെട്ടിട നികുതി' എന്നാണ് പരാമർശിക്കുന്നത്.

ഭൂനികുതി, കെട്ടിട നികുതി, വസ്തു നികുതി

വസ്തുനികുതി, കെട്ടിടനികുതി എന്നീ പദങ്ങൾ സംബന്ധിച്ചു പോലും പലരിലും സംശയങ്ങൾ നിലനില്ക്കുന്നുണ്ട്. അതിനാൽ അവയുടെ വ്യക്തമായ ചിത്രം നൽകാനാണിവിടെ ശ്രമിക്കുന്നത്.

ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമയായ വ്യക്തി താഴെ പറയുന്ന മൂന്നു തരം നികുതികൾ നൽകേണ്ടതാണ്.

(i) അടിസ്ഥാന നികുതി (Basic Tax): 1961 ലെ കേരള ഭൂനികുതി നിയമം (Kerala Land Tax Act, 1961) പ്രകാരം ഉടമസ്ഥാവകാശമുള്ള ഭൂമിക്ക് നൽകേണ്ട നികുതി 'അടിസ്ഥാന നികുതി' (Basic Tax) യാണ്. റവന്യൂ വകുപ്പിന്റെ കീഴിലുള്ള വില്ലേജ് ഓഫീസിലാണ് ഈ നികുതി അടയ്ക്കുന്നത്.

(ii) കെട്ടിട നികുതി (Building Tax): 1975 - കേരള കെട്ടിടനിയമം (Kerala Building Tax Act 1975) അനുശാസിക്കുന്ന രീതിയിൽ പണിപൂർത്തിയാക്കുന്ന കെട്ടിടങ്ങളുടെ മേൽ റവന്യൂവകുപ്പ് ഒറ്റത്തവണയായി ചുമത്തുന്ന നികുതിയാണ് കെട്ടിടനികുതി. (Building Tzx)

(iii) വസ്തുനികുതി (Property Tax)-1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭകളും വസ്തു നികുതി (Property Tax) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നു. കെട്ടിടത്തിനും, കെട്ടിടവുമായി ബന്ധപ്പെട്ട ഭൂമിക്കും ചേർന്നുള്ള നികുതിയാണിത്.

Property എന്ന വാക്കിന് 'കെട്ടിടവും അതിന്റേതായ ഭൂമിയും' (building or buildings and the land belonging to it or them) എന്ന അർത്ഥം The New Oxford Dictionary of English നൽകിയിരിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 203-ാം വകുപ്പ് 24.03.1999 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്യുന്നതുവരെ 'കെട്ടിടനികുതി' എന്നായിരുന്നു ഈ നികുതിയുടെ പേര്. അത് സ്മരണയിൽ നിന്നും മാഞ്ഞുപോകാത്തതുകൊണ്ടാകാം പലരും ഇപ്പോഴും 'വസ്തു നികുതി'യെ 'കെട്ടിട നികുതി' എന്നാണ് പരാമർശിക്കുന്നത്.

2009ലെ 31-ാം ആക്ട് പ്രകാരം 7.10.2009 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്തിട്ടുള്ള 203-ാം വകുപ്പാണ് ഇപ്പോൾ നിലവിലുള്ളത്. ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള ചട്ടങ്ങളും വിജ്ഞാപനങ്ങളും സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കു മാത്രമേ, നിർദ്ദേശിക്കുന്ന രീതിയിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതിയ വസ്തു നികുതി നിർണ്ണയം സാദ്ധ്യമാവുകയുള്ളൂ.

ഭേദഗതി ചെയ്ത 203-ാം വകുപ്പ് 7.10.2009 മുതൽ പ്രാബല്യത്തിലാണ്. അതനുസരിച്ച് വാർഷിക വസ്തു നികുതി, രണ്ട് അർദ്ധവാർഷിക ഗഡുക്കളായി അടയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട അർദ്ധവർഷത്തിന്റെ അവസാനദിവസത്തിനകം അടയ്ക്കേണ്ട ഗഡു, അപ്രകാരം അടച്ചിട്ടില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴപ്പലിശ അടയ്ക്കേണ്ടതാണ്. പിഴപ്പലിശ ഒരു ശതമാനമാണ്. ■

(ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്
മൊബൈൽ : 9447454221
ഇ-മെയിൽ: ubkandeth@gmail.com)

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നു

(G.O.(MS)No. 41/11/LSGD dated 14.02.2011) (SRO No. 127/2011)

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ബാധകമായ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നു. ചട്ടങ്ങൾ പ്രകാരം പഞ്ചായത്തുകളെ രണ്ട് കാറ്റഗറികളായി തരംതിരിച്ചിട്ടുണ്ട്. 2007 ന് മുമ്പേ തന്നെ കെട്ടിട നിർമ്മാണ ചട്ടം ബാധകമായിരുന്ന പഞ്ചായത്തുകളാണ് കാറ്റഗറി ഒന്നിൽപെടുക. സംസ്ഥാനത്ത് ആകെ 179 പഞ്ചായത്തുകളാണ് ഈ വിഭാഗത്തിൽ ഉള്ളത്. അവശേഷിക്കുന്ന 799 പഞ്ചായത്തുകൾ കാറ്റഗറി രണ്ടിലാണ്. ഈ പഞ്ചായത്തുകളിൽ ഒരു കുടുംബത്തിന്റെ താമസ ആവശ്യത്തിന് നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിട നിർമ്മാണച്ചട്ടം അനുസരിച്ചുള്ള അനുമതി ആവശ്യമില്ല. 300 m^2 (3229 ചതുരശ്ര അടി) വരെ വിസ്തൃതിയുള്ള ഫ്ളാറ്റുകൾ, ലോഡ്ജുകൾ മുതലായവയ്ക്കും അനുമതി ആവശ്യമില്ല. 150 m^2 (1614 ചതുരശ്ര അടി) വരെ വലിപ്പമുള്ള കച്ചവട സ്ഥാപനങ്ങൾ, ഓഫീസുകൾ, ക്ലിനിക്കുകൾ, പണിശാലകൾ, വർക്ക്ഷോപ്പുകൾ, കോഴി വളർത്തൽ, പരമ്പരാഗത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുള്ള കെട്ടിടങ്ങൾക്കും പ്ലാൻ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതില്ല. എന്നാൽ നിർമ്മാണമാരംഭിക്കുന്നതിന് 10 ദിവസം മുമ്പ് വീട് നിർമ്മിക്കുന്ന വിവരം നിശ്ചിത ഫോറത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്. പഞ്ചായത്തു സെക്രട്ടറിക്ക് അറിയിപ്പു നൽകി പത്തു ദിവസത്തിനു ശേഷം നിർമ്മാണം ആരംഭിക്കാവുന്നതാണ്.

കാറ്റഗറി ഒന്ന് പഞ്ചായത്തുകളുടെ പട്ടിക താഴെ കൊടുക്കുന്നു. (G.O.(MS) No. 64/2011/LSGD, dated 26.02.2011)

തിരുവനന്തപുരം ജില്ല

1. ചിറയിൻകീഴ്
2. കടയ്ക്കാവൂർ
3. വക്കം
4. അതിയന്നൂർ
5. മംഗലപുരം
6. ചെങ്കൽ
7. കാഞ്ഞിരംകുളം
8. കോട്ടുകാൽ
9. കാട്ടാക്കട
10. അരുവിക്കര
11. കരകുളം
12. മലയിൻകീഴ്
13. വെമ്പായം
14. മാണിക്കൽ
15. അണ്ടൂർകോണം
16. ബാലരാമപുരം
17. കല്ലിയൂർ
18. പള്ളിച്ചൽ
19. പോത്തൻകോട്
20. വെങ്ങാനൂർ
21. വിളപ്പിൽ
22. വിളവൂർക്കൽ

കൊല്ലം ജില്ല

1. പത്തനാപുരം
2. കൊട്ടാരക്കര
3. കൊറ്റംകര
4. ഇളംപള്ളൂർ

പത്തനംതിട്ട ജില്ല

1. പന്തളം
2. കോഴഞ്ചേരി
3. മല്ലപ്പള്ളി
4. അയിരൂർ

ആലപ്പുഴ ജില്ല

1. അമ്പലപ്പുഴ നോർത്ത്
2. അമ്പലപ്പുഴ സൗത്ത്

കോട്ടയം ജില്ല

1. ആർപ്പൂക്കര
2. അതിരമ്പുഴ
3. ചിറക്കടവ്
4. ഈരാറ്റുപേട്ട
5. ഏറ്റുമാനൂർ
6. കാഞ്ഞിരപള്ളി
7. മണ്ണാർക്കാട്
8. മാഞ്ഞൂർ
9. പുതുപ്പള്ളി
10. തലയോലപറമ്പ്
11. വിജയപുരം
12. അയ്മനം
13. മുളക്കുളം
14. തിരുവാർപ്പ്
15. തൃക്കൊടിത്താനം
16. വാഴപ്പള്ളി
17. വെള്ളൂർ

ഇടുക്കി ജില്ല

1. മൂന്നാർ
2. കട്ടപ്പന
3. വാഴത്തോപ്പ്
4. മരിയാപുരം

എറണാകുളം ജില്ല

1. ഇളങ്കുന്നപ്പുഴ
2. ഞാറക്കൽ
3. നായരമ്പലം
4. ചെല്ലാനം
5. കുമ്പളങ്ങി
6. പിറവം
7. കുത്താട്ടുകുളം
8. ചൂർണിക്കര
9. ചേരാനല്ലൂർ
10. ഇടത്തല
11. കുമ്പളം
12. വരാപ്പുഴ
13. മുളവുകാട്
14. കടമക്കുടി

തൃശൂർ ജില്ല

1. നടത്തറ
2. പാവറട്ടി
3. കാട്ടാകാമ്പൽ

പാലക്കാട് ജില്ല

1. അകത്തേത്തറ
2. ആലത്തൂർ
3. കൊടുവായൂർ
4. കൊല്ലങ്കോട്
5. ലക്കിടി-പെരൂർ
6. മണ്ണാർക്കാട്
7. പറളി
8. പട്ടാമ്പി
9. പുതുനഗരം
10. വടക്കഞ്ചേരി
11. വടവന്നൂർ
12. തെങ്കര
13. പുതുപരിയാരം

മലപ്പുറം ജില്ല

1. അരിക്കോട്
2. ചെറുകാവ്
3. ചീക്കോട്
4. ചേലേമ്പ്ര
5. ഇടപ്പാൾ
6. കൊണ്ടോട്ടി
7. കുഴിമണ്ണ
8. മുതുവല്ലൂർ
9. നെടിയിരുപ്പ്
10. പെരുവള്ളൂർ
11. പള്ളിക്കൽ
12. പുളിക്കൽ
13. തേഞ്ഞിപ്പലം
14. വാഴക്കാട്
15. വാഴയൂർ

കോഴിക്കോട് ജില്ല

1. അത്തോളി
2. അഴിയൂർ
3. ബാലുശ്ശേരി
4. ചാത്തമംഗലം
5. ചേളന്നൂർ
6. ചേമഞ്ചേരി
7. ചേങ്കോട്ടുകാവ്
8. ചോറോട്
9. ഇടശ്ശേരി
10. ഏറാമല
11. ഫറോക്ക്
12. കക്കോടി
13. കാക്കൂർ
14. കാരശ്ശേരി
15. കടലുണ്ടി
16. കിഴക്കോത്ത്
17. കൊടിയത്തൂർ
18. കൊടുവള്ളി
19. കോട്ടൂർ
20. കുന്ദമംഗലം
21. കുന്നുമ്മൽ
22. കുറുവട്ടൂർ
23. കുറ്റിയാടി
24. മടവൂർ
25. മാവൂർ
26. മേപ്പയൂർ
27. മൂടാടി
28. മുക്കം
29. നടുവണ്ണൂർ
30. നൻമണ്ട
31. നരിക്കുനി
32. ഒളവണ്ണ

33. നാദാപുരം
34. പനങ്ങാട്
35. പയ്യോളി
36. പേരാമ്പ്ര
37. പെരുവയൽ
38. രാമനാട്ടുകര
39. തലക്കുളത്തൂർ
40. താമരശ്ശേരി
41. തിക്കോടി
42. തിരുവള്ളൂർ
43. തിരുവമ്പാടി
44. ഉള്ള്യേരി
45. ഉണ്ണികുളം
46. വില്ല്യാപ്പള്ളി
47. കോടഞ്ചേരി
48. പെരുമണ്ണ
49. കട്ടിപ്പാറ

വയനാട് ജില്ല

1. മാനന്തവാടി
2. പനമരം
3. പുൽപ്പള്ളി
4. പൂതാടി
5. മീനങ്ങാടി
6. സുൽത്താൻ ബത്തേരി
7. വൈത്തിരി
8. മേപ്പാടി
9. മൂപ്പൈനാട്

കണ്ണൂർ ജില്ല

1. അഴിക്കോട്
2. ചിറക്കൽ
3. ന്യൂമാഹി
4. പള്ളിക്കുന്ന്
5. പുഴാതി
6. എളയാവൂർ
7. വളപട്ടണം
8. പാപ്പിനിശ്ശേരി
9. കീഴൂർ - ചാവശ്ശേരി
10. രാമന്തളി
11. ചെറുകുന്ന്
12. കല്യാശ്ശേരി
13. കണ്ണപുരം
14. മാട്ടൂൽ
15. പേരാവൂർ
16. ചൊക്ലി

കാസർഗോഡ് ജില്ല

1. തൃക്കരിപ്പൂർ
2. അജാനൂർ
3. പള്ളിക്കര
4. പുല്ലൂർ-പെരിയ
5. ഉദുമ
6. ചെങ്കള
7. മൊഗ്രാൽ-പുത്തൂർ

കാറ്റഗറി II

കാറ്റഗറി I ൽ പെടാത്ത സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും കാറ്റഗറി IIൽ പെടും. ■

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)

BPL ലിസ്റ്റ്: ആക്ഷേപങ്ങളും പരാതികളും അപേക്ഷകളും– സമയക്രമം നിശ്ചയിച്ചു

സർക്കാർ പ്രസിദ്ധീകരിച്ച ദാരിദ്ര്യരേഖാ ലിസ്റ്റിന്മേൽ അപേക്ഷകൾ/ആക്ഷേപങ്ങൾ/പരാതികൾ എന്നിവ സമർപ്പിക്കുന്നതിനും അത് പരിശോധിക്കുന്നതിനുമുള്ള സമയക്രമം ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിച്ചു.

1.	പ്രസിദ്ധീകരിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടികയിന്മേലുള്ള അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി	2011 മാർച്ച് 15
2.	അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും അദ്ധ്യാപകരെ വിനിയോഗിച്ച് പരിശോധിക്കുന്നതിനുള്ള സമയക്രമം	2011 മെയ് 20 മുതൽ മെയ് 30 വരെ
3.	ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ച അവസരത്തിൽ ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ശേഷം സമർപ്പിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹത സംബന്ധിച്ച് തീർപ്പു കൽപിച്ച് ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുള്ള അവസാന തീയതി	2011 ജൂൺ 30

അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി സമർപ്പിച്ചാൽ മതിയാകും. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ലഭിക്കുന്ന അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും മുമ്പ് ലഭിച്ച അപേക്ഷകളും ആക്ഷേപങ്ങളും പരാതികളും വാർഡ് തിരിച്ച് (പുനഃസംഘടനയ്ക്ക് മുമ്പുള്ള വാർഡ്) തയ്യാറാക്കിവെയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ അപേക്ഷകൾ വാർഡ് തിരിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് 20.03.11 നകം നൽകേണ്ടതാണ്. ജില്ലാതലത്തിൽ ലഭിച്ച/ലഭിക്കുന്ന അപേക്ഷകൾ നഗരപ്രദേശങ്ങളുടെ കാര്യത്തിൽ അതാത് നഗരസഭകൾക്കും ഗ്രാമപ്രദേശങ്ങളുടെ കാര്യത്തിൽ അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്കും അയച്ചുകൊടുക്കേണ്ടതാണ്. (സർക്കുലർ നംപർ 7916/ഡി.ഡി.3/11/തസ്വഭവ, തീയതി 24.2.11)

ഇ.എം.എസ് ഭവനപദ്ധതി – ഗുണഭോക്താക്കൾ സംയുക്തമായി ഭൂമി വാങ്ങുന്നത് സംബന്ധിച്ച്

വീട് നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം ഒന്നിലേറെ ഗുണഭോക്താക്കൾ ചേർന്ന് സംയുക്തമായി വിലയ്ക്ക് വാങ്ങാൻ കഴിയുമോ എന്ന കാര്യത്തിൽ സംശയം ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

(1) ഒന്നിലേറെ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ വേണ്ട സ്ഥലം ഒരു പ്ലോട്ടായി ലഭിക്കുകയാണങ്കിൽ ഗുണഭോക്താക്കൾ ചേർന്ന് സംയുക്തമായി ആ സ്ഥലം വിലയ്ക്ക് വാങ്ങുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കുന്നു.

(2) വ്യക്തികൾ ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങുന്ന അവസരത്തിൽ അനുവദനീയമായ ധനസഹായതുക ഓരോ ഗുണഭോക്താവിനും പ്രത്യേകം കണക്കാക്കിയാൽ എല്ലാ ഗുണഭോക്താക്കൾക്കും കൂടി ലഭിക്കേണ്ട ആകെ തുക: പരമാവധി ആധാരവില ധനസഹായമായി അനുവദിക്കാവുന്നതാണ്.

(3) ഇങ്ങനെ വിലയ്ക്കു വാങ്ങുന്ന സ്ഥലത്ത് ഒറ്റ വീടുകളോ ഭവന സമുച്ചയമോ നിർമ്മിക്കാവുന്നതാണ്.

(4) ഭവന സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടിയാണ് ഭൂമി വിലയ്ക്ക് വാങ്ങുന്നതെങ്കിൽ ഒറ്റ വീടിനുവേണ്ട സ്ഥലം വിലയ്ക്ക് വാങ്ങുന്ന അവസരത്തിൽ 7.11.2009ലെ സ.ഉ.(എം.എസ്)207/2009/തസ്വഭവ നംപർ ഉത്തരവിന്റെ ഖണ്ഡിക 10.8 പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ/കൂടിയ സ്ഥല വിസ്തൃതി ബാധകമല്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ സ്ഥല വിസ്തൃതി ഉണ്ടായിരിക്കണം.

(5) വീട് നിർമ്മാണ ധനസഹായം നൽകുന്നതിനും ഭവന സമുച്ചയ നിർമ്മാണത്തിനും മേൽ ഖണ്ഡികയിൽ പറഞ്ഞ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(സർക്കുലർ നം. 11588/ഡി.ബി.1/2011/തസ്വഭവ, തീയതി: 23.02.2011)

വസ്തു നികുതിചട്ടം പുറപ്പെടുവിച്ചു

1996 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജ്ജും) ചട്ടങ്ങൾ, 1995 ലെ കേരള പഞ്ചായത്ത് രാജ് (സേവനനികുതി) ചട്ടങ്ങൾ എന്നിവ അതിലംഘിച്ചുകൊണ്ട്, കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനും വസ്തുനികുതിയുടെ നിശ്ചിത ശതമാനമായി സേവന ഉപനികുതി ചുമത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഈ ചട്ടങ്ങൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. (സ.ഉ. (അ)നം.20/2011/തസ്വഭവ തീയതി 14.1.2011) (SRO No.37/2011).

മിശ്ര വിവാഹ രജിസ്ട്രേഷൻ– സ്പഷ്ടീകരണം നൽകി

വ്യത്യസ്ത മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിൻ കീഴിലാണ്. അപ്രകാരമുള്ള വിവാഹങ്ങൾ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതമല്ലെന്ന് സർക്കാർ സ്പഷ്ടീകരണം നൽകി. (28.02.2011 ലെ 63882/ആർ.സി.3/2010/തസ്വഭവ നംപർ സർക്കുലർ)

കേരള ലാൻഡ് യൂസ് ബോർഡ് അക്രഡിറ്റഡ് ഏജൻസി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി കേരള ലാൻഡ് യൂസ് ബോർഡിനെ അംഗീകരിച്ച് ഉത്തരവായി.
(സ.ഉ. (സാധാ) നം. 587/11/ തസ്വഭവ, തീയതി 24.02.2011).

വസ്തുനികുതി കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിച്ചു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിന് ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിന്റെയും തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തു. നിരക്കുകൾ പുതിയ നികുതിദായകർക്ക് ഉടനെയും നിലവിലുള്ള നികുതിദായകർക്ക് 2011 ഏപ്രിൽ 1 മുതലും പ്രാബല്യത്തിൽ വരുന്നതാണ്. (സ.ഉ. (അ)നം. 19/2011/തസ്വഭവ, തീയതി 14.1.2011) (S.R.O No. 36/2011)

പട്ടിക

ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപ വിഭാഗങ്ങളുടെയും വിവരണം	ഏറ്റവും കുറഞ്ഞ നിരക്ക് രൂപ	ഏറ്റവും കൂടിയ നിരക്ക് രൂപ
(1)	(2)	(3)	(4)
1.	പാർപ്പിട ആവശ്യത്തിനുള്ളവ	3	8
2.	വാണിജ്യാവശ്യത്തിനുള്ളവ		
	(i) 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	30	60
	(ii)100ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	50	70
	(iii) 200 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	30	60
	(iv) 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ	70	90
	(v) ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ ഫ്യൂവൽ സ്റ്റേഷൻ	30	60
3.	ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ)	30	50
4.	വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ	3	8
5.	ആശുപത്രികൾ	3	8
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാ തീയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ്	20	40
7	വ്യവസായാവശ്യത്തിനുള്ളവ		
	(i) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്ക്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ	10	20
	(ii) ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	40	60
8	റിസോർട്ടുകൾ	80	90
9.	അമ്യൂസ്മെന്റ് പാർക്ക്	20	40
10	മൊബൈൽ ടെലഫോൺ ടവർ	400	500

2009-10 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്ത് 2009-10ലെ സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കി. തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് സംസ്ഥാനത്തെ മികച്ച ബ്ലോക്ക് പഞ്ചായത്തായി. 2009-10ലെ മികച്ച മുനിസിപ്പാലിറ്റിക്കുള്ള അവാർഡ് ഒറ്റപ്പാലവും കരസ്ഥമാക്കി. ആലപ്പുഴയിൽ നടന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വെച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അവാർഡുകൾ വിതരണം ചെയ്തു. അവാർഡ് ലഭിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

2009 – 10ലെ മികച്ച ഗ്രാമപഞ്ചായത്തുകൾ

സംസ്ഥാനത്തെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്ത് – നെടുമ്പന

ജില്ലാതലം

ക്ര.നമ്പർ	ജില്ല	ഒന്നാം സ്ഥാനം	രണ്ടാം സ്ഥാനം
1.	തിരുവനന്തപുരം	കരകുളം	–
2.	കൊല്ലം	തേവലക്കര	പൂതക്കുളം
3.	കോട്ടയം	മുത്തോലി	–
4.	എറണാകുളം	ചോറ്റാനിക്കര	–
5.	തൃശൂർ	അടാട്ട്	കടപ്പുറം
6.	പാലക്കാട്	അകത്തേത്തറ	ശ്രീകൃഷ്ണപുരം
7.	മലപ്പുറം	മാറഞ്ചേരി	മക്കരപ്പറമ്പ്
8.	കണ്ണൂർ	പിണറായി	ചെമ്പിലോട്
9.	കാസർഗോഡ്	ഉദുമ	മടിക്കൈ

മികച്ച ബ്ലോക്ക് പഞ്ചായത്തുകൾ

ഒന്നാം സ്ഥാനം – പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
രണ്ടാം സ്ഥാനം – ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
മൂന്നാം സ്ഥാനം – ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

മികച്ച മുനിസിപ്പാലിറ്റികൾ

ഒന്നാം സ്ഥാനം – ഒറ്റപ്പാലം നഗരസഭ
രണ്ടാം സ്ഥാനം – മലപ്പുറം നഗരസഭ
മൂന്നാം സ്ഥാനം – കാസർഗോഡ് നഗരസഭ

മികച്ച ജില്ലാ പഞ്ചായത്തിനും, മുനിസിപ്പൽ കോർപ്പറേഷനും അർഹത നേടിയ സ്ഥാപനങ്ങൾ ഇല്ല.

സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് സ്വരാജ്ട്രോഫിയും സാക്ഷ്യപത്രവും പ്രത്യേക പദ്ധതി സഹായധനമായി 25 ലക്ഷം രൂപയും ലഭിക്കും. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തു കൾക്ക് സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും പദ്ധതി സഹായധനമായി 10 ലക്ഷം രൂപ വീതവും ലഭിക്കും. രണ്ടാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും ട്രോഫിയും പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപ വീതവും ലഭിക്കും. ഒന്നാം സ്ഥാനം നേടുന്ന മുനിസിപ്പാലിറ്റിക്കും ബ്ലോക്ക് പഞ്ചായത്തിനും ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും രണ്ടാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 15 ലക്ഷം രൂപ വീതവും മൂന്നാം സ്ഥാനം നേടുന്ന സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കും.

പഞ്ചായത്ത് ന്യൂസ് സർവ്വീസ്

2009-10 വർഷത്തെ മികച്ച തദ്ദേശ സ്വരാജ് ട്രോഫി

സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിതരണചടങ്ങിൽ നിന്ന്

അജം 2011

കുടുംബശ്രീ മിഷൻ – നബാർഡ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ നടത്തിയ ആട് പ്രദർശന വിപണനമേള

കെ. വിനോദ്കുമാർ

ആട് – മനുഷ്യൻ ആദ്യമായി ഇണക്കി വളർത്തിയ മൃഗം. പുരാതന കാലത്ത് കൃഷി ആരംഭിച്ചു തുടങ്ങിയവരാകണം ആദ്യമായി ആടുകളെ വളർത്തിയത്. മധ്യപൂർവ്വ പ്രദേശങ്ങൾ മുതൽ അയർലണ്ടിന്റെ പല ഭാഗങ്ങൾ വരെയുള്ള സ്ഥലങ്ങളിൽ നിന്ന് കണ്ടെടുത്തിട്ടുള്ള പുരാതന മനുഷ്യാവശിഷ്ടങ്ങൾക്കൊപ്പം ആടിന്റെ അസ്ഥികളും കിട്ടിയിട്ടുണ്ട്. മതങ്ങളുടെ ചരിത്രവും മനുഷ്യനും ആടും തമ്മിലുള്ള ബന്ധത്തെ വിശദമാക്കുന്നു. എല്ലാ മതാചാരങ്ങളിലും മുൻഗണന നൽകപ്പെടുന്ന ബലി മൃഗമാണ് ആട്. ഇതെല്ലാം ആടും മനുഷ്യനും തമ്മിൽ പുരാതനകാലം മുതൽ ഉള്ള ബന്ധത്തെ വ്യക്തമാക്കുന്നു.

ആടിനോട് മലയാളിക്ക് പ്രത്യേകമായൊരു ആത്മബന്ധമുണ്ട്. മലബാർ മേഖലയിൽ പ്രത്യേകിച്ചും കണ്ണൂരിന്റെ കിഴക്കൻ മലയോര പ്രദേശത്ത് എല്ലാ വീടുകളിലും ആടിനെ വളർത്തിയിരുന്നു. കണ്ണൂരുകാർക്ക് ആടുമായുള്ള ആത്മബന്ധത്തിന്റെ ശക്തിയിലാണ് കുടുംബശ്രീയുടെ ആടുഗ്രാമം പദ്ധതി വിജയിച്ചത്. പാലിനും മാംസത്തിനും വേണ്ടിയാണ് ആടിനെ വളർത്തുന്നത്. പൊതുവേ രോഗങ്ങൾ കുറഞ്ഞ മൃഗമാണ് ആട്. കാലാവസ്ഥാ വ്യതിയാനം ഏറെയൊന്നും ബാധിക്കാത്ത മൃഗമാണിത്. നമ്മുടെ തെങ്ങുപോലെ ആടിന്റെ എല്ലാ അവയവങ്ങളും നമുക്ക് ഉപകാരപ്രദമാണ്. ആടിന്റെ രോമം കൊണ്ടുള്ള കമ്പിളി, മാംസം, പാൽ, തുകൽ ഇവക്കെല്ലാം ആവശ്യക്കാർ ഏറെയുണ്ട്. ആടിന്റെ ചെറുകുടൽ ശസ്ത്രക്രിയകളിൽ തുന്നലുകൾക്കും, തന്തുവാദ്യത്തിലെ തന്തുകൾക്കും ആവശ്യമായ ക്യാറ്റ്ഗട്ട് നിർമ്മാണത്തിനും ഉപയോഗിക്കുന്നു. ആട്ടിൻമൂത്രം, ആട്ടിൻകാഷ്ഠം എന്നിവ വളമായും ഉപയോഗിക്കുന്നു.

ചുണ്ടുകൾക്ക് വളരെയധികം ചലനക്ഷമതയുള്ളതിനാൽ തറയിൽ പറ്റിചേർന്നു കിടക്കുന്ന ഇലകളും പച്ചപുല്ലുകളും തിന്നാൻ ആടിന് കഴിയുന്നു. ശീലമായാൽ എന്തും തിന്നുന്ന സ്വഭാവമുള്ള ആട് കർഷകരുടെ പ്രധാന വരുമാനമാർഗ്ഗമായി മാറുകയാണിവിടെ. ഇവിടെ വളർത്തുന്ന പ്രധാന ഇനം മലബാറി ആടുകളാണ്. ഇതിനെ തലശ്ശേരി ആടുകൾ എന്നും പറയുന്നു. അറേബ്യൻ കച്ചവടക്കാർക്കൊപ്പം കേരളത്തിൽ വന്ന ആടുകളുടെയും കേരളത്തിലുണ്ടായിരുന്ന ആടുകളുടെയും സങ്കരവർഗ്ഗമാണ് മലബാറി.

ഇത്തരത്തിൽ വളരെയധികം പ്രത്യേകതയുള്ള ആടുകളുടെ പ്രോത്സാഹനത്തിനായി കുടുംബശ്രീ, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ആടുഗ്രാമം. മലബാറി ആടുകളുടെ വംശവർദ്ധനവിനും സ്ത്രീകൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്ന ലളിതമായ തൊഴിൽ സംരംഭം എന്ന നിലയിലുമാണ് കുടുംബശ്രീ ആടുഗ്രാമം പദ്ധതി കണ്ണൂരിൽ നടപ്പിലാക്കിയത്. കണ്ണൂർ ജില്ലയിലെ 38 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. അഞ്ച് കുടുംബശ്രീ അംഗങ്ങളടങ്ങിയ ഗ്രൂപ്പുകൾക്കാണ് ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുക. ഒരു ഗ്രൂപ്പിൽ 20 ആടുകൾ ഉണ്ടാകും. 75,000 രൂപ ഒരു

ഗ്രൂപ്പിന് ചിലവ് വരുമ്പോൾ 37,500 രൂപ സബ്സിഡി ഇനത്തിലും ബാക്കി ബാങ്ക് ലോണായും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതുവരെയായി 700 ഗ്രൂപ്പുകളെ പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി 40 ലക്ഷം രൂപ ബാങ്ക് ലോണും ലഭ്യമാക്കി. കർഷകർക്കായി സമഗ്രമായ പരിശീലന പരിപാടിയും നടപ്പിലാക്കി. കുടുംബശ്രീക്ക് പുറമേ നബാർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണവകുപ്പും ഈ പദ്ധതിക്ക് ധനസഹായങ്ങൾ നൽകുന്നു. ദാരിദ്ര്യലഘൂകരണരംഗത്ത് ശ്രദ്ധേയമായ ഒരു പ്രവർത്തനമായി ആടുഗ്രാമം പദ്ധതി മാറി. എന്നാൽ ഈ രംഗത്ത് കർഷകർ വളരെയധികം ചൂഷണം ചെയ്യപ്പെടുന്ന മേഖലയായി ആടുകളുടെ വിപണനം മാറി. ഇതു പരിഹരിക്കാനുള്ള ഇടപെടലിന്റെ ഭാഗമായാണ് അജം 2011 എന്ന പരിപാടി നടത്തിയത്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നാളിതുവരെയായി പല ഉൽപ്പന്ന പ്രദർശനമേളകളും സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ കുടുംബശ്രീ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ആട് പ്രദർശന വിപണനമേള അജം 2011 എന്ന പരിപാടി നടത്തിയത്. കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ ചരിത്രത്തിൽ തന്നെ അപൂർവ്വമായേ ഇത്തരമൊരു സമഗ്രപരിപാടി നടന്നിട്ടുള്ളു. ആടുകളുടെ പ്രദർശനം, വിൽപ്പന, ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ക്വിസ്സ് മത്സരം, ആടുകളുടെ ഫോട്ടോ പ്രദർശനം, ആടും വീടും ചിത്രരചനാ മത്സരം, ആടുവളർത്തൽ സെമിനാർ എന്നിവ ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. ഫെബ്രുവരി 5, 6, 7 തീയതികളിലായി പേരാവൂരിൽ വച്ച് നടന്ന ഈ പരിപാടിയിൽ 25 പഞ്ചായത്തുകളിൽ നിന്നായി 229 ആടുകളെ വില്പനയ്ക്കും 70 ആടുകളെ പ്രദർശനത്തിനുമായി എത്തിച്ചു. ഇതിൽ വില്പനയ്ക്കായി എത്തിയതിൽ 189 ആടുകളെ വില്പന നടത്തിയ വകയിൽ 5,79,185 രൂപ കർഷകർക്ക് ലഭിക്കുകയുണ്ടായി.

കേരളത്തിലെ കുടുംബശ്രീ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ആട് പ്രദർശന വിപണനമേള – അജം 2011 എന്ന പരിപാടി നടത്തിയത്. കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ ചരിത്രത്തിൽ തന്നെ അപൂർവ്വമായേ ഇത്തരമൊരു സമഗ്രപരിപാടി നടന്നിട്ടുള്ളു.

ഒന്നാം ദിവസം കണ്ണൂർ ജില്ലയിലെ 2000 കുടുംബശ്രീ പ്രവർത്തകർ അണിനിരന്ന ഘോഷയാത്രയോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി. കൃഷ്ണൻ മേള ഉൽഘാടനം ചെയ്തു. തുടർന്ന് കുടുംബശ്രീ പ്രവർത്തകർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ. സമാന്തരമായി ആടുകളുടെ ഫോട്ടോ പ്രദർശനവും ആടുകളുടെ പ്രദർശനവും വില്പനയും. ഒന്നാം ദിവസംതന്നെ ഒന്നരലക്ഷം രൂപയുടെ ആടുകളുടെ വില്പന നടന്നു. രണ്ടാം ദിവസം ആടുവളർത്തലിനെക്കുറിച്ച് നടന്ന സെമിനാറിന് ഡോ. പി.വി. മോഹനൻ നേതൃത്വം നൽകി. ആടുകർഷകർ പങ്കെടുത്തു. സമാന്തരമായി കുടുംബശ്രീ ബാലസഭാംഗങ്ങൾക്ക് ആടും വീടും എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രരചനാമത്സരം സംഘടിപ്പിച്ചു. വൈകുന്നേരം കുടുംബശ്രീ പ്രവർത്തകരുടെ കലാപരിപാടി നടന്നു. മൂന്നാം ദിവസം വനിത ആടുകർഷകർക്കായി ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. കോളയാട് നിന്ന് രമണി നരേന്ദ്രൻ, പ്രമീള സുരേന്ദ്രൻ, സുഹറ അസീസ് എന്നിവർ യഥാക്രമം ഒന്നു രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ജില്ലയിലെ മികച്ച ആടുകർഷകരായി കോളയാട് ഗ്രാമപഞ്ചായത്തിലെ അഞ്ജലി ഗ്രൂപ്പംഗമായ മഹിജയെ തിരഞ്ഞെടുത്തു. മികച്ച ആൺ ആട് ഉടമയായി കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ ജാൻസിയെയും മികച്ച പെൺ ആട് ഉടമയായി പേരാവൂർ ഗ്രാമപഞ്ചായത്തിലെ ലത ഹരിദാസിനെയും തിരഞ്ഞെടുത്തു.

ആടുകർഷകർ അനുഭവിക്കുന്ന ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കാനും കർഷകർക്ക് ആവശ്യക്കാർക്ക് നേരിട്ട് വിൽക്കാനും ഈ മേള സഹായകരമായി. എല്ലാ ആടുകളെയും മൊത്തമായി തൂക്കിയിട്ടാണ് വില നിശ്ചയിച്ചത്. ഒരു കിലോഗ്രാമിന് 170 രൂപ. ഈ പരിപാടിയുടെ ഭാഗമായി വീട്ടമ്മമാർക്ക്, അവരാണല്ലോ യഥാർത്ഥ കർഷകർ, ആടിന്റെ യഥാർത്ഥ വില മനസ്സിലാക്കാൻ കഴിഞ്ഞു. നാട്ടിൽ വച്ച് 3,000/- രൂപ വരെ വില ലഭിക്കുമായിരുന്ന ആടിന് 5,000/- ത്തിനു മേൽ വില ലഭിച്ചതിന്റെ അനുഭവമാണ് മിക്കവർക്കും പറയാനുണ്ടായിരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കർഷകർക്ക് ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനായുള്ള ചന്തകൾക്ക് നമ്മുടെ നാട്ടിലും വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് അജം 2011 സമാപിച്ചത്. ■

ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 16

റോയ് ചാക്കോ ഇളമണ്ണൂർ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാഹനങ്ങളുള്ള ഡൽഹി നഗരത്തിലൂടെയുള്ള യാത്ര മെട്രോ ട്രെയിനുകൾ വരുന്നതുവരെ ദുരിതപൂർണ്ണമായിരുന്നു. റോഡിലൂടെ ഇഴഞ്ഞിഴഞ്ഞുപോകേണ്ട അവസ്ഥ. വാഹനത്തിന്റെ വലതുവശത്തും ഇടതുവശത്തും മൂന്നാലു മറ്റു വാഹനങ്ങൾ. മുന്നിലും പിന്നിലും കിലോമീറ്ററുകളോളം റോഡുനിറയെ വാഹനങ്ങൾ. ഓരോ കിലോമീറ്റർ പിന്നിടുമ്പോഴും വളരെ വീതിയുള്ള, പ്രധാന അഞ്ചും ആറും റോഡുകൾ സംഗമിക്കുന്ന ട്രാഫിക് ജംഗ്ഷനുകൾ. അവിടെല്ലാം 5 മിനിറ്റ് നേരമെങ്കിലുമുള്ള കാത്തുകിടപ്പ്. ഏസി വാഹനമില്ലെങ്കിൽ പെട്രോളിന്റെയും ഡീസലിന്റെയും രൂക്ഷമായ ഗന്ധം അനുഭവിച്ചുകൊണ്ടുള്ള യാത്ര. ഒരുകോടി മുപ്പതുലക്ഷം ജനങ്ങളും 59 ലക്ഷം വാഹനങ്ങളും കൂടി ഡൽഹി നഗരത്തിലെ റോഡുകളെ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ പൂരപ്പറമ്പുപോലെ ആക്കിക്കൊണ്ടിരുന്ന അവസ്ഥയ്ക്ക് വലിയൊരു മാറ്റമാണ് മെട്രോ ട്രെയിനിന്റെ വരവ് സമ്മാനിച്ചത്. ഓരോ വർഷവും നഗരത്തിലെ ജനസംഖ്യയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിനാൽ റോഡുകളിലെ വാഹനങ്ങളുടെ തിരക്കും അത്രകണ്ട് കുറഞ്ഞിട്ടുമില്ല. എന്നിരുന്നാലും രണ്ട് മണിക്കൂറിലേറെ സമയം ബസിൽ സഞ്ചരിച്ച് എത്താവുന്ന ദൂരം അരമണിക്കൂറിനുള്ളിൽ മെട്രോ ട്രെയിനിൽ എത്തിച്ചേരാം എന്നതിനാൽ നല്ലൊരു വിഭാഗം ജനങ്ങളും ഇപ്പോൾ അവരുടെ കാർ വീട്ടിലിട്ടിട്ട് മെട്രോ ട്രെയിനുകളിൽ സുഖകരമായ എ.സി. യാത്ര ചെയ്യുകയാണ് പതിവ്. നിത്യേന മണിക്കൂറുകളോളം ബസിൽ യാത്ര ചെയ്ത് ബുദ്ധിമുട്ടനുഭവിച്ചവർ ഇപ്പോൾ മെട്രോ ട്രെയിനിനെ സന്തോഷത്തോടെ ആശ്രയിക്കുന്നു.

1998 ഒക്ടോബർ 1 നാണ് ഡൽഹി മെട്രോ റെയിൽ പാതയുടെ നിർമ്മാണം ആരംഭിച്ചത്. കൊങ്കൺ റെയിൽപാതയുടെ നിർമ്മാണത്തിന് നേതൃത്വം വഹിച്ചതിലൂടെ ഇന്ത്യയിൽ പ്രശസ്തനായിത്തീർന്ന കഠിനാദ്ധ്വാനി മലയാളിയായ ഇ.ശ്രീധരൻ ആയിരുന്നു ഡൽഹി മെട്രോയുടെയും അമരക്കാരൻ. 82 കിലോമീറ്ററോളം തുരങ്കവും 147 വലിയപാലങ്ങളും 1600 ചെറിയ പാലങ്ങളും ഉള്ള, റെയിൽവേയുടെ ഏറ്റവും പ്രധാനപ്പെട്ടതും വിപുലവുമായ, കൊങ്കൺ പാത എന്ന അഭിമാനകരമായ പദ്ധതി പറഞ്ഞതിലും മൂന്നുവർഷം മുമ്പേ പൂർത്തിയാക്കി ജനശ്രദ്ധ ആകർഷിച്ച പട്ടാമ്പി സ്വദേശി ശ്രീധരൻ എന്ന എഞ്ചിനീയർ തന്നെയാണ് ഡൽഹി മെട്രോയുടെയും വിജയത്തിനു പിന്നിലെ പ്രധാന ചാലകശക്തി. 1998 ജനുവരിയിലാണ് കൊങ്കൺപാത ഗതാഗതത്തിനായി തുറന്നത്. 1995 ലാണ് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ രൂപീകൃതമായത്. 2 വർഷത്തിനുള്ളിൽ ശ്രീധരൻ അതിന്റെ അമരക്കാരനായി. ആദ്യഘട്ടം അദ്ദേഹം 7 വർഷം കൊണ്ട് പൂർത്തിയാക്കി. 2002 ഡിസംബർ 25നാണ് കിഴക്കൻ ഡൽഹിയിലെ 'സാഹ്ദ്ര' മുതൽ 'തീസ്ഹസാരി' വരെയുള്ള ആദ്യറൂട്ടിൽ ട്രെയിനുകൾ ഓടിത്തുടങ്ങിയത്. നഗരത്തിന് മുകളിലൂടെ ട്രെയിൻ ഓടാനായി കൂറ്റൻ തൂണുകൾ നിർമ്മിക്കുക, നഗരത്തിനടിയിലൂടെ പാളം ഇടാനായി വൻ തുരങ്കങ്ങൾ നിർമ്മിക്കുക എന്നീ സങ്കീർണ്ണമായ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ഡൽഹി മെട്രോ ദ്രുതഗതിയിലാണ് നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ 65 കിലോമീറ്ററാണ് പൂർത്തിയായത്. നിലവിൽ

ഡൽഹിയുടെ പ്രധാനഭാഗങ്ങളിലൂടെയെല്ലാം മെട്രോ ട്രെയിൻ സർവ്വീസ് നടത്തുന്നു.

ഓരോ 5 മിനിറ്റുതോറും ട്രെയിനുകളെത്തുന്നു എന്നതാണ് മെട്രോ സ്റ്റേഷനുകളുടെ പ്രത്യേകത. രാവിലെ 6 മണി മുതൽ രാത്രി 11 വരെ എല്ലാ റൂട്ടുകളിലേക്കും സർവ്വീസുണ്ട്. ഏറ്റവും കുറഞ്ഞത് 8 രൂപയാണ് ടിക്കറ്റ്. ഏറ്റവും കൂടിയ നിരക്ക് 30 രൂപയും. സ്മാർട്ട് കാർഡ് എടുത്താൽ അതുപയോഗിച്ച് ഒരു വർഷം വരെ യാത്ര ചെയ്യാം. 50 രൂപ മുതൽ 800 രൂപ വരെയുള്ള സ്മാർട്ട് കാർഡ് ലഭിക്കും. സ്മാർട്ട് കാർഡിന് ഒരു വർഷം കാലാവധി ഉണ്ടെങ്കിലും യാത്ര ചെയ്യുന്നതനുസരിച്ച് ക്രെഡിറ്റിലുള്ള തുക കുറഞ്ഞുവരും. ഓരോ യാത്രയ്ക്കും സ്മാർട്ട് കാർഡ് മെഷീനിൽ ഇട്ട് ടിക്കറ്റ് നിരക്ക് ക്രെഡിറ്റിൽ നിന്ന് കുറവ് ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിലെ സീസൺടിക്കറ്റ് പോലെയുള്ള ഒരേർപ്പാട്. സീസൺ ടിക്കറ്റാകുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും എത്രവേണമെങ്കിലും യാത്ര ചെയ്യാം എന്നൊരു സൗകര്യമുണ്ട്. എന്നാൽ സ്മാർട്ട് കാർഡ് ഉപയോഗിച്ച് ഓരോ യാത്ര ചെയ്യുമ്പോഴും ബാക്കിയുള്ള തുക കുറഞ്ഞുവരും. ടിക്കറ്റെടുക്കാനായി ക്യൂ നില്ക്കേണ്ട എന്നതിനാൽ സ്ഥിരമായി പോകുന്നവർക്ക് സ്മാർട്ട് കാർഡ് സഹായകമാണ്.

തിരക്കേറിയ റോഡിലൂടെ ബസിൽ ഒരു മണിക്കൂർ യാത്ര ചെയ്ത് എത്തുന്ന സ്ഥലത്ത് മെട്രോ ട്രെയിനിലെത്താൻ 20 മിനിറ്റ് മതി. മിക്കവാറും ട്രെയിനുകൾക്ക് ശരാശരി 4 കംപാർട്ട്മെന്റുകളാണ് തുടക്കത്തിലുണ്ടായിരുന്നത്. 2010 ലെ ഗാന്ധിജയന്തി ദിനം മുതൽ ഏറ്റവും മുന്നിലത്തെ കംപാർട്ട്മെന്റ് സ്ത്രീകൾക്കായി സംവരണം ചെയ്തു. 12 വയസ് വരെയുള്ള ആൺകുട്ടികൾക്കും അതിൽ കയറാം. വളരെ കൃത്യമായി ഒരു മിനിറ്റ് പോലും തെറ്റാതെ ട്രെയിനുകൾ നിശ്ശബ്ദമായി സ്റ്റേഷനുകളിലെത്തുന്നതിനാൽ ഒരിടത്തും കാത്തു നിൽപിന്റെ മുഷിവ് ഉണ്ടാകുകയില്ല. ടിക്കറ്റായി ലഭിക്കുന്ന ചിപ്പുള്ള ടോക്കൺ പ്ലാറ്റ്ഫോമിലേക്കുള്ള കവാടത്തിൽ സ്പർശിച്ചാൽ പ്രവേശന കവാടം തനിയെ തുറക്കും. ട്രെയിനുകളിൽ ബാത്ത്റൂമും കക്കൂസുമൊന്നുമില്ല. അതിനാൽ ട്രാക്കുകളെല്ലാം വീടുകളിലെ മുറികൾ പോലെ വൃത്തിയായി കിടക്കുന്നു. എ.സി. കംപാർട്ട്മെന്റുകളായതിനാൽ ട്രാക്കുകളിലേക്ക് പേപ്പർ പോലുമെറിഞ്ഞ് വൃത്തികേടാകാനുള്ള സാഹചര്യമില്ല. ഓടിക്കൊണ്ടിരിക്കുമ്പോൾ വാതിൽ തുറക്കാൻ സാധിക്കില്ല. വാതിലുകൾ തുറക്കുന്നതും അടയുന്നതും ഇലക്ട്രോണിക് സാങ്കേതികവിദ്യ മുഖേനയാണ്. ഇത് ലോക്കോ പൈലറ്റായിരിക്കാം ചെയ്യുന്നത്. ട്രെയിനിനുള്ളിൽ ആഹാരസാധനങ്ങളോ വെള്ളമോ ഒന്നും കൊണ്ടുപോകാനാവില്ല എന്നതിനാൽ കംപാർട്ട്മെന്റുകൾ എപ്പോഴും വൃത്തിയായിരിക്കും. ആഹാരസാധനവും വെള്ളവുമൊക്കെ അഥവാ കൈയിലുണ്ടെങ്കിൽ അത് ട്രെയിനിനുള്ളിൽ വച്ച് പുറത്തെടുക്കുന്നത് നിയമവിരുദ്ധമാണ്. നിമിഷനേരം കൊണ്ട് എത്തേണ്ടിടത്ത് എത്തുന്നതിനാൽ യാത്രക്കാർക്ക് ഇതിന്റെയൊന്നും ആവശ്യവും വരുന്നില്ല.

പ്ലാറ്റ്ഫോമുകളിലും ടോയ്ലെറ്റ് സൗകര്യമില്ല. എന്നാൽ ടിക്കറ്റ് കൗണ്ടറുകൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ അതിനുള്ള സൗകര്യമുണ്ട്. നഗരത്തിൽ ട്രാക്കിന്റെ ഭൂരിഭാഗവും ഓവർബ്രിഡ്ജുകളിലൂടെയായതിനാൽ ടിക്കറ്റ് കൗണ്ടറുകൾ താഴത്തെ നിലയിലും പ്ലാറ്റ്ഫോമുകൾനിലയിലുമാണ്. എല്ലാ സ്റ്റേഷനിലും എസ്കലേറ്റർ സൗകര്യമുണ്ട്. നിലവിലുണ്ടായിരുന്ന 4 ബോഗികളുടെ എണ്ണം 2010 ഡിസംബർ 23 മുതൽ 6 ആയി വർദ്ധിപ്പിക്കുന്നതിന് തുടക്കമിട്ടു. ഒരു സ്റ്റേഷനിൽ അരമിനിറ്റ് നേരമാണ് ട്രെയിനുകൾ നിൽക്കുക. എല്ലാ സ്റ്റേഷനുകളിലും CC TV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസിനെ കൂടാതെ മെട്രോയുടെ സെക്യൂരിറ്റിഗാർഡുകളും സ്റ്റേഷനുകളിലുണ്ടാകും. യൂണിഫോമില്ലാതെ ഗാർഡുകൾ ട്രെയിനിലുമുണ്ടാകും. ഒരു ദിവസം 16 ലക്ഷം യാത്രക്കാരാണ് മെട്രോ ട്രെയിനുകളിൽ ഡൽഹിയിൽ യാത്ര ചെയ്യുന്നത്. കംപാർട്ട്മെന്റുകളുടെ എണ്ണം 6 ആകുന്നതോടെ ഒരു ദിവസം 25 ലക്ഷം യാത്രക്കാർക്ക് ഡൽഹി മെട്രോ സഹായമാകും. ഒരു കോച്ചിൽ 300 പേർക്കാണ് യാത്ര ചെയ്യാൻ സാധിക്കുക. അതായത് 4 കോച്ചുള്ള ട്രെയിനിൽ 1200 യാത്രക്കാരെ ഉൾകൊള്ളാം. 2011 അവസാനം 208 ട്രെയിനുകളാവും മെട്രോയിൽ സർവ്വീസ് നടത്തുക. ഒരു ബോഗിക്ക് ഏകദേശം 7 കോടി രൂപ വിലയുണ്ട്.

മെട്രോ സ്റ്റേഷനുകളിൽ വന്നിറങ്ങുന്ന യാത്രക്കാർക്ക് അവിടെ നിന്നും ബസ് സർവീസ് ഇല്ലാത്ത ഇടങ്ങളിലേക്ക് പോകാനായി ചെറിയ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിനെ മെട്രോ ഫീഡർബസ് എന്നാണറിയപ്പെടുന്നത്. ഉദാഹരണമായി മയൂർവിഹാർ ഫേസ് – I ലുള്ള മെട്രോ സ്റ്റേഷനിൽ നിന്ന് മയൂർവിഹാർ ഫേസ് – III ലേക്ക് ഡൽഹി ട്രാൻസ്പോർട്ട് കോർപറേഷന്റെ (DTC) ബസ് സർവീസ് ഇല്ല. 9 കിലോമീറ്ററാണ് ദൂരം. എന്നാൽ ഫേസ് I ൽ നിന്ന് ഫേസ് III ലേക്ക് ചെറിയ ബസ് സർവീസ് ഉണ്ട്. 5 രൂപ, 10 രൂപ ടിക്കറ്റുകളാണ് കുട്ടി ബസുകളിൽ. ഡൽഹി മെട്രോയുടെ നല്ലൊരു ഭാഗം നഗരത്തിനു മുകളിലൂടെയാണ് കടന്നുപോകുന്നതെങ്കിലും തറയിലൂടെ കടന്നുപോകുന്ന പാളത്തിന്റെ നിർമാണത്തിനായി മുപ്പതിനായിരം മരങ്ങൾ വെട്ടിമുറിക്കേണ്ടി വന്ന ദുഃഖസത്യം കൂടിയുണ്ട്. മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിൽ, അവയെ പരിപാലിക്കുന്നതിൽ ഇന്ത്യയിൽ പേരെടുത്തിട്ടുള്ള ഈ നഗരത്തിന് താങ്ങാവുന്നതായിരുന്നില്ല മുപ്പതിനായിരം മരങ്ങളുടെ കൂട്ടായ മരണം. എന്നാൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഇതിനുപകരമായി മൂന്ന ലക്ഷത്തിൽപരം മരങ്ങൾ വെച്ചുപിടിപ്പിച്ച് വളർത്താൻ ചെലവുവരുന്ന തുക ഡൽഹി ഗവൺമെന്റിന്റെ ഫോറസ്റ്റ് വകുപ്പിന് നൽകി മാതൃക കാണിച്ചു.

ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ 186 കിലോമീറ്റർ ദൂരത്തിലാണ് ഇപ്പോൾ പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. കൂറ്റൻ പാലങ്ങളിലാണ് ഇവ നിർമ്മിക്കുന്നത് എന്നതിനാൽ നിർമ്മാണത്തുകയിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടാകുന്നത്. 70 കിലോമീറ്റർ ദൂരം കൂടി പാത നിർമ്മിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. ■

(തുടരും...)

ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്

വാർത്തകളും വിശേഷങ്ങളും

ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി – തറ വിസ്തൃതിയുടെ കൂടിയ പരിധി പുതുക്കി

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ് ഭവനപദ്ധതി, ഐ.ഐ.വൈ ഭവന പദ്ധതി, എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി മുതലായ ഭവന പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണത്തിന്റെ അനുവദനീയമായ കൂടിയ പരിധി 60 ചതുരശ്ര മീറ്ററായി നിശ്ചയിച്ച് സർക്കാർ ഉത്തരവായി. (സ.ഉ.(സാധാ)നം. 419/ 2011/തസ്വഭവ. തീയതി 09-02-2011)

'ആശ'വർക്കർമാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി തുടരാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ അല്ലെങ്കിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ നിയന്ത്രിക്കുന്ന ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാനസർക്കാരിനോ കേന്ദ്രസർക്കാരിനോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ അൻപത്തിഒന്ന് ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലേയോ സംസ്ഥാനത്തെ ഏതെങ്കിലും നിയമാധിഷ്ഠിത ബോർഡിലേയോ ഏതെങ്കിലും സർവകലാശാലയിലേയോ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഉള്ള അയോഗ്യത കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പിലും പ്രതിപാദിക്കുന്നു. ഈ വകുപ്പുകളുടെ ആവശ്യത്തിലേക്കായി പാർട്ട്ടൈം ജീവനക്കാരും ഓണറേറിയും കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ് എന്ന വിശദീകരണം ഉൾപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ആക്ടിലെ 30-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 86-ാം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതികളുടെ വെളിച്ചത്തിൽ ഓണറേറിയം കൈപ്പറ്റുന്നവർ എന്ന നിലയിൽ അംഗൻവാടി ജീവനക്കാരും സാക്ഷരതാ മിഷൻ പ്രേരക്മാരും മറ്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അംഗങ്ങളായി തുടരുന്നതിനും അയോഗ്യരാണ് എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ ആരോഗ്യമിഷനു കീഴിൽ സന്നദ്ധ പ്രവർത്തനം (Honorary Work) നടത്തുന്ന 'ആശ' (Accredited Social Health Activists) വർക്കർമാർ സർക്കാരിൽ നിന്ന് ഓണറേറിയമോ വേതനമോ കൈപ്പറ്റുന്നില്ല. മാത്രമല്ല, അവർ പാർട്ട്-ടൈം ജീവനക്കാരുമല്ല. ദേശീയ ഗ്രാമീണ ആരോഗ്യ മിഷനു വേണ്ടിയുള്ള സന്നദ്ധ പ്രവർത്തനത്തിനുള്ള ഇൻസെന്റീവ് മാത്രമാണ് 'ആശ' (ASHA) വർക്കർമാർ കൈപ്പറ്റുന്നത്. 'ആശ' വർക്കർമാരെ കേരള പഞ്ചായത്ത് രാജ് ആക്ട് 30-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 86-ാം വകുപ്പ് പ്രകാരമുള്ള ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല എന്നതിനാൽ അവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ അംഗങ്ങളായി തുടരുന്നതിനോ നിയമപരമായി അയോഗ്യത ഇല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു. (സർക്കുലർ നം. 12336/ഇഎം2/11/തസ്വഭവ, തീയതി: 01/03/2011)

കടബാദ്ധ്യത എഴുതിത്തള്ളി

1970 കളുടെ അവസാനവും 1980 കളുടെ ആദ്യവുമായി വികസന ബ്ലോക്കുകൾ വഴി ദുർബല വിഭാഗക്കാർക്കായി നടപ്പിലാക്കിയ ഭവനപദ്ധതികളായ വില്ലേജ് ഹൗസിംഗ് പ്രോജക്ട് (വി.എച്ച്.പി), റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം (ആർ.ഡബ്ല്യൂ.എച്ച്.എസ്) എന്നീ സ്കീമുകൾ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും മുതൽ, പലിശ, പിഴപ്പലിശ ഇനത്തിൽ സർക്കാരിന് തിരികെ ലഭിക്കുവാനുള്ള യഥാക്രമം 2,21,63906/-, 12,69,17792/- എന്നീ തുകകൾ എഴുതിതള്ളുന്നതിനും പണയാധാരങ്ങൾ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനും അനുമതി നൽകി ഉത്തരവായി. വികസന ബ്ലോക്കുവഴി വായ്പ ലഭ്യമാക്കിയ ദുർബല വിഭാഗത്തിൽപ്പെടുന്ന അർഹരായ ഗുണഭോക്താക്കളുടെ വായ്പാ കുടിശിക എഴുതിതള്ളി അവരുടെ പണയാധാരങ്ങൾ തിരികെ നൽകുമ്പോൾ ബന്ധപ്പെട്ട സ്ഥാപനം ഓരോ ഗുണഭോക്താവിന്റെയും പേരിൽ എഴുതി തള്ളിയ തുകയുടെ വിശദമായ കണക്ക് ഗുണഭോക്താക്കളുടെ മേൽവിലാസം സഹിതം ഗ്രാമവികസനകമ്മീഷണർക്ക് മൂന്നുമാസത്തിനകം ലഭ്യമാക്കേണ്ടതും ഗ്രാമ വികസന കമ്മീഷണർ തുടർന്നുള്ള ഒരു മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. (സ.ഉ. (എം.എസ്) നം. 67/2011 തസ്വഭവ, തീയതി 28.02.2011)

അധികജോലി ചെയ്തവർക്ക് മാനവേതനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന പൊതുതിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട് അധിക ജോലികൾ നിർവഹിച്ച സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാനവേതനം (Honorarium) അനുവദിച്ച് ഉത്തരവായി. (സ.ഉ. (സാധാ) നം. 630/11/തസ്വഭവ, തീയതി 26.02.2011)

മുൻഭവന പ്രോജക്ടുകളിലെ നിർമ്മാണം പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം

തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളും മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവന പ്രോജക്ടുകളിലെ നിർമ്മാണം പൂർത്തിയാക്കാത്തതും വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിക്കുവാൻ അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. (സ.ഉ. (സാധാ) നം. 497/2011/ തസ്വഭവ തീയതി 17.02.2011). പതിനൊന്നാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിന് മുൻപ്, അതായത് 01.04.2007 ന് മുൻപ് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെട്ടതിൽ നിർമ്മാണം പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണമാണ് ഈ പരിപാടിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഈ കാലയളവ് തദ്ദേശഭരണ സ്ഥാപനത്തിലെ രേഖകളുടെയോ ധനസഹായം നൽകിയ വകുപ്പിൽ/സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെയോ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതാണ്. (സർക്കുലർ നം. 13598/ഡി.ബി.1/2011 തസ്വഭവ, തീയതി 01.03.2011)

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

Reg. No. KL/TV(N) 391/2009-11 **PANCHAYATRAJ** (Monthly) March 2011 Annual Subscription ₹120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month